V. റിപ്പോർട്ട് സമർപ്പണം

ശ്രീമതി ആർ. ലതാദേവി : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

ശ്രീ. സി.പി. ബാലൻ വൈദ്യർ : പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയവും

മുഖ്യമന്ത്രിക്കുവേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : 2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.† ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : 2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ.സി. ജോസഫ് : സർ, I move that – "This House resolves to disapprove the Kerala Police (Amendment) Ordinance, 2000 (Ordinance No. 1 of 2000)" ഇവിടെ ഈ നിയമനിർമ്മാണത്തിന്റെ ഉള്ളടക്കത്തോട് ഞങ്ങൾ യോജിക്കുകയാണ്. പക്ഷേ ഇതിനുവേണ്ടി ഒരു ഓർഡിനൻസ് വേണമായിരുന്നോ എന്നകാര്യം സംബന്ധിച്ച് മന്ത്രി ഒന്നും പറഞ്ഞു കേട്ടിട്ടില്ല. കഴിഞ്ഞ അസംബ്ലി സമ്മേളനത്തിൽ വേണമെങ്കിൽ ഈ നിയമനിർമ്മാണം നടത്താൻ സാധിക്കുമായിരുന്നു. അന്ന് ശ്രമിച്ചില്ല.

മി. സ്പീക്കർ : അന്ന് ബിൽ ഉണ്ടായിരുന്നു.

ശ്രീ. കെ.സി. ജോസഫ് : 2000-ജനുവരി 18-നാണ് ഗവർണ്ണർ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ജനുവരി 18-നു ശേഷം ഇന്നുവരെ ഈ ഓർഡിനൻസ് അനുസരിച്ച് എന്തെങ്കിലും ചെയ്തതായി മന്ത്രി ഇവിടെ പറഞ്ഞുകേട്ടില്ല. അതുകൊണ്ട് ഈ ബില്ലിലെ repealing clause ആവശ്യമില്ല, കാരണം നടപടികൾ സ്വീകരിച്ചിട്ടില്ല. ഏതായാലും ഇതെല്ലാം നിരാകരണ പ്രമേയത്തെ സാധൂകരിക്കുകയാണ്. ഇന്നലെ ഈ സഭയിൽ നന്ദിപ്രമേയ ചർച്ചയിൽ മുഖ്യ

† ബില്ലിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധം - V&VA

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ചില കാരണങ്ങൾ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് വളരെ അപകടകരമായ സ്ഥിതിയിലേയ്ക്കാണ് രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്നതെന്നാണ്, പുതിയ നൂറ്റാണ്ടും പുതിയ സഹസ്രാബ്ദവും ഈ ഭാരതത്തിന്റെ ഭാവിയെ സംബന്ധിച്ച് വലിയ ഉൽകണ്ഠ ഉണ്ടാക്കുന്നുവെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് ശരിയായ കാര്യമാണ്. ബി.ജെ.പി. യുടെ കേന്ദ്ര ഗവൺമെന്റ് ഈ രാജ്യത്തെ ആർ.എസ്.എസ്. വൽക്കരിക്കുവാനുള്ള ശ്രമങ്ങൾ പതിയെ പതിയെ ആരംഭിച്ചിരിക്കുകയാണ്. അവരുടെ രഹസ്യ അജണ്ടയുടെ ഓരോ ഇനങ്ങളും പതിയെ മറനീക്കി ഇന്ന് പുറത്തുവന്നു കൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ ഞങ്ങളുടെ നിലപാട് എന്താണെന്ന് ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് വളരെ സംശയരഹിതമായി ഇവിടെ പറഞ്ഞു. ഇന്നലെ പാർലമെന്റിൽ ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ പ്രസംഗത്തിൽ ഭരണഘടന പോലും പൊളിച്ചെഴുതാനുള്ള കമ്മീഷൻ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ കമ്മീഷൻ ഈ നാടിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഭരണഘടനയുടെ നിലനിൽപ്പിനുപോലും അപകടമാണെന്ന ഉൽകണ്ഠ ഇന്ന് എല്ലാഭാഗത്തുമുണ്ട്. ഇപ്പോൾ പറയുന്നത് ഈ ബെയ്സിക് സ്ട്രക്ച്ചറിൽ മാറ്റം വരുത്തുന്നില്ല എന്നാണ്. ആദ്യം ഉദ്ദേശിച്ചത് അതായിരുന്നില്ല. 1976-ലെ 42-ാം ഭരണഘടനയുടെ ഭേദഗതിയിലൂടെ ഇന്ദിരാഗാന്ധി വരുത്തിയ മാറ്റം- നമ്മുടെ പ്രിയാംബിളിൽ Sovereign Democratic Rupublic എന്നത് മാറ്റി Sovereign Socialist Secular Democratic Republic എന്ന് വരുത്തിയ ഭേദഗതി പോലും മാറ്റാൻ വേണ്ടിയാണ് ബി.ജെ.പി. ആദ്യം ആലോചിച്ചത്. ദേവഗൗഡ ഗവൺമെന്റിന്റെയും ഗുജറാൾ ഗവൺമെന്റിന്റെയും വാജ്പേയി ഗവൺമെന്റിന്റെയും തുടർച്ചയായ പതനങ്ങൾ ഉണ്ടായപ്പോൾ പാർലമെന്ററി ഡെമോക്രസി അപ്രായോഗികമാണെന്ന വിഷയം പോലും അവർ ഉയർത്തി. അതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ മാറ്റങ്ങൾക്കുവേണ്ടി നീക്കം ആരംഭിച്ചുവെങ്കിലും കോൺഗ്രസ്സിന്റെയും ഇടതുപക്ഷപാർട്ടികളുടെയുമെല്ലാം യോജിച്ച ശ്രമങ്ങൾ കൊണ്ട് ആ നിലപാടിൽ നിന്നും പുറകോട്ടുപോയി. ഇപ്പോൾ പറയുന്നത് ബേസിക് സ്ട്രക്ച്ചറിൽ മാറ്റം വരുത്തുന്നില്ല എന്നാണ്. ഈ നിലപാടിലൂടെ ഇൻഡ്യയുടെ secular fabric തകർക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അപ്പുറത്ത് ഇടതുപക്ഷ മുന്നണിയിലെ ചില കക്ഷികളും ഈ നീക്കത്തിൽ പങ്കാളികളല്ലേ? അങ്ങയുടെ ഗവൺമെന്റിലുള്ള ഒരു മന്ത്രിയുടെ പാർട്ടി, ആ പാർട്ടി പ്രതിനിധി ഈ ഭരണഘടന പുനർനിർമ്മാണ സമിതിയിലെ അംഗമാണ്. NCP വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചു ഭരണഘടന പൊളിച്ചെഴുതേണ്ട എന്ന്. അതിനെപ്പോലും മറി കടന്നുകൊണ്ട് ശ്രീ. പി.എ. സംഗ്മ എൻ.സി.പി. യുടെ ജനറൽ സെക്രട്ടറി ഈ ഭരണഘടനാ നിർമ്മാണ കമ്മിറ്റി മെമ്പറാണ്. ഇടതുപക്ഷ മുന്നണിക്കകത്തുപോലും ഈ ബി.ജെ.പി. യുടെ നീക്കത്തെ സഹായിക്കുന്ന ആളുകൾ പതിയിരിപ്പുണ്ട്, സംശയമില്ല. മണിപ്പൂരിൽ അവർ ബി.ജെ.പി. യുമായി സഹകരിച്ച് ഭരിക്കുന്നു. ഒരു ഭാഗത്ത് ബി.ജെ.പി. യുമായി സഹകരിച്ച് ഭരിക്കുന്ന, സ്വന്തം പാർട്ടി പറഞ്ഞിട്ട് അംഗീകരിക്കാതെ ഭരണഘടനാ പുനർ നിർമ്മാണ സമിതിയിൽ അംഗത്വം സ്വീകരിച്ച പാർട്ടിയാണ്, സൂക്ഷിക്കണം. കള്ളൻ കപ്പലിൽ തന്നെയാണ്, നിങ്ങൾ ഞങ്ങളെ സൂക്ഷിക്കണ്ട, നിങ്ങളെ സൂക്ഷിച്ചാൽ മതി. കോൺഗ്രസ് സംസാരിക്കുന്നത് ആർ.എസ്. എസ്. സ്വരത്തിലാണെന്ന് ഇവിടെ ഇന്നലെ പറഞ്ഞു കേട്ടു, നിങ്ങൾക്ക് സ്വാധീനമുള്ള സംസ്ഥാനങ്ങളാണല്ലോ കേരളം, ബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങൾ. RSS ന് സ്വാധീനമുള്ള ഇന്ത്യയുടെ Hindi heart land -ൽ ആരാണ് ആർ.എസ്.എസ്സിനോട് പോരാടുന്നത്? കോൺഗ്രസ്സല്ലേ? ആർ.എസ്.

LIBRARY ARCHIVES Kerala Legislative Assembly

എസ്. സ്വാധീനമുള്ള സംസ്ഥാനങ്ങളിൽ അവരെ നേരിടുന്നത് കോൺഗ്രസ്സല്ലേ? ഏറ്റവും അടുത്ത കാലത്ത് രണ്ട് സംഭവങ്ങളുണ്ടായി. സർക്കാർ ഉദ്യോഗസ്ഥൻമാർ ആർ.എസ്.എസ്. പ്രവർത്തനത്തിന് എതിരായുള്ള നിരോധനം മാറ്റാനുള്ള ശ്രമങ്ങൾ, യു.പി. യിലും ഗുജറാത്തിലും ഈ നീക്കം അംഗീകരിച്ചു, അവിടെ ആ നീക്കത്തിന് എതിരായി ഞങ്ങളുടെ ആരാധ്യയായ പ്രസിഡന്റ് സോണിയാ ഗാന്ധിയും ഞങ്ങൾ ശ്രീ. എ.കെ. ആന്റണി തുടങ്ങിയ നേതാക്കൻമാർ പ്രധാനമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് ചെയ്ത് അറസ്റ്റ് വരിച്ചു. ആ സമരം കോൺഗ്രസ് ശക്തമാക്കി ഗുജറാത്തിൽ സമരം ആരംഭിച്ചു. ഇന്നലത്തെ ഹിന്ദുവിൽ വാർത്തയുണ്ട്. നിങ്ങൾ വായിച്ചോ? "Congress (I) lays siedge to Gujarat Assembly". അവിടെ ആ അസംബ്ലി മന്ദിരം കോൺഗ്രസ്സ് എം.എൽ.എ. മാർ വളഞ്ഞു. I quote "Hindu", "Congress workers who were protesting in front of the Gujarat Assembly here today against the State Government's contraversial notification permitting its employees to participate in the activities of the R.S.S. were teargassed and lathicharged and its women workers allegedly roughed up by the police."

"Mr. Sunder Singh Bhandari, the Governor – an erstwhile stauch RSS cardholder who had visited the recent RSS shibir on the out skirts of Ahmedabad – was greeted with "RSS Governor go back" and other slogans from the Congress (I) benches as he entered the Assembly hall to begin his address"

അവിടെ ഞങ്ങൾ സമരമുഖത്തല്ലേ? ഇപ്പോഴും സമരമുഖത്തിലാണ്. അതുപോലെ മദ്ധ്യപ്രദേശിൽ എന്താണുണ്ടായത്? ബി.ജെ.പി. യുടെ ഏറ്റവും ശക്തമായ സംഘ്പരിവാറിന്റെയും സജ്രംഗ്ദളിന്റെയും സമ്മേളനം നിരോധിക്കുവാനുള്ള തന്റേടം കാണിച്ചത് അവിടത്തെ കോൺഗ്രസ് ഗവൺമെന്റാണ്. 'ഔട്ട്ലുക്ക്'- ലെ റിപ്പോർട്ട് വായിക്കാം

"Congress Chief Minister of Madhya Pradesh may actually have pulled off the biggest coup against the Sangh Parivar in recent times"

"Despite having a BJP-led Government at the Centre and an RSS man as his Governor, he has rubbed the VHP- Bajrang Dal –RSS nose in the ground twice within the last fort night."

ബജ്റംഗ്ദളിന്റെ ആചാര്യ ഗിരിരാജ് കിഷോർ, പാർലമെന്റിലെ മുൻകേന്ദ്രമന്ത്രി ഉമാഭാരതി, ഗ്വാളിയറിലെ ബി.ജെ.പി. എം.പി. ജയ്ബൻസിംഗ് പവല്യ അവരെയെല്ലാം അറസ്റ്റു ചെയ്യാനുള്ള ചങ്കൂറ്റം കാണിച്ച മദ്ധ്യപ്രദേശിലെ കോൺഗ്രസ് ഗവൺമെന്റാണ്. ആർ.എസ്.എസിന് എതിരായി കോൺഗ്രസ്സാണ് പോരാടുന്നത്. ഇവിടെ നിങ്ങൾ ഞങ്ങളെ എതിർക്കുകയാണ്. ഇന്നലെ മുഖ്യമന്ത്രി ചോദിച്ചതു കേട്ടു. ബി.ജെ.പി. ക്ക് രണ്ട് സീറ്റുണ്ടായിരുന്നത് എങ്ങനെ കൂടിയെന്ന്. ബി.ജെ.പി. യെ ആരാണ് രണ്ട് സീറ്റിൽ ഒതുക്കിയത്? രണ്ടു സീറ്റിലേക്ക് ബി.ജെ.പി. യെ ഒതുക്കിയത് ആരാണ്? ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. പിന്നീടുണ്ടായ സാഹചര്യങ്ങളിൽ നിങ്ങളുടെ നിലപാട് എന്തായിരുന്നു. നിങ്ങൾ ഇന്നലെവരെ പ്രചരിപ്പിച്ചത് കോൺഗ്രസ്സിന്റെ ഭരണകുത്തക തകരണമെന്നല്ലേ? ഇപ്പോഴാണ് ആർ.എസ്.എസിന്റെ അപകടം കാണുന്നത്. വളരെ വൈകിപ്പോയി. ആർ.എസ്.എസ്. ഇന്നലെയുണ്ടായ സംഘടനയല്ല. മഹാത്മാഗാന്ധിയുടെ കാലം മുതൽ അല്ലെങ്കിൽ അതിനു മുൻപുമുതൽതന്നെ ആർ.എസ്.എസ്. ശക്തമാണ്. ആ കാലഘട്ടത്തിൽ എല്ലാം അന്ധമായ കോൺഗ്രസ് വിരോധം കൊണ്ട് നിങ്ങൾ പറഞ്ഞത് ഈ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് ഭരണത്തിന്റെ കുത്തക തകരണമെന്നാണ്. അവസാനം നിങ്ങൾ പറഞ്ഞത്. ബി.ജെ.പി.യും കോൺഗ്രസ്സുമായി സമദൂര സിദ്ധാന്തം എന്നല്ലേ?

ശ്രീ. ടി.കെ. ബാലൻ : ബഹുമാനപ്പെട്ട അംഗം കോൺഗ്രസ്സ് ആർ. എസ്.എസ്സിനു എതിരെ പൊരുതിയതിനെപ്പറ്റി പറഞ്ഞു. നിങ്ങളും ആർ.എസ്. എസ്സും ബി.ജെ.പി. യുമായി ചില ഇടപെടലുകൾ ഞങ്ങൾ ആരോപിച്ചിട്ടുണ്ട്. ആ ആരോപണങ്ങളെ സംബന്ധിച്ച് ഒരൊറ്റ കാര്യം പറയാം. മുഖ്യമന്ത്രി ഇട പെട്ട് കണ്ണൂരിൽ എല്ലാ രാഷ്ട്രീയ കക്ഷികളെയും വിളിച്ചു കൂട്ടി സമാധാന ചർച്ച നടത്തി സമാധാന കരാർ ഒപ്പു വച്ചു. പക്ഷെ അതു ലംഘിക്കത്തക്ക വിധത്തിൽ ആർ.എസ്.എസ്. മാർക്സിസ്റ്റു പ്രവർത്തകനായ സജീവനെ രാത്രി കുത്തി കൊലപ്പെടുത്തി. നിങ്ങൾക്ക് അവിടെ കോൺഗ്രസിന്റെ ഒരു ഓഫീസില്ലേ, ഡി.സി.സി. ഓഫീസ്? എന്തുകൊണ്ടാണ് ഈ സമാധാന ഭംഗം വരുത്തിയ ആർ.എസ്.എസിന്റെ കൃത്യത്തെപ്പറ്റി ഡി.സി.സി. പ്രസിഡന്റ് പ്രതി കരിക്കാതിരുന്നത്? സംസ്ഥാന അടിസ്ഥാനത്തിൽ പ്രതികരിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്നുള്ളതിനെപ്പറ്റി പറയുന്നില്ല. ലീഗും പ്രതികരിച്ചു. നിങ്ങളുടെ കൂടെ നിൽക്കുന്ന ഘടക കക്ഷികൾ പോലും പ്രതികരിച്ചിട്ട് അക്കാര്യത്തിൽ ഒരു ചെറുവിരൽ അനക്കാൻ തയ്യാറാകാതിരുന്നത് എന്തു കൊണ്ടാണെന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. കെ.സി. ജോസഫ് : ഞാൻ കണ്ണൂർ ഭാഗത്തെ കാര്യം പറയു മ്പോൾ ഉത്തരം പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സി.പി.ഐ. (എം.) സി.പി.ഐ. ഉൾപ്പെടെ യുള്ള പാർട്ടികൾ കൂടി ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ എറണാകുളത്ത് വിളിച്ചു വരുത്തി സന്ധിയുണ്ടാക്കി പിരിഞ്ഞതിന്റെ ശേഷം ജയകൃഷ്ണനെ കൊന്നില്ലേ മാർക്സിസ്റ്റുകാർ? അപ്പോൾ മാർക്സിസ്റ്റുകാരും ബി.ജെ.പി. യും ഒരുപോലെയാണ്. ഇവർ രണ്ടിനെപ്പറ്റിയും ഒരഭിപ്രായവും പറയാൻ പറ്റില്ല. ബോംബെ സംസ്ക്കാരത്തിൽ വിശ്വസിക്കുന്ന ഒരു പാർട്ടിയാണ്. അതുമാത്ര മല്ല കണ്ണൂരിലും ബോംബെ സംസ്ക്കാരത്തിന്റെ പാർട്ടിയാണ് മാർക്സിസ്റ്റു പാർട്ടി. അതുകൊണ്ട് ഇവർ രണ്ടും ഒരുപോലെയാണ്. രണ്ടു പാർട്ടിയും അങ്ങോട്ടും ഇങ്ങോട്ടും. അതല്ലേ സത്യം?

ശ്രീ. കെ.സി. ജോസഫ് : ശ്രീ. ടി.കെ. ബാലനും കെ. സുധാകരൻ എം.എൽ.എ.യും മുല്ലപ്പള്ളി രാമചന്ദ്രനും ഞാനുമെല്ലാം എറണാകുളത്ത് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ വിളിച്ചുകൂട്ടിയ യോഗത്തിൽ പങ്കെടുത്തവ രാണ്. നിങ്ങൾ അവിടെ കരാറിൽ ഒപ്പു വച്ചു. ആ കരാറിന്റെ മഷി ഉണങ്ങുന്ന തിനു മുൻപല്ലേ കണ്ണൂരിലെ കൊലപാതക രാഷ്ട്രീയം നിങ്ങൾ ആവർത്തി ച്ചത്? യാതൊരു സംശയവും വേണ്ട. ബി.ജെ.പി. അക്രമത്തിനും സി.പി. ഐ.(എം) അക്രമത്തിനും ഞങ്ങൾ എതിരാണ്. അക്രമം നടത്തുന്നത് ബി.ജെ. പി. ആണെങ്കിലും ആർ.എസ്.എസ്. ആണെങ്കിലും മാർക്സിസ്റ്റു പാർട്ടിയാ ണെങ്കിലും അതിനെല്ലാം ഞങ്ങൾ എതിരാണ്. ഞാൻ ഇവിടെ ഒരു വാർത്ത വായിക്കാം. "സമാധാനം തകർക്കരുത്" കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ പ്രമേ യം. "കണ്ണൂർ ജില്ലയിൽ സമാധാനാന്തരീക്ഷം കാത്തു സൂക്ഷിക്കാൻ ജില്ലാ പഞ്ചായത്തു യോഗം പ്രമേയത്തിലൂടെ അഭ്യർത്ഥിച്ചു. ജില്ലയിൽ നില നിൽക്കുന്ന സമാധാനാന്തരീക്ഷം തകർത്തുകൊണ്ട് കൊയ്യോട് ആർ.എസ്.എ സ്. പ്രവർത്തകർ സജീവനെ കൊലപ്പെടുത്തിയിരിക്കുകയാണ്. ഇതു അപല പനീയമാണെന്ന് ജില്ലാ പഞ്ചായത്തു യോഗം അഭിപ്രായപ്പെട്ടു. ഈ അക്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അപലപനീയമാണെന്ന് കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

അംഗം ചർച്ചയിൽ പറഞ്ഞു. ആന്തൂരിലെ കോൺഗ്രസ് പ്രവർത്തകൻ ഞങ്ങളുടെ കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് പി.പി. ദാസൻ കൊല ചെയ്യപ്പെട്ടപ്പോൾ അതിനെ അപലപിച്ച പ്രമേയത്തിന് അനുമതി നിഷേധിച്ച കാര്യം പി.ടി. മാത്യു ശ്രദ്ധയിൽപ്പെടുത്തി. ഇപ്പോൾ നടന്നത് അത്തരത്തിലുള്ള കൊല അല്ലെന്ന്. മുഖ്യമന്ത്രി വിളിച്ചുചേർത്ത സമാധാനയോഗത്തിൽ ഇനി അക്രമം ഉണ്ടാക്കുന്നവരെ ഒറ്റപ്പെടുത്തണമെന്ന് എല്ലാ പാർട്ടിയും തീരുമാനിച്ചതാണെന്ന് പ്രസിഡന്റ് പറഞ്ഞു.'' ആന്തൂരിലെ ഞങ്ങളുടെ മണ്ഡലം പ്രസിഡന്റ് ദാസൻ കൊല ചെയ്യപ്പെടുമ്പോൾ അപലപിക്കാനുള്ള പ്രമേയം നിങ്ങളുടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് റൂൾ ഔട്ട് ചെയ്തു. അപ്പോൾ നിങ്ങൾ മരിക്കുമ്പോൾ മാത്രം അപലപിച്ചാൽ മതിയോ?

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : എന്റെ തളിപ്പറമ്പ് മണ്ഡലത്തിലെ ആന്തൂരിൽ ദാസൻ എന്നുപറയുന്ന കോൺഗ്രസ് പ്രവർത്തകനെ കൊലപ്പെടുത്തിയ നിലപാടിൽ പ്രതിഷേധിച്ച പാർട്ടിയാണ് സി.പി.ഐ.(എം) ദാസന്റെ കൊലപാതകം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നു പറഞ്ഞ പാർട്ടിയാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി. ഏതെങ്കിലും ഒരുകാര്യം മാത്രം അടർത്തിയെടുത്തു പറയരുത്. ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ കോൺഗ്രസ്സും ബഹുമാനപ്പെട്ട ജോസഫും സി.പി.ഐ.(എം) നേയും ആർ.എസ്. എസിനേയും ഒരു പോലെയാണോ കാണുന്നതെന്നു വിശദീകരിക്കേണ്ടതുണ്ട്.

<u>ശ്രീ. കെ.സി. ജോസഫ്</u> : ശ്രീ. ഗോവിന്ദൻമാസ്റ്റർ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. ദാസൻ കൊല്ലപ്പെട്ട കേസ്സിലെ എല്ലാ പ്രതികളേയും കോടതി വെറുതെ വിട്ടു. എന്താണു കാര്യം. ആ കേസ്സിലെ സാക്ഷികളെ നിങ്ങളുടെ പാർട്ടിയിലെ പ്രവർത്തകൻമാർ ഭീഷണിപ്പെടുത്തി. കണ്ണൂർ ജില്ലയിൽ കൊലപാതകമുണ്ടായാൽ സാക്ഷി പറയാൻ ആരും തയ്യാറല്ല. എല്ലാ സാക്ഷികളേയും ഭീഷണിപ്പെടുത്തി ഭയപ്പെടുത്തി പിൻതിരിപ്പിക്കുകയാണ്. നിങ്ങൾ അവിടെ നിയമം കയ്യിലെടുക്കുകയാണ്, അല്ലേ? നിങ്ങൾ സ്വയം ആലോചിക്കണം. അക്രമങ്ങളുണ്ടാകുമ്പോൾ നിങ്ങൾ ആ അക്രമത്തെ അപലപിക്കാൻ തയ്യാറായിട്ടുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : നാലു ദിവസത്തിനുള്ളിൽ കൊട്ടാരക്കരയിൽ ഒരു കോൺഗ്രസ് പ്രവർത്തകനും കുട്ടനാട്ടിൽ ഒരു ജെ.എസ്.എസ്. പ്രവർത്തകനും കൊല്ലപ്പെട്ടിട്ടുണ്ട്. രണ്ടാളെ കൊന്നിട്ടും ആ ഭാഗത്തുനിന്നും ഒരക്ഷരവും പ്രതികരിച്ചില്ല. അവർ എല്ലാവരേയും കൊല്ലും. ആർ.എസ്.എസിനെയും ജെ.എസ്. എസിനെയും കൊല്ലും, ലീഗിനെയും കൊല്ലും. പൊന്നാനി നിയോജകമണ്ഡലത്തിൽ ശ്രീ. പാലൊളി മുഹമ്മദുകുട്ടിയുടെ മണ്ഡലത്തിൽ രണ്ടുകൊല്ലം മുൻപ് മുസ്ലീം ലീഗിന്റെ റഷീദിനെ വെട്ടി കഷണം കഷണമാക്കി കൊന്നില്ലേ? ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ഒരക്ഷരം പറഞ്ഞോ? ഒരു കൊലപാതകം നടന്നാൽ ഒന്നുകിൽ നിങ്ങൾ വാദി, അല്ലെങ്കിൽ നിങ്ങൾ പ്രതി. നിങ്ങൾ കൊലപാതകരാഷ്ട്രീയത്തിന്റെ ഏജന്റുമാരാണ്. അതുകൊണ്ടാണ് അതിനെപ്പറ്റി ഞങ്ങൾ പ്രതികരിക്കാത്തത്. സി.പി.ഐ. യിലെ ജോയിയുടേയും കൂട്ടരുടേയും കാല് വെട്ടി മുറിച്ചില്ലേ; ഞങ്ങൾ പ്രതികരിച്ചല്ലോ?

<u>ശ്രീ. കെ.സി. ജോസഫ്</u> : കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ കാലത്ത് കണ്ണൂരിൽ ശ്രീ. വി.എസ്. അച്യുതാനന്ദൻ എന്താണ് പ്രസംഗിച്ചത്? കഴിഞ്ഞ പാർലമെന്റ് ഇലക്ഷൻ കാലത്ത് ശ്രീ. വി.എസ്. അച്യുതാനന്ദൻ കണ്ണൂരിൽ പ്രസംഗിച്ചു. മാർക്സിസ്റ്റ് പാർട്ടി പലിശയിൽ വിശ്വസിക്കുന്ന പാർട്ടി ആണെന്ന്. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ നിങ്ങൾക്ക് മുതലും പലിശയുമടക്കം തിരിച്ചു
1116/2010.

LIBRARY ARCHIVES Kerala Legislative Assembly

നൽകുമെന്ന് പറഞ്ഞില്ലേ? നിങ്ങളുണ്ടാക്കിയ ഈ സംസ്ക്കാരമാണ് കണ്ണൂരിലെ സംഘർഷങ്ങൾക്ക് കാരണം.

ശ്രീ. കെ. സുധാകരൻ : ആന്തൂരിലെ ദാസനെ കൊലചെയ്തത് സി.പി.ഐ.(എം) കാരാണെന്നു മാത്രമല്ല, ദാസന്റെ ശവകുടീരം 2 തവണ ബഹുമാന്യനായ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക് സുപരിചിതരായ ആളുകളാൽ ആക്രമിക്കുകയും തകർക്കുകയും അതിന്റെ മുകളിൽ ചാണകം മെഴുകുകയും ചെയ്ത വിവരം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. കെ.സി. ജോസഫ് : ഇതെല്ലാം മറച്ചുവച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി അക്രമികളെ വെള്ള പൂശുകയാണ്. ഇവിടെവന്ന് നല്ല പിള്ള ചമയുകയാണ്.

ശ്രീ. എം.വി. ഗോവന്ദൻ മാസ്റ്റർ : ആ കേസുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം) ന്റെ ഒരാളെയാണ് പ്രതിയാക്കിയത്. അവിടെ ലോക്കൽ കമ്മിറ്റി മെമ്പറായിരുന്ന ഒരു കരുണാകരനെയാണ് പ്രതിയാക്കിയത്. ആ കരുണാകരനെ കോടതി വെറുതെ വിട്ടിരിക്കുകയാണ്. പിന്നെ വീണ്ടും ആ കേസ് സി.പി.ഐ.(എം) ന്റേതാണ് എന്നു പറയുന്നത് ശരിയല്ല. തെറ്റാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ]

ശ്രീ. കെ.സി. ജോസഫ് : കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായാൽ സാക്ഷി പറയാൻ ആളുകൾക്ക് ഭയമാണ്. എല്ലാ സാക്ഷികളേയും ഭരണകക്ഷിയായ സി.പി.ഐ.(എം) ഭീഷണിപ്പെടുത്തുകയാണ്. ജീവനും സ്വത്തിനും ഭയമുള്ള ആരെങ്കിലും സാക്ഷി പറയാൻ പോകുമോ? ഇവിടെ കണ്ണൂർ പ്രശ്നം ശ്രീ. ടി.കെ. ബാലനടക്കം ഉന്നയിച്ചതാണ്. നിങ്ങൾ ഈ കാലംവരെ എന്താണ് പറഞ്ഞത്? കോൺഗ്രസിനെ തകർക്കണം. നിങ്ങളുടെ മുഖ്യ ഉദ്ദേശം കോൺഗ്രസിനെ തകർക്കുക എന്നതായിരുന്നു. അവസാനം പറഞ്ഞു, കോൺഗ്രസും ബി.ജെ.പി. യും ഒരേപോലെയാണെന്ന്. ആ നയമല്ലേ ബി.ജെ.പി.ക്ക് വളരാൻ സാഹചര്യമുണ്ടാക്കിയത്? ആ സമീപനമല്ലേ സാഹചര്യമുണ്ടാക്കിയത്? നിങ്ങൾ ചരിത്രം വിസ്മരിക്കരുത്. നിങ്ങൾ ബി.ജെ.പി. യുമായി ചങ്ങാത്തത്തിലായിരുന്നില്ലേ? പരീക്ഷണം ഓർമ്മയില്ലേ? മൊറാർജി ദേശായി പ്രധാനമന്ത്രി, ശ്രീ. വാജ്പേയി വിദേശകാര്യമന്ത്രി അന്ന് ജനസംഘം പിരിച്ചുവിട്ടു. ജനതാപാർട്ടി ഉണ്ടായി. അദ്വാനി ഇൻഫർമേഷൻ മന്ത്രി, നാനാജി ദേശ്മുഖ് കമ്മ്യൂണിക്കേഷൻ മന്ത്രി. നിങ്ങളും ആ കൂട്ടത്തിൽ ഉണ്ടായിരുന്നില്ലേ? നിങ്ങളുടെ പിന്തുണയും സഹകരണവും ആ ഗവൺമെന്റിന് ഉണ്ടായില്ലേ? പിന്നീട് ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റ് എല്ലാ ബുധനാഴ്ചയും അത്താഴവിരുന്ന്. ഇ.എം.എസും, ഹർകിഷൻസിംഗ് സുർജിത്തും ആ വിരുന്നിലെ സ്ഥിരം ക്ഷണിതാക്കൾ. അങ്ങനെ മൊറാർജിയുടെ കാലത്തും ശ്രീ. വി.പി. സിംഗിന്റെ കാലത്തും നിങ്ങൾ ജനസംഘുമായി തെളിഞ്ഞും ഒളിഞ്ഞും ചങ്ങാത്തത്തിലായിരുന്നു. അന്ന് നിങ്ങൾ ആർ.എസ്.എസിന്റെ അപകടം കണ്ടില്ല. നിങ്ങൾക്ക് അന്ന് കോൺഗ്രസിനെ തകർക്കണം. അങ്ങനെ എതിർത്തല്ലേ ഈ അവസ്ഥയുണ്ടായത്? ശ്രീ. പി. രാഘവന്റെ ഇപ്പോഴത്തെ മണ്ഡലമായ ഉദുമ 1977-ൽ ബി.ജെ.പി. യുടെ ജനസംഘിന്റെ കെ.ജി. മാരാർ മത്സരിച്ചപ്പോൾ ആരൊക്കെയാണ് സഹായിച്ചത്? കെ.ജി. മാരാരെ മാർക്സിസ്റ്റുകാർ സഹായിച്ചില്ലേ? ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് അവിടെ പോയി പ്രസംഗിച്ചോ? നിങ്ങളുടെ നയം ഇന്ത്യയിൽ കോൺഗ്രസിനെ തകർക്കുക എന്നതായിരുന്നു. പകരം വന്നത് ആരാണ്? മാർക്സിസ്റ്റ് പാർട്ടിയാണോ? സി.പി.ഐ. ആണോ? കോൺഗ്രസ് തകർന്നപ്പോൾ ആ സ്ഥാനത്ത് വന്നത് ബി.ജെ.പി. യും ആർ.എസ്.എസുമാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ സ്വീകരിച്ച തെറ്റായ നയങ്ങളാണ് ഇന്ന് ഇന്ത്യയുടെ രാഷ്ട്രീയ രംഗത്ത് ബി.ജെ.പി. ക്കും ആർ.എസ്.എസിനും മാന്യത ഉണ്ടാക്കിയത്. അങ്ങനെയുള്ള നിങ്ങൾ പറയുകയാണ് ഞങ്ങൾ ആർ.എസ്.എസുമായി സഹകരിക്കുന്നു എന്ന്. നിങ്ങൾ എന്തെല്ലാം ആക്ഷേപിച്ചാലും ശരി, ഒരു കാര്യം ഞാൻ സംശയരഹിതമായി പറയാം. ഒരിക്കലും കോൺഗ്രസ് ആർ.എസ്.എസുമായി ബന്ധപ്പെട്ടിട്ടില്ല. എല്ലാ കാലഘട്ടത്തിലും, ദേശീയ രംഗത്താണെങ്കിലും സംസ്ഥാനത്താണെങ്കിലും ഞങ്ങൾ സ്വീകരിച്ച ശക്തമായ നിലപാട് ആർ.എസ്.എസിന് എതിരായിട്ടായിരുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇൻഡ്യയുടെ ഹിന്ദി മേഖലയിൽ ഇന്ന് കോൺഗ്രസാണ് ആർ.എസ്.എസിനോട് പോരാടുന്നത്. അതു കാണാതെ പോകരുത്. ആ പോരാട്ടത്തിൽ നിങ്ങളുടെ പങ്കാളിത്തവും വേണം. നിങ്ങളുടെ സഹകരണവും വേണം. കാരണം നമ്മൾ യോജിച്ച് പോരാടിയില്ലായെങ്കിൽ ഈ പോരാട്ടത്തിൽ കോൺഗ്രസിനെ പിന്തുണയ്ക്കാനും സഹായിക്കാനും നിങ്ങൾ തയ്യാറായില്ല എങ്കിൽ കാലം നിങ്ങൾക്ക് മാപ്പുതരില്ല. അതുകൊണ്ട് ഇന്നത്തെ ഇന്ത്യയുടെ ദേശീയ രാഷ്ട്രീയ സാഹചര്യങ്ങളിൽ ആർ.എസ്.എസ്. ഉയർത്തുന്ന വർഗ്ഗീയവൽക്കരണം, ആർ.എസ്.എസ്. വൽക്കരണം പരാജയപ്പെടുത്തുവാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റേയും ഇടതുപക്ഷങ്ങളുടേയും കൂട്ടായ ശ്രമങ്ങൾ ഉണ്ടാകണം.

<u>ശ്രീ. എ. കണാരൻ</u> : ശ്രീ. കെ.സി. ജോസഫ് പറഞ്ഞുകൊണ്ടിരിക്കുന്നത് ആർ.എസ്.എസിനെതിരായി ഒരു വലിയ പ്രസ്ഥാനം കൊണ്ടുവരണം, കോൺഗ്രസുമായി യോജിക്കണം എന്നാണ്. ഇത് ആത്മാർത്ഥമായിട്ടാണ് സംസാരിക്കുന്നതെങ്കിൽ ഈ രാജ്യത്ത് ആർ.എസ്.എസ്. കാട്ടിക്കൊണ്ടിരിക്കുന്ന തെമ്മാടിത്തത്തിന് എതിരായി ഒറ്റക്കെട്ടായി പോരാടാൻ വേണ്ടി അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ.സി. ജോസഫ്</u> : ഇന്ത്യയിൽ ആർ.എസ്.എസിന്റെ നീക്കത്തിനെതിരെ പോരാടാൻ കോൺഗ്രസ് മറ്റാരെക്കാളും മുൻപന്തിയിലാണ്. ഇന്ന് പാർലമെന്റിൽ, ഗുജറാത്തിലെ സംഭവത്തിനെതിരായി കോൺഗ്രസും ഇടതുപക്ഷവും യോജിച്ച് പ്രമേയം അവതരിപ്പിക്കുകയാണ്. ആർ.എസ്.എസിനെതിരെ കോൺഗ്രസ് പോരാടുന്നുവെന്നതിന് ആരുടേയും സർട്ടിഫിക്കറ്റ് വേണ്ട. കേരളത്തിലാണെങ്കിലും ദേശീയ രംഗത്താണെങ്കിലും ആർ.എസ്.എസിനെതിരായി പോരാടാൻ കോൺഗ്രസ് മുൻപന്തിയിലുണ്ട്. ആർ.എസ്.എസിന്റെ മറ പിടിച്ച് നിങ്ങൾ രക്ഷപ്പെടാൻ ശ്രമിക്കണ്ട. ഞങ്ങൾ എന്നും നിങ്ങളുടെ തെറ്റായ നയങ്ങൾക്കെതിരായും പോരാടും. നിങ്ങളുടെ അക്രമങ്ങൾ, നിങ്ങളുടെ അക്രമ രാഷ്ട്രീയം..... ഈ നിയമം ആവശ്യമുണ്ടായിരുന്നുവോ? എന്തുകൊണ്ട് നിയമം വേണ്ടിവന്നു? പൗരൻമാരുടെ ജീവനും സ്വത്തിനും സംരക്ഷണമുണ്ടാക്കുക എന്നത് ഒരു സ്റ്റേറ്റിന്റെ ചുമതലയാണ്. അത് ഒരു സ്റ്റേറ്റിന്റെ പ്രൈമറി റെസ്പോൺസിബിലിറ്റിയാണ്. കേരളത്തിലെ പോലീസ് ആ രംഗത്ത് പരാജയപ്പെട്ടില്ലേ? കേരളത്തിലെ പോലീസിനെ ഇന്ന് ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ? കേരളത്തിലെ പോലീസിന് ക്രെഡിബിലിറ്റിയുണ്ടോ? ജനങ്ങളുടെ ജീവനേയും സ്വത്തിനേയുമല്ല നിങ്ങൾ സംരക്ഷിക്കുന്നത്. മാർക്സിസ്റ്റുകാരുടെ ജീവനേയും സ്വത്തിനേയുമാണ്. ഇവിടെ ശ്രീ. സി.എൻ. ജയദേവൻ ഇന്നലെ പ്രസംഗിച്ചപ്പോൾ പറഞ്ഞു കൊല്ലത്ത് എ.ഐ.എസ്.എഫ്. പ്രവർത്തകരെ മർദ്ദിച്ചതിന് ഞങ്ങൾ നല്ല തീരുമാനമെടുത്തു എന്ന്. ഞങ്ങളെ ആര് തല്ലിയാലും അവർ വീട്ടിലിരിക്കും എന്ന് ശ്രീ. ജയദേവൻ പറഞ്ഞു. നല്ല

LIBRARY ARCHIVES Kerala Legislative Assembly

കാര്യം. ശ്രീ. ജയദേവന്റെ പാർട്ടിക്കാരും ഞങ്ങളും ഈ നാട്ടിലെ പൗരൻമാരല്ലേ? ഞങ്ങൾ രണ്ടാംകെട്ടിലെ മക്കളാണോ? ജീവനും സ്വത്തിനും സംരക്ഷണം നിങ്ങൾക്കു മാത്രം മതിയോ? ഭരണകക്ഷിക്കു മാത്രം മതിയോ? കൊല്ലം ഡി.സി.സി. ഓഫീസ് തല്ലിത്തകർത്തു. ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ.യെ ക്രൂരമായി മർദ്ദിച്ചു. ഈ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ.സി. വേണുഗോപാൽ എത്ര പ്രാവശ്യം മർദ്ദനമേറ്റു? ഒരു എം.എൽ.എ. യെ ഇങ്ങനെ അപമാനിക്കുന്നത് നല്ലതാണോ? ഞങ്ങൾ അന്വേഷണം ആവശ്യപ്പെട്ടു. മുഖ്യമന്ത്രി പറഞ്ഞു, യാതൊരു അന്വേഷണവുമില്ല. ഡി.സി.സി. ഓഫീസ് തകർത്താൽ, ശ്രീ. കെ.സി. വേണുഗോപാലിനെ മർദ്ദിച്ചാൽ അന്വേഷിക്കാൻ തയ്യാറല്ല എന്നു മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ അവസാനം സി.പി.ഐ. ക്കാരുടെ ഭീഷണി ഉണ്ടായപ്പോൾ അന്വേഷണത്തിന് ഉത്തരവിട്ടു. അപ്പോൾ ഡി.സി.സി. ആഫീസ് ആക്രമണവും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തി. നിങ്ങളുടെ അക്കൗണ്ടിൽ ഞങ്ങളും രക്ഷപ്പെട്ടു. ഇതല്ലേ സത്യം?

ഇവിടെ ശ്രീ. എം. നാരായണൻ ചില കാര്യങ്ങൾ പറഞ്ഞു. കാസർഗോഡ് ജില്ലയിലെ സ്ഥിതിയെന്താണ്? ഞങ്ങൾ സി.പി.ഐ. ക്കാരെ താലോലിക്കാൻ പറയുന്നതല്ല. നിങ്ങളെ തഴുകാൻ പറയുന്നതല്ല. പ്രീണിപ്പിക്കാൻ പറയുന്നതുമല്ല. പക്ഷെ ഈ സംസ്ഥാനത്തെ പോലീസ് നിങ്ങളെ സംരക്ഷിക്കുന്നുണ്ടോ; നിങ്ങൾ മനസ്സാക്ഷിയോടു ചോദിക്കണം. സി.പി.ഐ. യുടെ സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ കാഞ്ഞങ്ങാട് പ്രസംഗിച്ചതെന്താണ്? "പോലീസിന് ശമ്പളം കൊടുക്കുന്നത് സി.പി.എം. പാർട്ടി ഫണ്ടിൽ നിന്നല്ല, പൊതു ഖജനാവിൽ നിന്നാണ്" അതു മനസ്സിലാക്കാതെ ആരെങ്കിലും പെരുമാറിയാൽ അതിന് നല്ല മറുപടിയും ലഭിക്കുമെന്ന് പറഞ്ഞു. അതു പറയേണ്ട സാഹചര്യം ഉണ്ടായില്ലേ? ഈ ഭരണത്തിലെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ. യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. പന്ന്യൻ രവീന്ദ്രന് അങ്ങനെ പറയാനുള്ള സാഹചര്യം എങ്ങനെയാണുണ്ടായത്? നിയമത്തിന്റെ സംരക്ഷണം സി.പി.ഐ.ക്കുമില്ല ഞങ്ങൾക്കുമില്ല. ഭരണത്തിൽ പങ്കാളിത്തമുള്ളവർക്കു പോലും പോലീസിന്റെ ഭാഗത്തുനിന്നും നീതി കിട്ടുന്നില്ലായെങ്കിൽ പിന്നെ ഞങ്ങളുടെ കാര്യം പറയണോ? പോലീസിന്റെ നിയന്ത്രണം ഇന്ന് ആർക്കാണ്? പോലീസ് ഹെഡ്കാർട്ടേഴ്സിലാണോ? മുഖ്യമന്ത്രിയുടെ ഓഫീസിലെ ചില പ്രത്യേക വ്യക്തികളാണ് പോലീസിനെ നിയന്ത്രിക്കുന്നത്. എ.കെ.ജി. സെന്ററിന്റെ റിമോട്ട് കൺട്രോളാണ് പോലീസ്. ഇന്ന് പത്രത്തിൽ ജനകീയ പോലീസ് കാര്യം പഠിക്കാൻ കമ്മിറ്റിയുണ്ടാക്കുമെന്ന് വാർത്തയുണ്ടായിരുന്നു. ഹോം സെക്രട്ടറി, ഐ.ജി.യും ഡി.ജി.പി.യും ഉൾപ്പെടുന്ന മൂന്നാം കമ്മിറ്റി ആ വാർത്ത നിങ്ങളും വായിച്ചു കാണും. എം.എൽ.എ. മാരിൽ നിന്നും എം.പി. മാരിൽ നിന്നും പരാതി സ്വീകരിക്കുക എന്നാണ്. മുഖ്യമന്ത്രി പറഞ്ഞത് ജനകീയ പോലീസ് സേനയ്ക്ക് ഒരു നിയമപരമായ പ്രാബല്യം കൊടുക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ അതിനുള്ള നിയമം ഈ സഭയിൽ വരണം. ആ കാര്യത്തിൽ ഹോം സെക്രട്ടറിയോടും ഡി.ജി.പി. യോടും പരാതി പറയാൻ എം.എൽ.എ. മാർ പോകണോ? ഇത് എം.എൽ.എ. മാരോടുള്ള അവഹേളനമാണ്. ഡ്രാഫ്റ്റ് ഹോം സെക്രട്ടറി ഉണ്ടാക്കട്ടെ. എം.എൽ.എ. മാരും എം.പി. മാരും പോയി ഡി.ജി.പി. യെയും ഹോം സെക്രട്ടറിയെയും ഐ.ജി.യെയും കണ്ട് പരാതി പറയാൻ പോകേണ്ട കാര്യമുണ്ടോ? നിങ്ങളുടെ സമീപനം ഇതാണ്. നിങ്ങൾ ഈ സംസ്ഥാനത്തെ പോലീസിനെ രാഷ്ട്രീയവൽക്കരിച്ചു കൊണ്ട് പോലീസിനെ മാർക്സിസ്റ്റ് പാർട്ടിയുടെ പിണിയാളാക്കി മാറ്റിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന സാഹചര്യത്തിൽ ആണ് സ്വയം രക്ഷിക്കാനും ആക്രമണങ്ങളെ നേരിടാനും സ്വകാര്യ സേനയുണ്ടാക്കുന്നത്. ആ സാഹചര്യം ഉണ്ടാകാതിരിക്കണമെങ്കിൽ എല്ലാവർക്കും പോലീസ് നീതി നൽകണം. ആരു ഭരിച്ചാലും ഭരണകക്ഷിക്ക് കുറെയൊക്കെ അനുകൂലമായ സമീപനം ഉണ്ടാകുമെന്ന കാര്യം ഞങ്ങൾക്ക് മനസ്സിലാകും. പൂർണ്ണമായും പ്രതിപക്ഷത്തെ അടിച്ചമർത്തുന്നത് ശരിയാണോ? നീതി കാണിക്കേണ്ട പോലീസ് നീതി കാണിച്ചില്ലായെങ്കിൽ ജനങ്ങൾ നീതിക്കുവേണ്ടി സംഘടിക്കേണ്ടിവരും അതിന് കുറ്റം പറയാൻ സാധിക്കുമോ? അതുകൊണ്ട് ആദ്യം നിങ്ങൾ ആ നയം തിരുത്തണം. പോലീസിന്റെ സംരക്ഷണം എല്ലാവർക്കും നൽകണം. കണ്ണൂരിലെ സംഭവം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു. സംഘർഷം ഉണ്ടായപ്പോൾ കണ്ണൂരിൽ മുഖ്യമന്ത്രി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. എല്ലാവരും അതിൽ പങ്കെടുത്തു. ഇനി അക്രമം പാടില്ലായെന്ന് പറഞ്ഞു. ഞങ്ങൾ സഹകരിച്ചു. പൂർണ്ണമായും സഹകരിച്ചു. കോൺഗ്രസ് മുതലെടുപ്പിന് ശ്രമിച്ചിട്ടില്ല. ഞങ്ങൾ സഹകരിച്ച് മുന്നോട്ടുപോയി. അവിടെ പോലീസ് നീതിപൂർവ്വമാണോ പെരുമാറുന്നത്? ഞാൻ ഇങ്ങനെയാണ് ചോദ്യം ചോദിച്ചത്. കണ്ണൂർ ജില്ലയിൽ ആയുധതെരച്ചിലിന് നിയോഗിക്കപ്പെട്ട വിജിലൻസ് ഡി.ഐ.ജി. വിൻസന്റ് പോളിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്കാഡ് കണ്ടെത്തിയ ആയുധ ശേഖരണവും ബോംബ് നിർമ്മാണവും സംബന്ധിച്ച് വിവരങ്ങൾ നിയമസഭയിൽ ലഭിച്ച ഉത്തരം ഞാൻ വായിക്കാം. 21..2.2000-ൽ മറുപടി കിട്ടിയതാണ്. ഇന്റലിജൻസ് ഡി.ഐ.ജി. യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്കാഡ് കണ്ടെത്തിയ ആയുധങ്ങളുടെ വിവരം താഴെ ചേർക്കുന്നു. ഞാൻ മുഴുവൻ വായിക്കുന്നില്ല. ഇരുമ്പ് ദണ്ഡ്-7, മഴു-17, വെടിമരുന്ന് 2 കിലോ, സ്റ്റീൽ തോക്ക് - 9 എണ്ണം, ചീനപ്പടക്കം-6 അങ്ങനെ ധാരാളം ഐറ്റംസുണ്ട്. ഉപചോദ്യം (ബി) ജില്ലയിൽ ആയുധങ്ങൾ കണ്ടെത്തിയ സംഭവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്? 32 കേസുകൾ. ഉപചോദ്യം (സി) ഈ കേസുകളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? "മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്". കണ്ണൂർ ജില്ലയിൽ വ്യാപകമായി ബോംബ് നിർമ്മാണവും ആയുധശേഖരണവും ഉണ്ടാകുമ്പോൾ അവിടെ നിയോഗിച്ച പോലീസ് കണ്ടെത്തിയ സംഭവങ്ങളിൽപ്പോലും പ്രതികളെ അറസ്റ്റു ചെയ്യുന്നില്ല. ആരാണ് അവരെ സംരക്ഷിക്കുന്നത്? അവരെ അറസ്റ്റു ചെയ്യാനുള്ള പച്ചക്കൊടി കാണിക്കുന്നില്ല. നിങ്ങൾ പ്രതികളെ സംരക്ഷിക്കുന്നു. ഇതൊക്കെ ആർക്കുവേണ്ടിയാണ്? ഞാൻ കണ്ണൂർ ജില്ലയിലെ എം.എൽ.എ. യാണ്. ഈ സംസ്ഥാനത്ത് 14 ജില്ലകളുണ്ട്. 13 ജില്ലകളിലുമില്ലാത്ത കുഴപ്പം എന്തുകൊണ്ടാണ് കണ്ണൂരിലുണ്ടായത്? 13 ജില്ലകളിലും കുഴപ്പമില്ലല്ലോ. രാഷ്ട്രീയ സംഘർഷമില്ലല്ലോ. കലാപങ്ങളില്ലല്ലോ. എന്തുകൊണ്ട് കണ്ണൂരിൽ മാത്രം ഉണ്ടായി? ഇതിന് ഉത്തരം പറയേണ്ടത് മാർക്സിസ്റ്റ് പാർട്ടി തന്നെയാണ്. "കോടതി വെറുതെ വിട്ടാലും ഞങ്ങൾ വിടുകയില്ല." എന്ന് പ്രസംഗിച്ചില്ലേ? നിങ്ങൾ എത്ര പ്രതികളെ വെട്ടിക്കൊന്നു. നിങ്ങൾ അണികളെ ഇളക്കിവിട്ട് അവരെ അക്രമത്തിന് പ്രേരിപ്പിച്ച് മുന്നോട്ടു കൊണ്ടുപോയി. നിങ്ങളുടെ ഈ ശൈലി ഇനിയെങ്കിലും മാറണം. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടോ? ശ്രീ. പി.ആർ. കുറുപ്പിന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു ബോംബു സ്ഫോടനമുണ്ടായി. നമ്മളെല്ലാം പത്രത്തിൽ വായിച്ചതാണ്. ഞാൻ അസംബ്ലിയിൽ അതിനെപ്പറ്റി ഒരു ചോദ്യം ചോദിച്ചു. അതിനും 21.2.2000-ൽ ഉത്തരം കിട്ടി. "കണ്ണൂർ ജില്ലയിലെ പാനൂർ ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് മുറിയിൽ 1998 ജനുവരി മാസത്തിൽ ഉണ്ടായ ബോംബു സ്ഫോടനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ'' ഉത്തരം. ''ബോംബു സ്ഫോടന ത്തിന്റെ കാരണം വെളിവായിട്ടില്ല.'' ഈ കാര്യത്തിൽ നടന്ന അന്വേഷണ ത്തിന്റെ നിഗമനങ്ങൾ എന്തെല്ലാമാണ്? രജിസ്റ്റർ ചെയ്ത കേസിന്റെ ഇപ്പോ ഴത്തെ അവസ്ഥ എന്താണ്? കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ എന്താണ് കാരണം? ഉത്തരം : പാനൂർ സ്കൂളിൽ ബോംബു പൊട്ടിയ സംഭവ ത്തിനു പാനൂർ പോലീസ് ക്രൈം നമ്പർ 148/98 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി. തെളിയേണ്ടും പട്ടികയിൽ തീർത്ത് ചേർത്ത റിപ്പോർട്ട് തലശ്ശേരി അഡീഷണൻ ഡി.ഐ.ജി.ക്ക് കൊടുത്തിട്ടുണ്ട്. പട്ടാപ്പകൽ ഒരു സ്കൂളുലുണ്ടായ ബോംബു സ്ഫോടനമാണ്. പത്രങ്ങളിൽ വായിച്ചത് അദ്ധ്യാപകർ ബാഗിൽ നിന്നും ബോംബുപൊട്ടി എന്നാണ്. അദ്ധ്യാ പകർ ഇപ്പോൾ ബോംബും ആയിട്ടാണല്ലോ സ്കൂളിൽ പോകുന്നത്. എന്നിട്ട് കുറ്റാന്വേഷണ രംഗത്ത് അഭിമാനകരമായ പാരമ്പര്യമുള്ള കേരളത്തിലെ പോലീസിന് ആ സംഭവത്തിൽ ആരെയും പിടിക്കാൻ സാധിച്ചിട്ടില്ല. കേസ് തെളിയിക്കാനും സാധിച്ചിട്ടില്ല. എന്താണ് കാരണം? നിങ്ങളുടെ രാഷ്ട്രീയ സംരക്ഷണം. നിങ്ങൾ ഈ സംഭവങ്ങളിൽ പ്രതികളെ സംരക്ഷിക്കുന്നു. സംഘർഷങ്ങളവസാനിപ്പിക്കാൻ നിങ്ങളുടെ ഒരു രാഷ്ട്രീയ തീരുമാനം വേണം. കണ്ണിൽ മണ്ണിടാൻ മാത്രം ഐവാഷിനുവേണ്ടി എന്തെങ്കിലും പറ ഞ്ഞാൽ പോരാ? നിങ്ങൾ ഇവിടെ പറഞ്ഞല്ലോ. സമാധാന സംഭാഷണം നട ന്നു. വിൻസന്റ് പോളിന്റെ (ഡി.ഐ.ജി) നേതൃത്വത്തിൽ ഒരു സംഘത്തെ തെര ച്ചിലിന് നിയോഗിച്ചു. ഇപ്പോൾ വീണ്ടും കൊയ്യോട് സജീവന്റെ കൊലപാതക മുണ്ടായിരിക്കുന്നു. ആ സംഭവത്തിൽ നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ പോലീസിനെയും കളക്ടറെപ്പോലും ഭീഷണിപ്പെടുത്തുകയല്ലേ? ഫെബ്രുവരി 20-ാം തീയതി ഞായറാഴ്ചത്തെ ശ്രീ. ഇ.പി. ജയരാജന്റെ പ്രസ്താവന എന്താണ്. ''ഡി.ഐ.ജി., ആർ,എസ്.എസ്.നു വക്കാലത്ത് പിടിക്കുന്നു.'' ''കൊയ്യോട് സി.പി.എം. പ്രവർത്തകൻ സജീവന്റെ കൊലപാതകത്തെ സംബ ന്ധിച്ച് ഇന്റലിജൻസ് ഡി.ഐ.ജി. വിൻസന്റ് പോൾ നടത്തിയ അഭിപ്രായപ്രക ടനം ആർ.എസ്.എസ്സുകാരന്റേതാണെന്ന് സി.പി.എം. ജില്ലാ സെക്രട്ടറി ശ്രീ. ഇ.പി. ജയരാജൻ പ്രസ്താവിച്ചു. അദ്ദേഹം ആർ.എസ്.എസ്സിനെ ന്യായീകരി ക്കുകയാണ്. ഡി.ഐ.ജി. മാത്രമല്ല കളക്ടർ നടത്തിയ പ്രസ്താവനയും ശരി യല്ല. കളക്ടറുടെ പ്രസ്താവനയും അക്രമികളെ സഹായിക്കുന്നതിന് പര്യാ പ്തമാണെന്നാണ് ശ്രീ. ജയരാജൻ പറയുന്നത്.'' നിങ്ങൾക്കുവേണ്ടി പ്രവർത്തി ക്കുന്ന ഡി.ഐ.ജി. അവിടെ ഇല്ലേ. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. നിങ്ങൾ ഉദ്യോഗസ്ഥന്മാരെ ഭയപ്പെടുത്തുകയല്ലേ. കഴിഞ്ഞ നാലു വർഷ ങ്ങൾക്കിടയിൽ കണ്ണൂരിൽ എത്ര എസ്.പി.മാർ വന്നു. ആറേഴുപേരായില്ലേ. എല്ലാവരും ആറാറുമാസം കൂടുമ്പോൾ മാറിപ്പോയിക്കൊണ്ടിരിക്കുകയാണ്. അവിടെ എത്ര കളക്ടർമാർ വന്നു. കഴിഞ്ഞ പാർലർമെന്റ് ഇലക്ഷനിൽ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെതിരായി നോമിനേഷൻ അച്ചടിക്കേണ്ടയെന്ന് നൽകിയ മറ്റൊരു രാമചന്ദ്രന്റെ പേർ മുല്ലപ്പള്ളി രാമചന്ദ്രൻ എന്ന് തിരുമാനിച്ചതിന്റെ പേരിൽ എം.വി. ജയരാജൻ കളക്ടറെ ഭീഷണിപ്പെടുത്തിയില്ലേ? അദ്ദേഹത്തെ സ്ഥലം മാറ്റിയില്ലേ? നിങ്ങൾ ശ്രീ. പി. രാമകൃഷ്ണനെ തെരഞ്ഞെടുപ്പ് കഴി ഞ്ഞപ്പോൾ സ്ഥലം മാറ്റി.

<u>ശ്രീ. എം.വി. ജയരാജൻ</u> : ശ്രീ. കെ.സി. ജോസഫ് വസ്തുതകൾ തെറ്റി ദ്ധരിപ്പിക്കുന്ന രീതിയിൽ പറയുകയാണ്. അങ്ങേയ്ക്ക് അറിയാവുന്ന കാര്യ മാണ്. അവിടെ ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി സ്ഥാനാർത്ഥിയായിരുന്ന സന്ദർഭ ത്തിൽ അദ്ദേഹത്തിന്റെ ചീഫ് ഇലക്ഷൻ ഏജന്റുമായി സ്ക്രൂട്ടിണി സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

പോയി. പോയ സമയത്ത് ഏകപക്ഷീയമായി ചില തീരുമാനങ്ങൾ എടുക്കുന്നു. റിട്ടേണിംഗ് ഓഫീസർ അതിരുകടന്ന് നിയമവിരുദ്ധമായി ചില തീരുമാനങ്ങൾ പ്രകടിപ്പിക്കുന്നു. ആ നിയമവിരുദ്ധമായ നടപടിയെ അവിടെ എല്ലാ പേരും ഇരുന്ന സമയത്ത് എതിർത്തതാണ്. നിയമവിരുദ്ധമായിട്ടുള്ള നടപടി സ്വീകരിക്കുവാൻ പാടില്ല. അതിനെ ദുർവ്യാഖ്യാനം ചെയ്ത് ഭീക്ഷണിപ്പെടുത്തലാണെന്ന് പറഞ്ഞിട്ട് ഇവിടെ അവതരിപ്പിക്കുകയാണ്. മഹാകഷ്ടമാണ്.

<u>ശ്രീ. കെ.സി. ജോസഫ്</u> : ജില്ലാ റിട്ടേണിംഗ് ഓഫീസറായ കളക്ടറുടെ തീരുമാനം നിയമപ്രകാരമുള്ളതാണ്. ആ ഡിസിഷൻ എടുക്കേണ്ട ആളിന്റെ Prerogative ആണിത്. അങ്ങയുടെ തീരുമാനം അല്ലല്ലോ കളക്ടർക്ക് binding ആയുള്ളത്. പത്രങ്ങളിൽ വാർത്ത വന്നതല്ലേ? അവിടെ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെതിരെ മത്സരിച്ച മറ്റൊരു രാമചന്ദ്രന്റെ പേര് ബാലറ്റ് പേപ്പറിൽ മുല്ലപ്പള്ളി രാമചന്ദ്രനെന്ന് അച്ചടിക്കാതിരുന്നതിന് ശ്രീ. എം.വി. ജയരാജൻ ഭീഷണിപ്പെടുത്തിയെന്ന് പത്രത്തിൽ വാർത്തവന്നു. ഏതായാലും നിങ്ങൾ കളക്ടറെമാറ്റി. പുതിയ കളക്ടറെ കൊണ്ടുവന്നു. ഇപ്പോൾ എന്താണ് പറയുന്നത്? ഇപ്പോഴത്തെ കളക്ടറും ആർ.എസ്.എസ്. സഹായി ആണെന്നാണ്. നിങ്ങളോട് ആരെങ്കിലും സഹകരിച്ചില്ലങ്കിൽ നിങ്ങൾക്ക് ഇഷ്ടമില്ലാത്തത് ആരെങ്കിലും പറഞ്ഞുപോയാൽ അവരെ ഭീഷണിപ്പെടുത്തുക, ഈ നയം തിരുത്താതെ നിങ്ങൾ മുന്നോട്ടു പോകുന്നത് ഒരിക്കലും ഗുണം ചെയ്യുകയില്ല. നിങ്ങളുടെ അസഹിഷ്ണുതയാണ് പലതിനും കാരണം. കഴിഞ്ഞ രണ്ട് ആഴ്ചയ്ക്കു മുൻപ് തളിപ്പറമ്പിൽ സംഘർഷമുണ്ടായി. അവിടെ ലീഗിന്റെ പ്രവർത്തകരുടെ വീടുകയറി ആക്രമിച്ചു. നിരവധി വീടുകൾ ഞങ്ങൾ സന്ദർശിച്ചു. അർദ്ധരാത്രി വീട്ടിൽ കയറി കാർ കത്തിച്ച സംഭവം. വാഹനങ്ങൾ തീവയ്ക്കുന്നു. കടകൾ കൊള്ളയടിക്കുന്നു. ആരാണ് ഇതൊക്കെ നടത്തിയത്? ശ്രീ. പിണറായി വിജയൻ അവിടെവന്നു പറഞ്ഞു, അതിൽ അക്രമിക്കപ്പെട്ടത് ലീഗുകാരല്ല എൽ. ഡി.എഫ്. കാരാണെന്ന്. ഇപ്പോൾ നിങ്ങൾക്ക് പുതിയ അടവുണ്ട്. നിങ്ങൾക്ക് ഇഷ്ടമില്ലെങ്കിൽ ലീഗുകാരെ എൽ.ഡി.എഫ്. കാരാക്കുക. അല്ലെങ്കിൽ അക്രമിച്ചവരെ ബി.ജെ.പി. ക്കാരാക്കുക. എന്റെ മണ്ഡലത്തിൽ നടുവിൽ ഉള്ള ഒരു മുസ്ലീം പള്ളിയിലേയ്ക്ക് ബോംബേറ് ഉണ്ടായി. പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണിയും ശ്രീ. കെ. സുധാകരനും ഞങ്ങളൊക്കെ അവിടെപ്പോയി കണ്ടതാണ്. ഈ ജില്ലയിൽ നിങ്ങളുടെ സമാധാന സമ്മേളനം കഴിഞ്ഞ ശേഷം അക്രമം അഴിച്ചുവിടുന്നു. കോൺഗ്രസ്സിനെ ആക്രമിക്കുന്നു, ബി.ജെ.പി.യെ ആക്രമിക്കുന്നു, ലീഗിനെ അക്രമിക്കുന്നു ഇങ്ങനെ പോകുന്നത് കണ്ണൂരിന്റെ ശൈലിക്ക് ഗുണകരമാണോ? ഏറ്റവും അവസാനം ഉണ്ടായ സംഭവം എന്താണ്? ഇന്നലെ ശ്രീ. സി.എഫ്. തോമസ് സഭയിൽ ഉന്നയിച്ച വിഷയമാണ്. കഴിഞ്ഞദിവസം ഇവിടെ പറഞ്ഞതാണ്; ചങ്ങനാശ്ശേരിയിലെ എസ്.ബി. കോളേജിൽ സമരമുണ്ടായി. ആ സമരം കഴിഞ്ഞു. അതിനുശേഷം എസ്.ബി. കോളേജിലെ വിദ്യാർത്ഥികൾ കോട്ടയത്ത് യൂത്ത് ഫെസ്റ്റിവെലിനു പോയി. അവർ തിരിച്ചു മടങ്ങുമ്പോൾ അവരെ ആക്രമിച്ചു. അർദ്ധരാത്രിയിലാണ് അവരെ ആക്രമിച്ചത്. അതുമാത്രമാണോ? അവർ പങ്കെടുത്ത മൽസരങ്ങൾ നിങ്ങൾ അലങ്കോലപ്പെടുത്തി. എസ്.ബി. കോളേജിൽ നിങ്ങളുടെ രാഷ്ട്രീയ താല്പര്യം നടക്കാതെ പോയതുകൊണ്ടു പാവപ്പെട്ട വിദ്യാർത്ഥികൾ കലോൽസവത്തിനു പോകുമ്പോൾ ഭീഷണിപ്പെടുത്തുന്നു, മർദ്ദിക്കുന്നു. മുഖ്യമന്ത്രി കേസ് എടുക്കുമെന്ന് പറഞ്ഞു. എടുത്തോ? ഈ നാട്ടിൽ നിങ്ങൾ ഭയപ്പാടിന്റെ അന്തരീക്ഷം സൃഷ്ടിക്കുകയാണ്. സംഘർഷങ്ങൾ ഉണ്ടായാൽ സാക്ഷി പറയുവാൻ ആളില്ല. മൊഴി കൊടുക്കുവാൻ ആളില്ല. മഹാത്മാഗാന്ധി

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവെൽ റാന്നിയിലാണ്. ശ്രീ. രാജു എബ്രഹാമിന്റെ മണ്ഡലത്തിൽ. എസ്.ബി. കോളേജിലെ കുട്ടികളെ റാന്നിയിൽ വന്നാൽ നേരിടുമെന്ന് പറഞ്ഞു. ഇതാണോ നിങ്ങളുടെ ശൈലി? ഇതാണോ ആവിഷ്ക്കാര സ്വാതന്ത്ര്യം? ഇവിടെ ബോധപൂർവ്വമായി പ്രതിപക്ഷത്തെ അടിച്ചമർത്തുന്നു. ഈ സഭയിൽ ഇന്നലെ എന്തുണ്ടായി? നമ്മൾ എല്ലാം കണ്ടതല്ലേ; പ്രൊഫ. എ.വി. താമരാക്ഷന് സ്പീക്കർ അലോട്ടുചെയ്ത സീറ്റിലിരുന്നു സംസാരിച്ചപ്പോൾ എന്തൊരു ആക്രോശമായിരുന്നു.

<u>ശ്രീ. എം.വി. ജയരാജൻ</u> : അദ്ദേഹത്തിന്റെ അടുക്കൽ നിങ്ങളും പോയില്ലേ?

<u>ശ്രീ. കെ.സി. ജോസഫ്</u> : ഞങ്ങൾ പോയത് എപ്പോഴാണ്? ആടിനെ പട്ടിയാക്കരുത്. ഇന്ന് എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരാണ് പോയതെന്ന് ഞാൻ ആരുടെയും പേരു പറയുന്നില്ല. ഇവിടെ നിന്നുകൊണ്ട് സംസാരിക്കുവാൻ പാടില്ല എന്നുപറഞ്ഞ് നിങ്ങൾ അങ്ങോട്ടുപോയി. ശ്രീ. താമരാക്ഷനെ ഭീഷണിപ്പെടുത്തി. ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഇതാണ് അനുഭവമെങ്കിൽ പിന്നത്തെ കാര്യം പറയണമോ? എല്ലാ പത്രക്കാരും ഗ്യാലറിയിൽ ഉണ്ടായിരുന്നല്ലോ. അവരൊക്കെ കണ്ടു അവർ എഴുതി. ഇവിടെ ചെയർ തന്നെപറഞ്ഞില്ലേ, ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചോ എന്ന് ചോദിച്ചില്ലേ? ഇങ്ങനെ ഈ സഭയിൽപോലും ഒരു എം.എൽ.എ.യെ ഭീഷണിപ്പെടുത്തി വായ് അടപ്പിക്കുവാൻ ശ്രമിക്കുന്നു. നിങ്ങളുടെ ഈ ശൈലിയാണ് അപകടം. നിങ്ങൾക്ക് സഹിഷ്ണുതയില്ല. നിങ്ങൾ ദയവായി കുറച്ച് ശാന്തമായി ചിന്തിക്കണം. ഈ സഭയിൽ 140 എം.എൽ.എ.മാരുടെയും പത്രക്കാരുടെയും മുൻപിൽവച്ച് ഇതാണ് സ്ഥിതിയെങ്കിൽ പിന്നത്തെ കാര്യം പറയണോ? നിങ്ങൾക്ക് ഇഷ്ടമില്ലാത്തത് ആരെങ്കിലും പറഞ്ഞാൽ ഭീഷണിപ്പെടുത്തും, ആക്രമിക്കും. ഈ ശൈലി മാറ്റാതെ നിങ്ങൾ മുന്നോട്ടുപോകുന്നത് ഗുണം ചെയ്യുകയില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ നിയമം ആവശ്യമായ നിയമമാണ്. നിയമത്തിന് ആവശ്യകത ഉണ്ടായത് ഗവൺമെന്റിന്റെ നയം കൊണ്ടാണ്. ജനങ്ങൾക്ക് രക്ഷയില്ല, പോലീസിന്റെ സംരക്ഷണമില്ല. പോലീസിന്റെ സംരക്ഷണമില്ലാതാകുമ്പോൾ ജനങ്ങൾ രക്ഷയ്ക്കുവേണ്ടി ആയുധം എടുത്ത് പരിശീലനത്തിനുപോയാൽ അവരെ കുറ്റപ്പെടുത്തുവാൻ പറ്റില്ല. ആ സാഹചര്യം ഉണ്ടാക്കാതെ പോലീസിന്റെ നീതി എല്ലാ പൗരന്മാർക്കും ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാകണം. അതുകൊണ്ട് പോലീസ് നയത്തിൽ മാറ്റം വരുത്തി, നിയമത്തിന്റെ മുൻപിൽ തുല്യ അവകാശവും സംരക്ഷണവും എല്ലാപേർക്കും നൽകിയാൽ മറ്റ് പരിശീലനമൊന്നും ഉണ്ടാവില്ല. നിയമത്തിന്റെ മുൻപിൽ സംരക്ഷണമുണ്ടായാൽ ഇതിന്റെയൊന്നും ആവശ്യമില്ല. അതുകൊണ്ട് ഈ നയം നിങ്ങൾ ദയവായി തിരുത്തി കേരളത്തിലെ പോലീസിനെ നിക്ഷ്പക്ഷമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട കെ.സി. ജോസഫ് ഇവിടെ സൂചിപ്പിച്ചതുപോലെ ദേശീയ തലത്തിൽ ആകമാനം അസ്വസ്ഥതകൾ വാരിവിതറിക്കൊണ്ട് സംഘപരിവാറിന്റെയും ആർ.എസ്.എസ്.ന്റെയും താണ്ഡവനൃത്തം നടക്കുകയാണ്. നമ്മുടെ സമസ്ത മേഖലകളെയും വർഗ്ഗീയവൽക്കരിക്കുവാൻവേണ്ടി ഒരു പ്രത്യേകമായ ഹിഡൻ അജണ്ടയുമായി ബി.ജെ.പി.യുടെയും സംഘപരിവാറിന്റെയും ആർ.എസ്.എസിന്റെയും പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന ഒരു രാജ്യം, വളരെ ഉത്കണ്ഠയോടെ നോക്കിക്കാണുന്ന ഒരു സാഹചര്യമാണ് ഇവിടെ ഉള്ളത്. മഹാത്മാഗാന്ധിയുടെ ഘാതകരായി രംഗത്ത് വന്ന്, കഴിഞ്ഞ കുറെ വർഷങ്ങളായി ഇൻഡ്യാ രാജ്യത്ത് വർഗ്ഗീയ വികാരം ആളിക്കത്തിക്കുവാൻ ശ്രമിക്കുന്ന ആർ.എസ്.എസ്. അവർക്ക് എല്ലാ കാലഘട്ടത്തിലും വർഗ്ഗീയ വികാരം ആളികത്തിച്ച് രാഷ്ട്രീയ ലാഭം കൊയ്യാൻ വേണ്ടിയുള്ള സമീപനമാണ് അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഈ ദിവസം ഈ സഭയിൽ നമ്മൾ ഇത് ചർച്ച ചെയ്യുമ്പോൾതന്നെ ഇൻഡ്യൻ പാർലമെന്റിൽ ശബ്ദായമാനമായ രംഗങ്ങൾ, ഗുജറാത്തിലെ സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ആർ.എസ്.എസ്.-ൽ അംഗത്വം നിഷേധിച്ച നിയമം വീണ്ടും പുനഃസ്ഥാപിക്കുവാൻ അവിടത്തെ ഗവൺമെന്റ് തീരുമാനിച്ചതിനു എതിരായിട്ട് അതിശക്തമായ പ്രതിഷേധത്തിന്റെ ഇരമ്പൽ പാർലമെന്റിൽ ഉയരുകയാണ്. ഇവിടെ ശ്രീ. കെ.സി. ജോസഫ് സൂചിപ്പിച്ചു, നമ്മുടെ എം.എൽ.എ.മാർ ഗുജറാത്തിൽ സസ്പെൻഷനിലാണ്. സ്വന്തം മുന്നണിയിൽപ്പെട്ട എം.എൽ.എ.യെ തള്ളാൻ പോയതിന്റെ പേരിലല്ല, സസ്പെൻഷനിലായത്. ബി.ജെ.പി. ഗവൺമെന്റ് സർക്കാർ ജീവനക്കാർക്ക് ആർ.എസ്.എസിൽ അംഗത്വം കൊടുക്കാനുള്ള അധികാരം പുനഃസ്ഥാപിച്ചതിൽ പ്രതിഷേധിച്ച് ഗുജറാത്തിലെ എം.എൽ.എ. മാർ സമാധാനപരമായി ഗവർണറുടെ പ്രസംഗത്തിൽ പ്രതിഷേധിച്ചതിന്റെ പേരിൽ അവിടത്തെ എം.എൽ.എ.മാരെ സസ്പെന്റ് ചെയ്തിരിക്കുന്നു. അവിടെ കോൺഗ്രസ് നേതാക്കന്മാർ അടക്കമുള്ളവർക്ക് നേരെ ലാത്തിചാർജ് നടത്തി. ഇവിടെ കഴിഞ്ഞ കുറെ ദിവസങ്ങളായി എന്ത് കേട്ടാലും കോൺഗ്രസ്സിനെ കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്ന ഭരണപക്ഷ ബഞ്ചുകളിലിരിക്കുന്നവർ ചോദിക്കുന്നത് ആർ.എസ്.എസ്സിനെ എതിർക്കുവാൻ നിങ്ങൾ എന്ത് ചെയ്തു?

[12 Noon] സർ, ഒരു സംശയവും വേണ്ട, ഞങ്ങൾ അന്നു മുതൽ ഇന്നു വരെ ഒരു നിലപാടു മാത്രമേ എടുത്തിട്ടുള്ളൂ. രാജ്യം കണ്ടെത്തിയ മഹാത്മാഗാന്ധിയെപ്പോലെ മഹാനായ നേതാവിനെ വെടിവച്ചു വീഴ്ത്തിയ ആർ.എസ്.എസ്സിനോട് സന്ധി ചെയ്യാൻ ഒരു മിനിട്ടു പോലും കോൺഗ്രസ്സിനുണ്ടായിട്ടില്ല. പക്ഷേ അപ്പുറത്തിരിക്കുന്ന ആളുകൾ അധികാരം പങ്കിട്ടു. എങ്ങനെയാണ്? ഓർമ്മയില്ലേ 1977-ലെ കാര്യങ്ങൾ? എനിക്ക് ഓർമ്മയുണ്ട്. ഞാൻ മാതമംഗലം ഗവൺമെന്റ് ഹൈസ്കൂളിൽ പഠിക്കുന്ന സമയമാണ്. അവിടെ പാർലമെന്റ് തെരഞ്ഞെടുപ്പു സമയത്ത് സ്ഥാനാർത്ഥി ആരായിരുന്നു? നിങ്ങളും ജനസംഘം ഒരുമിച്ച് ഒരു മുന്നണിയുണ്ടാക്കിയില്ലേ? ആർ.എസ്.എസ്സിനെതിരായി സന്ധിയില്ലാത്ത പോരാട്ടം നടത്തിയ ഒരേയൊരു രാഷ്ട്രീയപ്രസ്ഥാനം ..... അതിൽ സംശയമില്ല. ഞങ്ങൾ ആർ.എസ്.എസ്സുമായി കൂട്ടുകെട്ടുണ്ടാക്കി അധികാരം പങ്കിടാൻ പോയിട്ടില്ല. തൊട്ടവനെ തൊടാൻ തീരുമാനിച്ചിട്ടില്ല. ആർ.എസ്.എസ്സുകാരനെ സഹായിക്കുന്നവനെ സപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചിട്ടില്ല .....

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : വടകരയും ബേപ്പൂരും അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : എന്തിനാണ് ഗോവിന്ദൻ മാസ്റ്ററേ അതൊക്കെ പറയുന്നത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ദേശീയ തലത്തിൽ ബി.ജെ.പി.യുടെ അജണ്ട വളരെ വ്യക്തമാണ്. ആർ.എസ്. എസ്സിന്റെ അജണ്ട വ്യക്തമാണ്. രാജ്യത്ത് വർഗ്ഗീയ കലാപമുണ്ടാക്കുക.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : കേരള സർവ്വകലാശാലാ സെനറ്റിലേയ്ക്ക് അറിയപ്പെടുന്ന ആർ.എസ്.എസ്./ബി.ജെ.പി. നേതാവിനെ നോമിനേറ്റു ചെയ്തത് നിങ്ങളുടെ മുഖ്യമന്ത്രി നാടുഭരിക്കുമ്പോളല്ലേ? കേരള സർവ്വകലാശാലയുടെ ചരിത്രത്തിലൊരിക്കലെങ്കിലും ഒരു ബി.ജെ.പി. ആർ.എസ്.എസ്. നേതാവിനെ നോമിനേറ്റു ചെയ്തിട്ടുണ്ടോ? അതാരാണ് ചെയ്തത്? ഗവർണർ എങ്ങനെ ചെയ്തു? അതിനുത്തരം പറയൂ. അങ്ങ് അത് അറിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ.സി. വേണുഗോപാൽ : അതിനെക്കുറിച്ച് കഴിഞ്ഞ സഭയിൽ അങ്ങു പ്രസംഗിച്ചതാണ്. ഞാനും അതിനുമുൻപ് പ്രസംഗിച്ചതാണ്. അവിടെ ഡി.വൈ.എഫ്.ഐ-യുടെ സെക്രട്ടറി ശ്രീ. എം.വി. ജയരാജൻ ഇരിപ്പുണ്ട്. അദ്ദേഹം ഒരു പ്രസ്താവന ഇറക്കിയോ? ബി.ജെ.പി.യുടെ ജില്ലാ നേതാവിനെ സെനറ്റിലേയ്ക്ക് നോമിനേറ്റു ചെയ്തിട്ട് ഒരക്ഷരം മിണ്ടാതെ നിൽക്കുന്ന നിങ്ങളാണ് ബി.ജെ.പി.യെ സപ്പോർട്ട് ചെയ്യുന്നത്. ബി.ജെ.പി.യെ എതിർക്കണമെന്ന കാര്യത്തിൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഒരു അഭിപ്രായവ്യത്യാസത്തിന്റെയും പ്രശ്നമില്ല. ഞങ്ങൾ അന്നു മുതൽ എടുക്കുന്ന തീരുമാനം ആവർത്തിക്കുക തന്നെയാണ് ചെയ്യുന്നത്. ഈ രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ വിഷലിപ്തമായ വർഗ്ഗീയ പ്രചരണം ഉണ്ടാക്കാൻ സംഘ്പരിവാർ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഏതായാലും വളരെ വ്യാപകമായി ആർ. എസ്.എസ്സും ബി.ജെ.പി.യും നടത്തുന്ന അക്രമങ്ങളെ നമുക്കു നേരിടേണ്ടതുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇൻഡ്യയിലെ യുവാക്കൾക്ക് ഒരുപാട് ആശയങ്ങൾ കൊടുത്തുകൊണ്ട് അവർക്കനുകൂലമായ നടപടികളെടുക്കാൻ വേണ്ടിയുണ്ടാക്കിയ നെഹ്റു യുവകേന്ദ്രത്തെ വർഗ്ഗീയ വൽക്കരിക്കാൻ വേണ്ടിയുള്ള തീരുമാനം എല്ലാ ഭാഗങ്ങളിലുമുണ്ടായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വിശ്വൻ : ബഹുമാനപ്പെട്ട മെമ്പർ, നിങ്ങളുടെ പ്രസ്ഥാനം ബി.ജെ.പി. ക്കെതിരായി ശക്തമായ പോരാട്ടം നടത്തിയിരുന്നുവെങ്കിൽ ശ്രീ. അരുൺ നെഹ്റു, ശ്രീ. സഞ്ജയ് സിംഗ്, ശ്രീമതി മീരാകുമാർ എന്നിവരടക്കമുള്ള നേതാക്കൾ മാത്രമല്ല, ദശലക്ഷക്കണക്കിന് നിങ്ങളുടെ പാർട്ടിയെ പിൻതുണയ്ക്കുന്നവർ ഒരിക്കലും ബി.ജെ.പി.യിൽ പോകുകയില്ലായിരുന്നു. അങ്ങനെ പോയത് നിങ്ങളുടെ നയത്തിന്റെ ഭാഗമായിട്ടാണ്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇന്നു നിങ്ങൾ ഗുജറാത്തിന്റെ പ്രശ്നം പിടിച്ചുകൊണ്ട് മുന്നോട്ടു വന്നിട്ടുണ്ട്. അതു നല്ലതു തന്നെ.

ശ്രീ. കെ.സി. വേണുഗോപാൽ : അങ്ങ് ഇതു പറഞ്ഞതു നന്നായി. കേരളത്തിൽ ബി.ജെ.പി-യുടെ പ്രവർത്തകൻമാരുടെ എണ്ണമെടുത്തു പരിശോധിച്ചാൽ, കുറേയാളുകളെ കൊല്ലുന്നവരുടെ ലിസ്റ്റുമെടുത്തു പരിശോധിച്ചുനോക്കിയാൽ നിങ്ങളുടെ പാർട്ടിയിൽ നിന്നും പോയവരാണ് മിക്കവാറുമുള്ള ആളുകൾ എന്നതാണ് സത്യം. മാർക്സിസ്റ്റു പാർട്ടിയിൽനിന്ന് പോയവരാണ്. ഞങ്ങളുടെ പാർട്ടിയിൽ നിന്നല്ല. അതിന് ഏറ്റവും വലിയ ഉദാഹരണം ഉണ്ട്. തിരുവനന്തപുരം ഈസ്റ്റിലും മഞ്ചേശ്വരത്തും നിങ്ങൾ മൂന്നാം സ്ഥാനത്താണ്. എങ്ങനെയാണ്? ഞങ്ങൾ ഒന്നാം സ്ഥാനത്താണ്.....(ബഹളം).....കോൺഗ്രസ്സിൽ നിന്ന് ആളുകൾ വരികയും പോകുകയും ചെയ്തിട്ടുണ്ട്. എല്ലാ കാലത്തും പോയിട്ടുണ്ട്. കോൺഗ്രസ് എന്നു പറയുന്നത് ഒരു മഹത്തായ പ്രസ്ഥാനമാണ്. അതിനകത്ത് ആളുകൾ വരും, പോകും. അതൊന്നും ഞങ്ങൾ ചിന്തിക്കാറില്ല. നിങ്ങളുടെ പാർട്ടിയിൽ നിന്നുള്ള പ്രവർത്തകരാണ്

ബി.ജെ.പി.യിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത്. അതു തടഞ്ഞുനിർത്താൻ പറ്റുന്നുണ്ടോ? നമ്മളെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമായ.....

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : ഗുജറാത്തിലെ കാര്യം അങ്ങു പറഞ്ഞത് സ്വാഗതാർഹമായ കാര്യമാണ്. പാർലമെന്റിൽ എടുത്ത നിലപാടും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കേരളത്തിൽ നിയമസഭാ സീറ്റിലും ചില പാർലമെന്റു സീറ്റുകളിലും കോൺഗ്രസ്സുമായി രഹസ്യധാരണ ഉണ്ടാക്കിയിരുന്നു എന്നു ശ്രീ. രാജഗോപാലും ശ്രീ. കെ.ജി. മാരാരും ഉൾപ്പെടെ വളരെ ശക്തമായി, ആ വിഷയം അവതരിപ്പിച്ചിട്ട് ഒരു മറുപടിപോലും കോൺഗ്രസ്സിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല എന്നത് നിഷേധിക്കാൻ പറ്റുമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : ഇതു ശരിയല്ല. ശ്രീ. രാജഗോപാൽ പറഞ്ഞതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനില്ല. ഈ അഭിപ്രായം തന്നെയാണ് നിങ്ങൾ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു കാലത്തു പറഞ്ഞത്. തിരുവനന്തപുരത്ത് ശ്രീ. വി.എസ്. ശിവകുമാറിനെ നിർത്തിയത് ബി.ജെ.പിയെ സഹായിക്കാനാണെന്നു പറഞ്ഞു. അതു ശ്രീ. കണിയാപുരം രാമചന്ദ്രൻ അനുഭവിച്ചില്ലേ? റിസൽട്ട് വന്നല്ലോ? ഈ പ്രചരണം കൊണ്ട് ഒന്നും നടക്കാൻ പോകുന്നില്ല. ഇൻഡ്യാരാജ്യത്ത് കോൺഗ്രസ്സാണ്...

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : 1967-ൽ ദേശീയജനാധിപത്യത്തിന്റെ പേര് പറഞ്ഞിട്ട് പഞ്ചാബിലും മധ്യപ്രദേശിലും ബീഹാറിലുമെല്ലാം ജനസംഘിന്റെ കൂടെ പോയി ഭരിച്ച ഒരു ഇടതുപാർട്ടിയുണ്ട്. അതിന്റെ പേര് അറിയാമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : അത് എല്ലാവർക്കും അറിയാവുന്ന തല്ലേ? ആ കാര്യത്തെക്കുറിച്ച്....

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ബാബറി മസ്ജിദ് പൊളിച്ച ശേഷവും അതിനു മുമ്പും കോൺഗ്രസ് എടുത്ത നിലപാട് ഓരോന്നായി നോക്കിയാൽ ഒറ്റ ഉദാഹരണം പറയാം. ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റിനെ പുറത്താക്കാൻ വേണ്ടി ബി.ജെ.പി-യോടൊപ്പം വോട്ടു ചെയ്തുകൊടുത്ത പാർട്ടി ഏതാണ്? എന്തിനാണ് പുറത്താക്കിയത്? രഥയാത്ര തടയാൻ വേണ്ടി ശ്രമമെടുത്ത ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റിനെ താഴെയിറക്കാൻ വേണ്ടി കോൺഗ്രസ്(ഐ) ഉൾപ്പെടെ ചേർന്നുകൊണ്ടാണ് വോട്ടു ചെയ്തത്. അങ്ങനെയല്ലേ ശ്രീ. വി.പി. സിംഗ് താഴെയിറങ്ങിയത്? ഇറക്കിയതാരാണ്? എന്തു കാര്യത്തിനാണ് താഴെയിറക്കിയത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ശ്രീ. നരസിംഹറാവുവിന്റെ പേരിൽ അവിശ്വാസപ്രമേയം കൊണ്ടുവന്ന അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. എൽ.കെ. അദ്വാനി; അതു പാസ്സാക്കാൻ ബി.ജെ.പിയും ഇടതുപക്ഷവും മാർക്സിസ്റ്റു പാർട്ടിയും ഒന്നിച്ചു നിന്നു. ത്ധാർഖണ്ഡ് മുക്തിമോർച്ച എതിർത്തു. അല്ലെങ്കിൽ അന്ന് എൽ.കെ. അദ്വാനി ഇൻഡ്യയുടെ പ്രധാനമന്ത്രി ആകുമായിരുന്നു. ആ സാഹചര്യത്തിന് ശ്രമിച്ചതല്ലേ ഇവർ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : ഇതിനകത്ത് ഒരു ഡിബേറ്റിന്റെ പ്രശ്നമില്ല. ശ്രീ. വി.പി. സിംഗിന്റെ കാലത്ത് ബഹുമാനപ്പെട്ട ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും ശ്രീ. അദ്വാനിയും ഒന്നിച്ചിരുന്ന് അത്താഴമുണ്ണുന്നതും നയപരമായ കാര്യങ്ങളൊക്കെ ചർച്ച ചെയ്തതും നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. ആർ.എസ്.എസ്. ഉയർത്തുന്ന വർഗ്ഗീയതാൽപ്പര്യങ്ങളെ എതിർത്തുതോൽപ്പിച്ചേ മതിയാകൂ. ഇവിടെ 'വാട്ടർ' സിനിമയെക്കുറിച്ച് എല്ലാവരും പറയുന്നു. ആവിഷ്ക്കാരസ്വാതന്ത്ര്യത്തെപ്പോലും ഹനിക്കുന്ന രീതിയിൽ, ആ

LIBRARY ARCHIVES Kerala Legislative Assembly

സിനിമ ഇവിടെ ചിത്രീകരിക്കാനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിൽ മദ്ധ്യപ്രദേശിലുണ്ടായ സംഭവവികാസങ്ങളും അവിടത്തെ ഗവൺമെന്റ് നേരിട്ടതും നമ്മൾ കണ്ടതാണ്. ഇക്കാര്യത്തിൽ ആർ.എസ്.എസ്. നടത്തിക്കൊണ്ടിരിക്കുന്ന വെല്ലുവിളി നേരിടാൻ കൂട്ടായ സമീപനം ആവശ്യമാണ്. അതിന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും യോജിക്കേണ്ടത് അനിവാര്യമാണ്. ആർ.എസ്.എസ്സിന്റെ ഇത്തരത്തിലുള്ള സമീപനം അവസാനിപ്പിക്കണം. നമ്മുടെ അമ്പലങ്ങളിലും പൊതുസ്ഥലങ്ങളിലുമൊക്കെ ആയുധപരിശീലനം നടത്തുക, വർഗ്ഗീയതാൽപ്പര്യങ്ങളെ സംരക്ഷിക്കാനുള്ള വേദിയായി അമ്പലങ്ങൾ മാറുക, അത്തരത്തിലുള്ള ആർ.എസ്.എസ്സിന്റെ പ്രത്യേകമായ ഒരു താൽപ്പര്യം സംസ്ഥാനത്ത് ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല. അവരെ എതിർത്തു തോല്പ്പിച്ചേ മതിയാകൂ. വർഗ്ഗീയവികാരം ആളിക്കത്താൻ ആരാധനാലയങ്ങളെ ഉപയോഗിക്കുന്ന സമീപനം അവസാനിപ്പിക്കാനുള്ള തീരുമാനം അനിവാര്യമാണ്. ഇവിടെ ഇപ്പോഴൊരു നിയമം ഗവൺമെന്റ് കൊണ്ടുവന്നു. നമുക്കു നിയമം ഇല്ലാഞ്ഞിട്ടാണോ? നമ്മുടെ നാട്ടിൽ ഇതിനു മുമ്പും നിയമങ്ങളുണ്ടായിട്ടില്ലേ? ഉള്ള നിയമത്തോടുള്ള നമ്മുടെ സമീപനം എന്താണ്? അത് നടപ്പിലാക്കാനുള്ള സമീപനം വേണം. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിനെ നടപ്പിലാക്കേണ്ടതും പാസ്സാക്കേണ്ടതും അനിവാര്യമാണ്. നമ്മുടെ നാട്ടിൽ ഇപ്പോൾ നിലവിലുള്ള നിയമവ്യവസ്ഥ എന്താണ്? ഇക്കാര്യങ്ങളിൽ ഗവൺമെന്റിന് ചെയ്യാവുന്ന വളരെയധികം കാര്യങ്ങളില്ലേ? എന്താണ് ചെയ്യുന്നത്? ഇവിടെ ശ്രീ. കെ.സി. ജോസഫ് സൂചിപ്പിച്ച കാര്യമെന്താണ്? ആയുധപരിശീലനം തടയാൻവേണ്ടി, കായിക പരിശീലനം തടയാൻ വേണ്ടി നമ്മൾ തീരുമാനമെടുക്കുമ്പോൾ മുഖ്യമന്ത്രി ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷവും നെയ്യാറ്റിൻകരയിൽ നടന്നതെന്താണ്? അമ്പലപ്പുഴയിൽ നടക്കുന്നതെന്താണ്? ഇന്നലെ പത്രങ്ങളിൽ വന്ന വാർത്തയാണ്. നെയ്യാറ്റിൻകരയിലൊക്കെ വനപ്രദേശങ്ങളിൽ അതീവരഹസ്യമായി 150-ഓളം വരുന്ന ആളുകൾക്ക് മാർക്സിസ്റ്റുപാർട്ടി ട്രെയിനിംഗ് കൊടുക്കാൻ ..... ബഹളം ..... ഏതു വോളന്റിയർ മാർച്ച്? എന്തിനാണ് വോളന്റിയർ? ഈ ബില്ലിൽ പറഞ്ഞിരിക്കുന്നകാര്യം ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഒന്നോ അതിൽകൂടുതലോ ആളുകൾക്ക് കായിക പരിശീലനം നടത്തണമെങ്കിൽ എക്സർസൈസ് നടത്തണമെങ്കിൽ ..... ബഹളം ..... ഞാൻ ഈ ബില്ലിനെ വിമർശിക്കുകയല്ല, ഈ ബിൽ അനുസരിച്ച് ഒന്നിൽകൂടുതൽ ആളുകൾ പൊതുവായി ഒരു സ്ഥലത്തുപോയിനിന്ന് എക്സർസൈസ് നടത്താൻപോലും പാടില്ല. അങ്ങനെയുള്ളവരാണ് 150-ഓളം വരുന്ന ആളുകളെ അതീവ രഹസ്യമായി..... ബഹളം.....

<u>ശ്രീ. എ. കണാരൻ</u> : സർ, യഥാർത്ഥ വസ്തുതയിൽ നിന്നും ഒഴിഞ്ഞുമാറുകയാണ്. അമ്പലങ്ങളെ ഉപയോഗിച്ചുകൊണ്ട് അവിടെ ആയുധപുരകളാക്കി മാറ്റി കുത്തും, അടിയും അതുപോലെതന്നെ കൊലപാതകവും പഠിപ്പിച്ചുകൊണ്ടിരിക്കുയാണ് ആർ.എസ്.എസ്. അതേയവസരത്തിൽ യൂത്ത് കോൺഗ്രസ്സുകാർ നടത്തുന്ന വോളന്റിയർ മാർച്ചും കമ്മ്യൂണിസ്റ്റുകാർ നടത്തുന്ന വോളന്റിയർ മാർച്ചും ഒന്നല്ല, രണ്ടാണ്. കമ്മ്യൂണിസ്റ്റുകാർ നടത്തുന്നത് പ്രകടനത്തെ മോടിപിടിപ്പിക്കാൻ ചില ഡ്രസ് ഇട്ട് മാർച്ച് ചെയ്തുകൊണ്ടിരിക്കുന്ന സംഭവമാണ്. അതും ആയുധങ്ങളെടുത്ത് മനുഷ്യനെ കൊല്ലാൻവേണ്ടി പഠിപ്പിക്കുന്ന ട്രെയിനിംഗും രണ്ടും ഒന്നായി കാണരുത്. ..... ബഹളം .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഇതുരണ്ടും ഒന്നായി കാണുന്ന അവസ്ഥയിലല്ല ഞാൻ പറഞ്ഞത്. ഇവിടെ ശ്രീ. കെ.സി. ജോസഫ് ഒരു ലിസ്റ്റു വായിച്ചു. ഡി.ഐ.ജി വിൻസന്റ് പോൾ ആയുധങ്ങൾ തിരക്കാൻവേണ്ടി കണ്ണൂരിൽ പോയപ്പോൾ കിട്ടിയതെന്തൊക്കെയാണ്? നമ്മൾ ആധുനിക മനുഷ്യനുപയോഗിക്കുന്ന മഴു, ഇരുമ്പുദണ്ഡ്, സ്റ്റീൽ ബോംബ്. ഇതൊക്കെ കണ്ടുപിടിച്ചത് എവിടെനിന്നുമാണ്? അങ്ങയുടെ പാർട്ടി ഓഫീസ് ഉൾപ്പെടെയുള്ള പാർട്ടി ഓഫീസുകളിൽനിന്നുമാണ്. കാറൽ മാർക്സിന്റെയും എംഗൽസിന്റെയും സൂക്തങ്ങൾ പഠിപ്പിക്കേണ്ട പാർട്ടി ഓഫീസുകളിൽ എന്തിനാണ് മഴു? എന്തിനാണ് സ്റ്റീൽ ബോംബ്?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ഡി.ഐ.ജി യുടെ റിപ്പോർട്ട് ഇവിടെ ഉദ്ധരിച്ചു. സി.പി.എം. ന്റെ ഓഫിസിൽനിന്നുമാണ് ഈ മഴു എടുത്തതെന്ന്. ഏതെങ്കിലും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതായി പറയാമോ? അല്ലാതെ അവാസ്തവമായി പ്രസ്താവന നടത്തുന്നത് രേഖയിൽ കാണാൻ പാടില്ല. റിപ്പോർട്ടിനെ ഉദ്ധരിച്ചാണ് പറയുന്നത്. സി.പി.എം.ന്റെ ഒരു ഓഫീസിൽനിന്നും ആയുധങ്ങൾ എടുത്തുവെന്ന് ഒരു റിപ്പോർട്ടിലും ഇതുവരെ വന്നിട്ടില്ല. വരാത്ത കാര്യങ്ങൾ ഉണ്ടെന്ന് ഇതുവരെ വന്നിട്ടില്ല, വരാത്ത കാര്യങ്ങൾ ഉണ്ടെന്ന് ഈ നിയമസഭയിൽ വന്ന് തെറ്റിദ്ധരിപ്പിക്കുകയാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : അത് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ നിഷേധിക്കട്ടെ.

<u>ശ്രീ. കെ. സുധാകരൻ</u> : സർ, ഡി.ഐ.ജി. റിപ്പോർട്ടിൽ പറഞ്ഞ രക്തം പുരണ്ട മഴു കണ്ടെടുത്തത് തലശ്ശേരിയിലെ സി.പി.എം. ന്റെ പൂക്കോത്ത് പാർട്ടി ഓഫീസിൽനിന്നുമാണ്. ആ മഴു ഉപയോഗിക്കാൻ സാധാരണ പരിശീലനമില്ലാത്ത ആർക്കും സാധിക്കുകയില്ല. നല്ല പരിശീലനമുള്ളവർക്കുമാത്രമേ അത്തരം മഴുപ്രയോഗം നടത്താൻ സാധിക്കുകയുള്ളൂവെന്ന് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഞാൻ പറഞ്ഞുവന്നത് അതാണ്. പാർട്ടി ഓഫീസുകളെ ആയുധപ്പുരകളാക്കിമാറ്റുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇവിടെ ഞാൻ മനസ്സിലാക്കുന്ന ഒരു കാര്യം. ഇവിടെത്തന്നെ ആർ.എസ്.എസ് ഉം മാർക്സിസ്റ്റുപാർട്ടിയും രണ്ടുപേരും ഉപയോഗിക്കുന്ന ആയുധം, അത് സപ്ലൈ ചെയ്യുന്ന.....

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട കെ. സുധാകരൻ ഇവിടെ സംസാരിക്കുമ്പോൾ സി.പി.എം. ന്റെ പൂക്കോത്തുള്ള പാർട്ടി ഓഫീസിൽനിന്നുമാണ് ചോരപുരണ്ട മഴു കണ്ടെത്തിയതെന്നു പറഞ്ഞു. സി.പി.എം.ന് പൂക്കോത്ത് അങ്ങനെയൊരു ഓഫീസില്ല. പൂക്കോത്ത് ഇല്ലാത്ത ഓഫീസ് ഉണ്ടെന്നുവരുത്തി, ഇല്ലാത്ത കഥയുണ്ടാക്കി ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു പരാമർശമാണ് നടത്തിയത്. അത് രേഖയിൽനിന്നും മാറ്റണം. അത് വാസ്തവവിരുദ്ധമാണ്. പൂക്കോത്ത് സി.പി.എം. ന് ഓഫീസ് ഇല്ല. ..... ബഹളം.....

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഇവരുടെ കുഴപ്പമിതാണ്. ഈ നിയമത്തെ സ്വാഗതം ചെയ്തുകൊണ്ട് ആർ.എസ്.എസ്. ഉയർത്തുന്ന വെല്ലുവിളിയെ നേരിടണമെന്ന് ഞങ്ങൾ പറയുമ്പോൾ, ഈ നിയമം കുറ്റമറ്റതാക്കിമാറ്റാൻ സ്വന്തം മുഖത്തേക്ക് ഒന്ന് ടോർച്ച് ലൈറ്റടിച്ചു നോക്കാൻ ഞങ്ങൾ

പറയുമ്പോൾ അവർ അതിൽ അസഹിഷ്ണുതരാവുകയാണ്. ഇത് ഫാസിസ്റ്റു സ്വഭാവം തന്നെയാണ്. ഇതാണ് ഞങ്ങൾ കുഴപ്പമാണെന്നുപറയുന്നത്. പാനൂർ ഹൈസ്കൂളിൽ ബോംബ് സ്ഫോടനമുണ്ടായിട്ട് രണ്ടുവർഷമായി എന്ന് ശ്രീ. കെ.സി. ജോസഫ് ഇവിടെ പറഞ്ഞു. അത് കണ്ടുപിടിക്കാത്തതെന്തുകൊണ്ടാണ്? ഇപ്പോൾ ബോംബ് സ്ഫോടനം ഉണ്ടായാൽ കണ്ടുപിടിക്കാൻ നിയമം നിലവിലില്ലേ? സ്കൂളിൽ ബോംബ് കൊണ്ടുപോകാൻ പാടുണ്ടോ? സ്കൂളിൽ ബോംബ് പൊട്ടിയില്ലേ? രണ്ടു വർഷമായിട്ടും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. പാർട്ടി ഓഫീസുകളിൽ ബോംബ് സ്ഫോടനം നടന്നുകൊണ്ടിരിക്കുന്നു. സി.പി.ഐ.(എം)ഉം ബി.ജെ.പി.യും കണ്ണൂരിൽ പരസ്പരം ആയുധങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഈ സംഭവങ്ങളുണ്ടായതിനുശേഷമാണ് കണ്ടുപിടിക്കാൻ തുടങ്ങിയത്. അതിന് മുൻപ് എന്തായിരുന്നു സ്ഥിതി? അപ്പോൾ നിയമം ഉണ്ടാക്കിയാൽ മാത്രം പോരാ, നിയമം നടപ്പാക്കാനുള്ള ഒരു സമീപനമുണ്ടാകണം. ആ സമീപനമുണ്ടാകണമെങ്കിൽ അതിനൊരു താൽപര്യം ഈ ഗവൺമെന്റിനുണ്ടാകണം. ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ പോലീസിനെ രാഷ്ട്രീയവൽക്കരിച്ചു. കണ്ണൂർ ജില്ലയിൽ പോലീസിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നുണ്ടോ? തങ്ങളുടെ ആജ്ഞാനുവർത്തികളായ ആളുകൾക്കല്ലാതെ അവിടെ പ്രവർത്തിക്കാൻ കഴിയില്ല. പോലീസിൽ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ അല്പം സ്വതന്ത്രമായി പെരുമാറിയാൽ ആ ഉദ്യോഗസ്ഥന്റെ തല പിറ്റേന്ന് തെറിച്ചിരിക്കും, സംശയമുണ്ടോ? കേരളത്തിലെ ഏറ്റവും നിർജ്ജീവമായിട്ടുള്ള ഉദ്യോഗസ്ഥൻമാരെയാണ് അവിടെ വയ്ക്കുക, കാരണം പറഞ്ഞാൽ അതിനപ്പുറം കേൾക്കാൻ പാടില്ല. ഈ ഒരു സ്വഭാവം നിങ്ങൾ മാറ്റുന്നില്ലായെങ്കിൽ ആർ.എസ്.എസ്.നെ എതിർക്കാൻ നിങ്ങൾക്കെന്ത് ധാർമ്മികാവകാശമാണുള്ളത്? നിങ്ങളുടെ സ്റ്റൈലെന്താണ്? ..... ബഹളം ..... ആർ.എസ്.എസ്. ന്റെ വക്കാലത്ത് പറഞ്ഞ് ഞങ്ങളെ എപ്പോഴും പേടിപ്പിച്ചുകൊണ്ടിരിക്കണ്ട. നിങ്ങളുടെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് വേണ്ട. ആർ.എസ്.എസിനെ എതിർക്കാൻ ഞങ്ങൾക്ക് കഴിവുണ്ട്. ശേഷിയുണ്ട്, എതിർക്കുകതന്നെ ചെയ്യും. അതിന് ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദന്റെ സർട്ടിഫിക്കേറ്റ് വേണ്ട. എന്തു പറഞ്ഞാലും ആർ.എസ്.എസ് എന്ന ഇംപാച്ചി കാണിച്ച് ഞങ്ങളെ പേടിപ്പിക്കണ്ട. ഞങ്ങൾക്ക് ഈ കാര്യത്തിലൊക്കെ തന്നെ നന്നായ നിലപാടുണ്ട്. ആർ.എസ്.എസിന്റെയും അതുപോലെതന്നെ നിങ്ങളുടെയും ഫാസിസ്റ്റ് പ്രവണതയെ എതിർക്കും. ദീപാ മേത്തയുടെ വാട്ടർ എന്ന സിനിമയുടെ ചിത്രീകരണത്തിനെതിരായി പറയുന്ന നിങ്ങളാണ് ഈ രാജ്യത്തെ എല്ലാവിധ സ്വാതന്ത്ര്യത്തെയും ഹനിക്കുന്നത്. വോട്ടു ചെയ്യാനുള്ള ഒരു പൗരന്റെ പ്രാഥമികമായ അവകാശം നിങ്ങൾ കൊടുക്കുന്നുണ്ടോ? മരിച്ചുപോയ എത്രയോ ആളുകൾ ഇന്ന് സ്വർഗ്ഗലോകത്തിരുന്നുകൊണ്ട് പരിതപിക്കുകയല്ലേ? ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററുടെ നാട്ടിൽ എല്ലായിടത്തും ഇന്ന് കള്ളവോട്ടുകളല്ലേ? കഴിഞ്ഞ ഇലക്ഷനിൽ ആലപ്പുഴയിൽ എന്തായിരുന്നു സ്ഥിതി? മരിച്ചുപോയ പുന്നപ്ര വയലാർ രക്തസാക്ഷികളുടെ പേരിലാണ് വോട്ടുചെയ്തിരിക്കുന്നത്. 'ഇല്ല സഖാവ് മരിച്ചിട്ടില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ' എന്ന മുദ്രാവാക്യം പാലിച്ചതായിരിക്കും. അങ്ങനെ മരിച്ചുപോയ സഖാക്കൾ, രക്തസാക്ഷികൾ വോട്ടു ചെയ്തുകൊണ്ട് ഇപ്പോഴും ജീവിക്കുകയാണ്. ഇക്കാര്യത്തിൽ നിങ്ങളുടെ സഹിഷ്ണുത സ്വഭാവം നിങ്ങൾക്ക് കാണിക്കാതെ പറ്റുമോ? നിങ്ങൾക്ക് സഹിഷ്ണുതാമനോഭാവം കാണിക്കേണ്ട കാര്യമുണ്ട്. ഈ രാജ്യത്ത് അത്തരം ജനാധിപത്യപരമായ അവകാശങ്ങളെപ്പോലും ഹനിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് ഇതു

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ യാതൊരു അവകാശവുമില്ലെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. സഹകരണസംഘം തെരഞ്ഞെടുപ്പുകൾ നിങ്ങൾ കണ്ടതല്ലേ? ഈ ഗവൺമെന്റ് ഭരിച്ചപ്പോൾ നടന്നതെന്താണ്? എസ്.പി.യായിരുന്ന ടോമിൻ തച്ചങ്കരിയെ ഒരു സുപ്രഭാതത്തിൽ പെട്ടെന്ന് മാറ്റിയതെന്തിനാണ്? നിഷ്പക്ഷമായി ഒരു ചെറിയ നടപടി എതെങ്കിലുമൊരു പോലീസ്സുകാരനെടുത്താൽ അവന് പിറ്റേന്ന് അവിടെയിരിക്കാൻ പറ്റില്ല. സഹകരണമേഖലയിൽ നിങ്ങൾ എന്താണ് കാണിച്ചത്? അയ്യൻകുന്ന് ബാങ്ക് ഇലക്ഷനിലൊക്കെ നിങ്ങൾ നടത്തിയതെന്താണെന്ന് എല്ലാവർക്കും അറിയാവുന്നതല്ലേ? അപ്പോൾ ആർ.എസ്.എസിന്റെ വർഗ്ഗീയ താൽപര്യങ്ങളെപ്പോലെതന്നെ നിങ്ങളുടെ രാഷ്ട്രീയ ഫാസിസവും കേരളത്തിന് അപകടകരമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. നിങ്ങൾക്ക് അല്ലാതെ പ്രവർത്തിക്കാൻ കഴിയില്ല. ഇപ്പോൾ കൊല്ലം എസ്.എൻ കോളേജിലെ സംഭവമെന്താണ്? സി.പി.ഐ.യുടെ ശ്രീ.കെ.പി രാജേന്ദ്രൻ ഇവിടെ പ്രസംഗിച്ചു. എന്താണ് കൊട്ടിയൂർ സ്ഥിതി? കാഞ്ഞങ്ങാട് എന്താണ് സ്ഥിതി? പയ്യന്നൂരിൽ എന്താണ് സ്ഥിതി? സി.പി.ഐ എന്നു പറഞ്ഞാൽ ഞങ്ങളേക്കാളേറെ കഷ്ടമാണ്. 'അവശൻമാർ, ആർത്തൻമാർ, ആലമ്പഹീനൻമാർ, അവരുടെ സങ്കടം ആരറിയുന്നു' എന്നു പറഞ്ഞതുപോലെയാണ് ഓരോ ദിവസവും കിട്ടുന്നത്. ചാക്കുകെട്ടുപോലെയുള്ള തല്ലാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. പലർക്കും കൈയും കാലുമില്ല. എല്ലാം തല്ലിത്തകർത്തിരിക്കുകയാണ്. നിരാഹാരം കിടക്കേണ്ടിവന്നു. എ.ഐ.എസ്.എഫിന്റെ പ്രമേയം വന്നു. എന്താണ് പ്രമേയം? എ.ബി.വി.പി.യും എസ്.എഫ്.ഐ.യും ഒരു പോലെ വിദ്യാഭ്യാസ രംഗത്ത് അപകടകാരികളാണ്. ഇതാണ് പ്രമേയം. ഇന്നലെ നിങ്ങൾ പാസ്സാക്കിയതല്ലേ? എ.ബി.വി.പി യും എസ്.എഫ്.ഐ യും ഒന്നു പോലെയാണ്. ഇതു ഞങ്ങൾ പറഞ്ഞതല്ല. ആ ബെഞ്ചുകളിലിരിക്കുന്നവർ പറഞ്ഞതാണ്. യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ. മാത്രം പ്രവർത്തിച്ചാൽ മതി. എം.ജി കോളേജിൽ എ.ബി.വി.പി.ക്കാർ മാത്രം പ്രവർത്തിച്ചാൽ മതി. യൂണിവേഴ്സിറ്റി കോളേജിൽ എ.ബി.വി.പി. വേണ്ട. കെ. എസ്.യു. വും വേണ്ട. എ.ബി.വി.പി. യുടെയും എസ്.എഫ്.ഐ. യുടെയും പ്രവർത്തനശൈലി ഒന്നു തന്നെയാണ്. ഞങ്ങൾക്ക് സ്വാധീനമുള്ളിടത്ത് വേറെയാരും വേണ്ട. കൊല്ലം എസ്.എൻ കോളേജിൽ 25 വയസ്സുള്ള ആൾ പഠിക്കാൻ വന്നു. അതാണ് വലിയ പ്രശ്നം. യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുന്നവരുടെ കാര്യം നോക്കിയാൽ മതി. പത്തു മുപ്പത്തിയഞ്ചു വയസ്സു കഴിഞ്ഞവരാണ് അവിടെ പഠിക്കുന്ന ചിലർ, ആ കാര്യങ്ങളൊക്കെ പലപ്പോഴും പത്രങ്ങളിൽ വന്നതാണ്. അതൊന്നും ഞാൻ പറയുന്നില്ല.

<u>ശ്രീ. കെ. അച്യുതൻ</u> : സർ, സഹകരണബാങ്കിന്റെ കാര്യം ഇവിടെ സംസാരിച്ചപ്പോൾ, പാലക്കാട് ജില്ലയിലെ രണ്ടു സഹകരണബാങ്കിലെ തെരഞ്ഞെടുപ്പിൽ കഴിഞ്ഞവർഷം നൂറു കണക്കിനു സ്ത്രീകൾക്കെതിരായി ആക്രമണങ്ങൾ നടന്നു. സ്ത്രീകളുടെ ജാക്കറ്റുകൾ വരെ വലിച്ചു കീറിയതിനെക്കുറിച്ച് വനിതാ കമ്മീഷനു പരാതി കൊടുത്തു. വനിതാ കമ്മീഷൻ തെളിവെടുപ്പും നടത്തി. അവർ ഗവൺമെന്റിനു റിപ്പോർട്ട് നൽകിയിട്ട് അതിനെതിരായി ഒരു നടപടിയുമെടുത്തു കണ്ടില്ലെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : ഗവൺമെന്റു ചെയ്യുന്ന കാര്യങ്ങളിലൊക്കെ ആത്മാർത്ഥതയില്ലാത്തതുകൊണ്ടാണ് എനിക്ക് ഇങ്ങനെ പറയേണ്ടിവരുന്നത്. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ, നിങ്ങൾ ആർ.എസ്.എസ്സിനെ ക്കുറിച്ച് പറയുന്നുണ്ടോ? നിങ്ങളൊന്നു ആത്മപരിശോധന നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം കൊടുക്കണം. സാമാന്യമായ രാഷ്ട്രീയ പ്രവർത്തനത്തിന് എല്ലാ രാഷ്ട്രീയ കക്ഷികൾക്കും സ്വാതന്ത്ര്യം കൊടുക്കണം. കലാലയങ്ങളിൽ എല്ലാ വിദ്യാർത്ഥി സംഘടനകൾക്കും രാഷ്ട്രീയ സ്വാതന്ത്ര്യം കൊടുക്കണം. അതു കൊടുക്കാതെ ഞങ്ങൾ മാത്രം മതിയെന്നുള്ള അധീശത്വം ഉറപ്പാക്കാൻ നിങ്ങൾ മസിൽ പവർ ഉപ യോഗിക്കുമ്പോൾ തിരിച്ചും റീയാക്ഷനുണ്ടാകുമെന്ന് ഓർക്കണം. അതാണ് കേരളത്തിൽ ആർ.എസ്.എസിനു വളരാൻ വളംവച്ചു കൊടുത്തിരിക്കുന്ന രാഷ്ട്രീയ യാഥാർത്ഥ്യമെന്ന കാരണം ഇനിയെങ്കിലും നിങ്ങൾ ഉൾക്കൊള്ളണം. ആർ.എസ്.എസ്. എവിടെയെങ്കിലും അല്പം വളർന്നിട്ടുണ്ടെ ങ്കിൽ അത് നിങ്ങളുടെ അസഹിഷ്ണുതാ രാഷ്ട്രീയം കൊണ്ടു മാത്രമാണ് എന്നതാണ് അതിനെക്കുറിച്ചുള്ള വിലയിരുത്തൽ. ഒരു സംശയവും അക്കാര്യ ത്തിൽ വേണ്ട. നിങ്ങൾ ആ ശൈലി മാറ്റണം. അതു പറയുമ്പോൾ എല്ലാത്തി നേയും വിമർശിച്ചിട്ടു കാര്യമില്ല. നിങ്ങൾ ഇന്നലെ ഞങ്ങളെക്കുറിച്ച് കുറെ യേറെ പറഞ്ഞല്ലോ? ഞങ്ങളുടെ ഭാഗത്തുനിന്ന് തെറ്റുണ്ടായിട്ടുണ്ടെങ്കിൽ ഞങ്ങൾ അതു തിരുത്താമെന്നു പറഞ്ഞല്ലോ. പയ്യന്നൂർ ടൗണിൽ സജിത് ലാൽ എന്നു പറയുന്ന 19 വയസ്സുള്ള ഒരു പയ്യനെ കൊന്നിട്ട് ആരും സാക്ഷി പറയാൻ പോയില്ല. എന്താണ് ഗോവിന്ദൻ മാസ്റ്ററേ കാരണം.? സാക്ഷി പറ യാൻ പോയ രണ്ടുപേരോട് നാടൻ ബോംബുമായി ചെന്നു പറഞ്ഞു. സാക്ഷി പറയാൻ കോടതിയിൽ കയറിയാൽ നിന്റെ തലയുണ്ടാകില്ല എന്ന്. നിയമ വാഴ്ചയെപ്പോലും വെല്ലുവിളിക്കുന്ന സാഹചര്യവും ഭരണകൂടവും ഇവിടെ നിലനിൽക്കുമ്പോൾ പിന്നെ നിയമങ്ങളുണ്ടാക്കുന്നതിലെന്താണ് അർത്ഥം? നിലവിലുള്ള നിയമ വാഴ്ചയെ മുഴുവൻ തകർക്കുന്ന, നിലവിലുള്ള നിയമമനു സരിച്ച് ഒന്നും പ്രവർത്തിക്കാത്തവർ ഈ നിയമമുണ്ടാക്കിയാലും വരാൻ പോകുന്നതെന്താണ്? എന്തു ഫലമാണുണ്ടാവുക? കോൺഗ്രസ്സുകാരെ വേട്ട യാടാൻ വേണമെങ്കിൽ നിങ്ങൾ ഈ നിയമം തന്നെ ഉപയോഗിക്കും. അക്കാര്യ ത്തിൽ ഒരു സംശയവും വേണ്ട. നിങ്ങളുടെ ഇന്നലെ വരെയുള്ള പ്രവർത്തന ങ്ങൾ പരിശോധിച്ചു നോക്കിയാൽ അതു മനസ്സിലാകും. ഞങ്ങൾ ആർ.എസ്. എസിനെ എതിർക്കാൻ വേണ്ടിയാണ് ഈ ബില്ലിനെ അനുകൂലിക്കുന്നത്. നിങ്ങളുടെ സത്യസന്ധതയേയും ആത്മാർത്ഥതയേയും കുറിച്ച് ഇപ്പോഴും ഞങ്ങൾക്ക് സംശയമുണ്ട്. ഏതു നിയമമുണ്ടാക്കുമ്പോഴും നിങ്ങൾക്ക് നിങ്ങളു ടെതായ ഒരു ലക്ഷ്യമുണ്ടായിരിക്കുമല്ലോ? പയ്യാവൂരിന്റെ കാര്യവും അതാണ ല്ലോ. അതിനുവേണ്ടിയാണല്ലോ നിങ്ങൾ പഞ്ചായത്ത്‌രാജ് കൊണ്ടുവന്നതു തന്നെ. നിലവിലുള്ള നിയമവ്യവസ്ഥയെ അട്ടിമറിക്കുന്നവർ നിയമങ്ങളുണ്ടാ ക്കുന്നത് രാജ്യതാൽപ്പര്യത്തിനു വേണ്ടിയാണെന്ന് പൂർണ്ണമായും വിശ്വസിക്കു വാൻ കഴിയുന്നില്ല. അങ്ങനെയുള്ള സാഹചര്യമാണ് ഇന്നുള്ളത്. ആർ.എസ്. എസ്. നെ എതിർക്കാനുള്ള ക്രെഡിബിലിറ്റി വേണമെങ്കിൽ സ്വയമായി നന്നാ കാൻ, ആത്മപരിശോധന നടത്താൻ മാർക്സിസ്റ്റു പാർട്ടി തയ്യാറാകണം. സ്വന്തം ഘടക കക്ഷികളിൽപ്പെട്ടവർക്കുപോലും നിങ്ങളെ സഹിക്കാൻ കഴിയു ന്നില്ല. അവർ പരസ്യമായി പറയുന്നു നിങ്ങൾ നിങ്ങളുടെ ശൈലി മാറ്റിയേ പറ്റൂവെന്ന്. നിങ്ങൾ അതുൾക്കൊള്ളാൻ തയ്യാറാകുന്നില്ലെങ്കിൽ ഒരു സംശ യവും വേണ്ട, നിങ്ങൾക്ക് ആർ.എസ്.എസ്. നെ മാത്രമല്ല ആരേയുമെ തിർക്കാൻ കഴിയുകയുമില്ല. മുകുന്ദൻ സി. മേനോൻ, അദ്ദേഹത്തിന്റെ ഒരു ലേഖനം വായിച്ചിട്ടുണ്ടാകും, ആ ലേഖനത്തിന്റെ കാമ്പിനെക്കുറിച്ചൊന്നും പറ യാൻ ഞാനാഗ്രഹിക്കുന്നില്ല. പണ്ടു കാലങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ കേരള ത്തിൽ വളർന്നത് എങ്ങനെയാണ്? 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന

LIBRARY ARCHIVES Kerala Legislative Assembly

തോപ്പിൽഭാസിയുടെ പ്രസിദ്ധമായ നാടകമുണ്ടല്ലോ. അതിന്റെ സ്വാധീനശക്തി എന്തു മാത്രമാണ് ജനങ്ങളെ സ്വാധീനിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. എങ്ങനെയാണ് അന്ന് കമ്മ്യൂണിസ്റ്റുകാർക്ക് ആ ശക്തി വന്നത്. പോലീസിന്റെ പീഡനങ്ങളേറ്റു, അവസരത്തിലും അനവസരത്തിലും, കാര്യമുണ്ടായിട്ടും ഇല്ലാതിരുന്നിട്ടും കോൺസൺട്രേഷൻ ക്യാമ്പുകളിൽ കൊണ്ടുപോയി കമ്മ്യൂണിസ്റ്റുകാരെ പോലീസ് വേട്ടയാടിയിട്ടാണ് കേരളത്തിൽ കമ്മ്യൂണിസം വളർന്നതെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. പക്ഷെ നിങ്ങൾ നിങ്ങളുടെ രാഷ്ട്രീയ പ്രതിയോഗികളായവരെയും അല്ലാത്തവരെയും കോൺസൺട്രേഷൻ ക്യാമ്പുകളിൽ കൊണ്ടുപോയി പോലീസ് മുറയുപയോഗിച്ച് മർദ്ദിക്കുകയും മർദ്ദനോപകരണമാക്കി പോലീസ്സുകാരെ മാറ്റി മറ്റു രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ചിലരെ വളർന്നു വരുവാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുകയാണെന്ന് മുകുന്ദൻ സി. മേനോൻ പറഞ്ഞു. അദ്ദേഹം പറഞ്ഞിരിക്കുന്നത് നിങ്ങൾ എന്നെ ബി.ജെ.പി. ആക്കുമെന്നാണ്. കേരളത്തിലെ മാർക്സിസ്റ്റു പാർട്ടി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന നിയമ സമാധാന പാലനത്തിനുള്ള നല്ല തെളിവാണ്. ബന്ദി കേസുണ്ടായപ്പോൾ നിങ്ങളെ ന്യായീകരിക്കാൻ വന്ന, മദ്ധ്യസ്ഥത വഹിച്ച ആളാണ് ഈ മുകുന്ദൻ സി. മേനോൻ. ഓർമ്മയുണ്ടാകുമല്ലോ? അദ്ദേഹത്തിന്റെ ഏറ്റവുമൊടുവിലത്തെ ലേഖനമാണ് ഞാൻ പറഞ്ഞത്. നിങ്ങളെന്നെ ബി.ജെ.പി. ആക്കുമെന്ന് കേരളത്തിലെ പോലീസ് പറയിപ്പിക്കുന്ന ഒരു കാലഘട്ടം വരാൻ പോകുന്നുവെന്ന്. നിങ്ങളുടെ പോലീസ് നയം അതാണ്. പോലീസ് രംഗത്ത് സംപൂർണ്ണമായ രാഷ്ട്രീയ വൽക്കരണം, ഡി.ജി.പി എന്ന പേരിൽ ഒരാളിരിക്കുന്നുണ്ടല്ലോ? ആ പദത്തിന്റെ അർത്ഥം പോലും അറിയാൻ ആ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. നിയമ സമാധാന രംഗത്ത് എന്തെങ്കിലുമൊരു ചലനമുണ്ടാക്കാൻ കഴിയുന്നുണ്ടോ? ആരുടെ ആളോ ആയിക്കോട്ടെ; പോലീസിനെ നിഷ്പക്ഷമായി വിടാൻ നിങ്ങൾ തയ്യാറാകണം. പോലീസിനെ മർദ്ദനോപകരണമായി ഉപയോഗിച്ചുകൊണ്ട് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെയും തകർക്കാൻ കഴിയില്ലെന്ന് തെളിയിച്ചത് നിങ്ങൾ തന്നെയാണ്. അത് നിങ്ങൾ ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സി.പി.എം., പോലീസും കോൺഗ്രസ് പോലീസുമാക്കിയിട്ടല്ല പോലീസിനെ കൊണ്ടുപോകേണ്ടത്. പോലീസ്സിനകത്ത് പൂർണ്ണമായ ഫ്രാക്ഷൻ ഉണ്ടാക്കിയിട്ടുണ്ട്. കൊല്ലത്തെ സംഭവത്തിൽ സംഭവിച്ചതെന്താണ്? എസ്.പി.ക്ക് അറിയാം. വയർലസ്സ് മെസേജിലൂടെ എസ്.പി ചോദിച്ചിരിക്കുകയാണ് ഡി.സി.സി. ഓഫീസിലേക്ക് പോകാൻ നിങ്ങളോടു ആരു പറഞ്ഞു. ആരാണ് ആക്ഷനു ഓർഡർ തന്നത്. കുറെയാളുകൾ തീരുമാനിക്കുക, പോലീസിനകത്തുള്ള ഉത്തരവുകൾ അനുസരിക്കാൻ അവർക്ക് താൽപര്യമില്ല. എ.കെ.ജി. സെന്ററിൽ നിന്ന് ഉത്തരവുകൾ കൊടുത്തിട്ടാണ് പോലീസ്സിനെ നിയന്ത്രിക്കുന്നത്. നിങ്ങളുടെ പാർട്ടികളാണ് എല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ഡി.വൈ.എസ്.പി പറഞ്ഞാൽ സി.ഐ. കേൾക്കില്ല, ഏരിയ കമ്മിറ്റി പറഞ്ഞാലേ സി.ഐ. കേൾക്കുകയുള്ളൂ. ഡിസ്ട്രിക് സെക്രട്ടറി പറഞ്ഞാലേ കേൾക്കൂ. ഈ സ്ഥിതി മാറ്റുന്നില്ലെങ്കിൽ എന്തു നിയമം ഉണ്ടാക്കിയാലും ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്ന ശക്തികളെ കെട്ടിയടയ്ക്കാം എന്നതിനു പകരം അവർ വർദ്ധിതമാനത്തോടെ വളർന്നു വരുമെന്ന അപകടകരമായ ആശങ്ക ഞങ്ങൾക്കുണ്ടെന്നു സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആദ്യം നിയമപാലനത്തിന്റെ സംരക്ഷകരായി മാറണം. എന്നിട്ടു നമുക്കല്ലാവർക്കും കൂടി യോജിച്ചു ആർ.എസ്.എസ്. ഉയർത്തുന്ന വർഗ്ഗീയ ഭ്രാന്തിന്റെ വെല്ലുവിളിയെ അതിജീവിക്കാൻ ശക്തമായ പോരാട്ടത്തിന് നിങ്ങൾ തയ്യാറുണ്ടോ? അതല്ല കോൺഗ്രസ്സു

LIBRARY ARCHIVES Kerala Legislative Assembly

കാരനെ കിട്ടിയാലും ബി.ജെ.പി. കാരനെ കിട്ടിയാലും ജനതാദൾകാരനെ കിട്ടിയാലും സി.പി.ഐ. ക്കാരനെ കിട്ടിയാലും ഞങ്ങൾക്ക് കൊന്നേ പറ്റൂ. ഞങ്ങളുടെ പോലീസ് ഞങ്ങൾ പറഞ്ഞതു കേട്ടാൽ മതി. ഞങ്ങൾക്കല്ലാതെ വേറെയാർക്കും പ്രവർത്തിക്കണ്ട, ഞങ്ങൾക്ക് മാത്രം വോട്ടു ചെയ്താൽ മതി എന്നുള്ള നിലപാട് നിങ്ങൾ തുടരുന്നതിൽ ഒരു സംശയവും വേണ്ട, ഞങ്ങൾ മാത്രം എതിർത്തതുകൊണ്ട് കാര്യമില്ല. ഇവിടെ നിങ്ങളെ എതിർക്കാൻ ഞങ്ങളെക്കാൾ അതീതമായി വേറെ ശക്തികൾ ഉണ്ടാകും. നിങ്ങളതു നിഷേധിച്ചിട്ടു കാര്യമില്ല. ഇവിടെ പല സോഷ്യൽ റിയാലിറ്റീസും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങളുടെ അസഹിഷ്ണുതാ രാഷ്ട്രീയം അവസാനിപ്പിക്കാൻ നിങ്ങൾ സമൂലമായി ചിന്തിക്കാൻ തയ്യാറാകുന്ന ഒരു കാലഘട്ടം ഉണ്ടാകണമെന്നാണ് ഈ ബില്ലിന്റെ ചർച്ചാ വേളയിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. അതല്ലെങ്കിൽ നമ്മളൊക്കെ ഉദ്ദേശിക്കുന്ന ആ ശക്തികൾ പതിയിരുന്ന് നമ്മെ ആക്രമിക്കാനുള്ള അവസരവും കാത്തു നിൽക്കുകയാണ്. കേരളത്തിൽ എങ്ങനെയാണ് അവർക്ക് അക്കൗണ്ട് ഓപ്പൺ ചെയ്യാൻ പറ്റുക. കേരളത്തിൽ എങ്ങനെയാണ് വളർന്നു വരാൻ പറ്റുക. ഇങ്ങനെയുള്ള ചിന്തയോടെ പതിയിരിക്കുന്ന അവരുടെ കൈകളിലേക്ക് ആയുധം കൊടുക്കാൻ നിങ്ങൾ കഴിഞ്ഞ കുറെ നാളുകളായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയെങ്കിലും അങ്ങനെ ശ്രമിക്കരുതേയെന്നാണ് എനിക്ക് ഈ ചർച്ചാ വേളയിൽ അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ആർ.എസ്.എസും, സംഘപരിവാറും ഉയർത്തുന്ന വെല്ലുവിളിയെ നേരിടാൻ ഈ ബിൽ ആവശ്യമാണ്. അതു സത്യസന്ധമായി നടപ്പിലാക്കാൻ, ഇന്നലെകളിലെ പാളിച്ചകളും തെറ്റുകളും തിരുത്തി കുറ്റങ്ങളില്ലാതെ കാര്യങ്ങൾ നടപ്പിലാക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. മൊയിൻകുട്ടി</u> : സർ, 2000 ത്തിലെ കേരളാ പോലീസ് ഭേദഗതി ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

"18 എ. ചിലതരം കായിക പരിശീലനങ്ങൾക്ക് നിയന്ത്രണം :"

ഇതു നാടിന്റെ ഉത്തമമായിട്ടുള്ള താൽപര്യത്തിന് അനുകൂലമാണെന്നുള്ള വാദത്തോട് തീർച്ചയായും ഞാനും യോജിക്കുന്നു. പക്ഷെ ഇവിടെ സൂചിപ്പിച്ചതുപോലെ പല യാഥാർത്ഥ്യങ്ങളും അതർഹിക്കുന്ന ചുമതലാബോധത്തോടു കൂടി കാണാൻ പലരും തയ്യാറാകുന്നില്ലെങ്കിൽ നമ്മൾ ഉദ്ദേശിച്ച ഫലം ചെയ്യുകയില്ല എന്ന കാര്യത്തിൽ തർക്കമില്ല. കായിക പരിശീലന കേന്ദ്രങ്ങൾ എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് സ്പോർട്സ് കൗൺസിലിന്റെയും ജിംനേഷ്യത്തിന്റെയും കാര്യങ്ങളല്ല, മറിച്ച് സ്പോർട്സിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വളരെ നിതാന്ത ജാഗ്രതയോടുകൂടി, വളരെ നിഷ്പക്ഷമായി സത്യസന്ധമായി കാണാൻ ഗവൺമെന്റിനു സാധിക്കുമെങ്കിൽ തീർച്ചയായും ഈ ബില്ലിൽ പറയുന്ന ഭേദഗതി പ്രസക്തമാകുമെന്നാണ് എന്റെ വിശ്വാസം. അതു നിഷ്പക്ഷമായി, നീതിപൂർവ്വകമായി, കക്ഷി രാഷ്ട്രീയ വിഭാഗീയ മുന്നണി ബന്ധങ്ങൾക്കൊക്കെ അതീതമായി കാണാൻ ഈ ഗവൺമെന്റിനുള്ള ഇച്ഛാശക്തിയാണ് ഇവിടെ പ്രസക്തമായിട്ടുള്ള കാര്യം. അത് അങ്ങനെ കാണാൻ കഴിയുമാറാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു. മതേതരത്വത്തിനു ഭീഷണിയുയർത്തുന്ന ഇത്തരം സ്ഥാപനങ്ങൾ തകരുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയത്തിനും അവകാശമില്ല. അത്രയേറെ ഗൗര

LIBRARY ARCHIVES Kerala Legislative Assembly

വതരമായ ഭീഷണികളാണ് ഇത്തരം സ്ഥാപനങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നത്. ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് ഞാൻ പറയുന്നത് ഒരു പാർട്ടിയു ടെയും സ്ഥാപനത്തെക്കുറിച്ചല്ല. രക്തം ദാഹിക്കുന്ന ഏതെങ്കിലും കേന്ദ്രങ്ങൾ ആ താൽപര്യത്തിനു പിന്നിലുണ്ടെങ്കിൽ അതു ഏതു കേന്ദ്രമായാലും ശരി തുടച്ചുമാറ്റുക തന്നെ വേണം. അതിനുള്ള ഇച്ഛാശക്തി രണ്ടു ഭാഗത്തിനുമുണ്ട്. എല്ലാ വിഭാഗം ആളുകളും യാഥാർത്ഥ്യ ബോധത്തോടുകൂടി കാണണമെ ന്നാണ് എനിക്ക് ഇതു സംബന്ധിച്ച് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ സൂചിപ്പി ച്ചതുപൊലെ ഒരു വിഭാഗവും, ഒരു വർഗ്ഗവും മറ്റു വർഗ്ഗത്തിന്റെമേൽ ആധി പത്യം സൃഷ്ടിക്കുന്നതിനുപയോഗിക്കുന്ന സ്ഥാപനങ്ങളായി ഇത്തരം പരിശീ ലന കേന്ദ്രങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അവയ്ക്ക് പെർമിറ്റ് കൊടുക്കുന്ന കാര്യത്തിൽ വളരെ സത്യസന്ധമായ ഒരു സമീപനമു ണ്ടാകണം. ഒരു കാരണവശാലും അതിൽ രാഷ്ട്രീയം കൂടാത്ത തരത്തിൽ പെർമിറ്റ് നൽകുന്നതിനുള്ള പ്രതിജ്ഞാബദ്ധരായി മാറണം ഭരണാധികാരി കൾ എന്നാണ് എനിക്ക് പറയാനുള്ളത്. എന്തുകൊണ്ടെന്നാൽ അല്പം പോലും വിശദീകരിക്കാതെ തന്നെ പറയട്ടെ ഇത്തരം സ്ഥാപനങ്ങളിൽ എന്ത് നടക്കുന്നു എന്നതിനെക്കുറിച്ച് യാഥാർത്ഥ്യബോധത്തോടുകൂടി അറിയാൻ ഗവൺമെന്റിന് സാധിക്കണം. അതിന് അംഗീകാരം കൊടുക്കുന്ന ഉത്തരവാ ദിത്വം എസ്.ഐ.യിൽ മാത്രം ഒതുക്കിനിർത്താതെ എല്ലാവിധ ശുപാർശകളും, ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിൽ നിന്നുമുള്ള ശുപാർശകൾ പരിശോധിച്ച് ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനായിരിക്കണം അത്തരം പരിശീ ലന കേന്ദ്രങ്ങൾക്ക് അനുവാദം കൊടുക്കാനുള്ളതെന്ന് ഞാൻ ഈ സന്ദർഭ ത്തിൽ നിർദ്ദേശിക്കുകയാണ്. അതുപോലെതന്നെ വിദ്യാലയങ്ങൾ, ആരാധനാ ലയങ്ങൾ ഇവയൊക്കെ തമ്മിലുള്ള ദൂരപരിധിയെ സംബന്ധിച്ചിടത്തോളം കുറെക്കൂടി ഏറെ അകലെയായി മാത്രം സ്ഥാപിക്കപ്പെടേണ്ട കാര്യമാണ്. ഒരു കാരണവശാലും ഈ സ്ഥാപനങ്ങൾ പിടിവിട്ടുപോയിക്കൂടാ. അത് നിരീക്ഷി ക്കുന്നതിനുവേണ്ടിയുള്ള എല്ലാ അവകാശങ്ങളും അധികൃതർക്കുണ്ടാകണം. സുതാര്യമായിരിക്കണം അതിന്റെ പ്രവർത്തനം. അത് പരിശോധിക്കാൻ തീർച്ച യായും ഏതവസരത്തിലും ബന്ധപ്പെട്ടവരെത്തുമെന്ന ബോധം അത്തരം പരി ശീല കേന്ദ്രങ്ങൾക്കുണ്ടാകണം എന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നു. അതു പോലെ അംഗീകാരമില്ലാതെ നടത്തുന്ന അത്തരം സ്ഥാപനങ്ങൾ കെട്ടിയുണ്ടാ ക്കുന്ന സ്ഥലമുടമകളുടെ പേരിൽ നടപടി സ്വീകരിക്കാനുള്ള അവകാശം കൂടി ഗവൺമെന്റിനുണ്ടായിരിക്കണം. അതിനാവശ്യമായ നിയമ നിർമ്മാണം കൊണ്ടു വരണം. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം പരിശീലന കേന്ദ്രങ്ങൾ രാജ്യത്തിന്റെ സ്വൈരവും സമാധാനവും തകർക്കുന്നതിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട ചില സ്ഥാപനങ്ങൾ കണ്ടുകെട്ടുന്നതിനും പിടിച്ചെടു ക്കുന്നതിനും വേണ്ടിയുള്ള സാഹചര്യമുണ്ടാകണം എന്നാണ് എനിക്ക് പറയു വാനുള്ളത്. അതുപോലെ പോലീസ് ആക്ടും നിരോധനാജ്ഞയുമൊക്കെ നിലനിൽക്കുന്ന സന്ദർഭത്തിൽപോലും പലപ്പോഴും അത് ലംഘിക്കപ്പെടുന്ന സാഹചര്യങ്ങൾ നമ്മുടെ രാജ്യത്ത് പലപ്പോഴായി കണ്ടുകൊണ്ടിരിക്കുക യാണ്. ക്രമസമാധാനം, നിയമവാഴ്ച ഇവ വിലയിരുത്തുന്ന സാഹചര്യത്തിൽ വളരെ ഭീതിജനകമായ അവസ്ഥാവിശേഷമാണുള്ളത്. ഞാൻ ഉദാഹരണങ്ങളി ലേയ്ക്കൊന്നും കടക്കുന്നില്ല. തീർച്ചയായും നിയമവാഴ്ച ഉറപ്പു വരുത്തുന്നതി നുവേണ്ടി നിലവിലുള്ള സ്ഥലങ്ങളിൽ, നിരോധനാജ്ഞ നിലവിലുള്ള സ്ഥല ങ്ങളിൽ അത് ഫലപ്രദമായി നിലനിർത്തുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുത്തേണ്ട സാഹചര്യം കൂടിയുണ്ടാകണം. നാദാപുരവും കണ്ണൂരും ഒക്കെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിൽ ഉണ്ട്. അതൊന്നും ഇവിടെ വിശദീകരിക്കേണ്ട കാര്യമില്ല. ഉണങ്ങാത്ത മുറിവുകളാണ് നാദാപുരവും കണ്ണൂരുമൊക്കെ നമുക്ക് തന്നിട്ടുള്ളത്. ഇതൊക്കെ വിലയിരുത്തിക്കൊണ്ടു വേണം ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും, മതന്യൂനപക്ഷങ്ങളുടെ കാര്യം ഞാൻ ഇവിടെ പറയുന്നത് ഒരു വിഭാഗത്തെ മാത്രം പ്രതിനിധീകരിച്ചു കൊണ്ടല്ല, രാജ്യത്തിന്റെ താൽപര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഭരണഘടന നമുക്ക് നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രതിജ്ഞാബദ്ധരാണ് നമ്മളെങ്കിൽ തീർച്ചയായും മതന്യൂനപക്ഷങ്ങളുടെ കണ്ണുനീർ ഒരു സർക്കാരിനും ഭൂഷണമല്ല എന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് ചൂണ്ടിക്കാണിക്കേണ്ട വിഷയമാണ്. മതന്യൂനപക്ഷങ്ങൾ ഏതായാലും ശരി മുസ്ലീങ്ങളുടേതായാലും മറ്റു വിഭാഗത്തിന്റേതായാലും ശരി വളരെ ലാഘവത്തോടുകൂടി അവരെ ആക്രമിക്കപ്പെടുന്നതിനുള്ള ഒരു വാസന പലപ്പോഴും കണ്ടുവരുന്നുണ്ട്. ആ ഒരു 'തീപ്പൊരി രാജ്യം മുഴുവൻ കത്തിക്കുമെന്ന് കാണാനുള്ള ഉത്തരവാദിത്വബോധം അധികൃതർക്ക് ഉണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നടുവിൽ പള്ളിയിലുണ്ടായ കല്ലേറിനെക്കുറിച്ച് ഇവിടെ പറഞ്ഞു. തളിപറമ്പിൽ ഞങ്ങൾ അനുഭവിച്ച പ്രയാസങ്ങളെക്കുറിച്ച് പറഞ്ഞു. മേപ്പയൂരിൽ ഇപ്പോഴും ചെറിയ പ്രശ്നങ്ങളുണ്ട്. ഒരിക്കലും അതൊന്നും ആശാസ്യമല്ല. അത് ശക്തിയായി കൈകാര്യം ചെയ്യുന്നതിന് പരിണിതപ്രജ്ഞനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടെക്കൂടി ഉയർന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്നുണ്ട്; കൂടുതൽ ചിന്തിക്കുമെന്നുതന്നെയാണ് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത്. ഒരിക്കലും അത്തരം ഒരു സംഭവമുണ്ടാകാതെ മർദ്ദിത വിഭാഗത്തിന്റെ കണ്ണുനീർ സ്വപ്നം കാണാത്ത ഒരു സാഹചര്യമുണ്ടാകണം. അത് ഉറപ്പുവരുത്തുന്നതിനുവേണ്ടി വളരെ ഗൗരവത്തോടെയുള്ള നടപടികളുണ്ടാകണം. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ.സി. ജോസഫും, ശ്രീ. കെ.സി. വേണുഗോപാലും പറഞ്ഞ കാര്യങ്ങൾ അതൊന്നും അപ്പുറത്തും ഇപ്പുറത്തും പറയുന്ന വാദകോലാഹലങ്ങൾ പരസ്പരവിരുദ്ധമാണെന്ന് വിശ്വസിക്കാൻ ഞാൻ ഏതായാലും തയ്യാറാകുന്നില്ല. ഇതൊക്കെ പരസ്പരപൂരകമാണ്. എന്റെ പാർട്ടി ഒരു ദേശീയ പാർട്ടിയല്ല, ഇൻഡ്യാ രാജ്യത്തോളം വലിപ്പമുള്ള ഒരു പാർട്ടിയുമല്ല, പക്ഷെ ഈ നിയമസഭ തെരഞ്ഞെടുപ്പിന് മുമ്പ് ചില യാഥാർത്ഥ്യങ്ങൾ ഞങ്ങൾ ഇവിടെ പറഞ്ഞു. എന്താണന്നോ ഞങ്ങൾ പറഞ്ഞ യാഥാർത്ഥ്യങ്ങൾ. കോൺഗ്രസ്സിനെ വിസ്മരിച്ചുകൊണ്ട് ഒരു മതേതരത്വജനാധിപത്യ ശക്തിക്ക് രൂപം കൊടുക്കാൻ ശ്രമിച്ചാൽ അതൊരു മിഥ്യയാണ്. അതൊരു സ്വപ്നം മാത്രമാണ് ഒരിക്കലും യാഥാർത്ഥ്യമല്ലെന്ന് ഞങ്ങൾ തുറന്ന് പറഞ്ഞു. അന്ന് ഞങ്ങളുടെ ഉദ്ദേശശുദ്ധിയെ പല ഭാഗത്തുനിന്നും വിമർശിക്കപ്പെടുകയുണ്ടായി. ഇതൊന്നും ആർക്കും നിഷേധിക്കാൻ പറ്റുന്ന കാര്യങ്ങളല്ല. ഞങ്ങൾ അന്ന് പറഞ്ഞത് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ ഒറ്റക്കെട്ടായി. ഒരു മെയ്യായി, ഒരു താളമായി, ഒരു ലയമായി, ഒരു സംഗീതമായി ഒന്നിച്ചു നീങ്ങിയാൽ ഈ രാജ്യത്ത് ഉയർന്നുവരുന്ന ഈ വർഗ്ഗീയ ദുർഭൂതത്തെ പിടിച്ചുകെട്ടാൻ സാധിക്കുമെന്ന സത്യസന്ധമായ വസ്തുതകൾ അന്ന് സൂചിപ്പിച്ചപ്പോൾ പലരും സംശയത്തോടെ ഞങ്ങളെ കണ്ടു. പക്ഷെ ഇവിടെ വന്നിട്ടുള്ള ചർച്ചകൾ ആകെക്കൂടി നോക്കുമ്പോൾ ഞങ്ങൾ അന്നുപറഞ്ഞിടത്തേയ്ക്കല്ലേ എത്തുന്നതെന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ സാധിക്കും. സ്വാതന്ത്ര്യസമരത്തിന് ധീരോദാത്തമായ നേതൃത്വം കൊടുത്ത കോൺഗ്രസ്സ്, പത്ത്, നാൽപ്പത്തിയഞ്ച് കൊല്ലം ഭരിച്ച ആ കോൺഗ്രസ്സിനെ വിസ്മരിച്ച് ഒരു മതേതരത്വൈക്യം ഒരു സ്വപ്നം മാത്രമാണെന്നാണ് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അന്ന് പറഞ്ഞത്. ഇപ്പോൾ ബി.ജെ.പി. രണ്ട് സീറ്റിൽ നിന്ന് നൂറിലധികം സീറ്റായി. ആ രാജ്യത്തിന്റെ സിംഹാസനത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവന്നത് ആരാണെന്ന ചോദ്യത്തിന് ഉത്തരമായി മുഴുവൻ മതേതരത്വ കക്ഷികളുമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. തീർച്ചയായും അത് പറയാതെ നിവൃത്തിയില്ല. അവർ മോശക്കാരാണെന്നൊന്നും എനിക്ക് പറയുവാനാവില്ല. അവരിൽ വളരെ പാരമ്പര്യമുള്ള ആളുകളുണ്ട്. ജനാധിപത്യബോധമുള്ള ആളുകളുണ്ട്. മതന്യൂനപക്ഷങ്ങളുടെ വികാരം മാനിച്ചവരുണ്ട്. അവരെയൊക്കെ ഒരു മാലയിൽ കോർത്തെടുത്ത മുത്തുമണികളെപ്പോലെ ഒന്നിപ്പിച്ച് 24 പാർട്ടികളെ ഒന്നിപ്പിച്ചു നിർത്താൻ രാജ്യത്തെ ബി.ജെ.പി.ക്ക് സാധിച്ചുവെന്ന യഥാർത്ഥ്യബോധത്തിനെതിരെ എന്തിന് കണ്ണടയ്ക്കണം. 24 പാർട്ടികളെ ഒന്നിച്ചുകെട്ടികൊണ്ടാണ് അവർ ഭരിക്കുന്നത്. അല്ലാതെ കുടുംബ മഹിമകൊണ്ടോ അല്ലെങ്കിൽ മഹാരാജാവിന്റെ മകളായതുകൊണ്ടോ അല്ല അവർ ഭരിക്കുന്നത്. അവരെ ഒന്നിപ്പിച്ചു നിർത്താനുള്ള യാഥാർത്ഥ്യ ബോധം എന്തുകൊണ്ട് അപ്പുറത്തും ഇപ്പുറത്തുമുണ്ടായില്ല എന്നാണ് നമ്മുടെ ചോദ്യം. അക്കാര്യത്തിൽ ഒന്നിച്ച് നിൽക്കണം. രാജ്യം നേടിയെടുത്ത അതിപുരാതനമായ പൈതൃകങ്ങൾക്കുനേരെ കനത്ത വെല്ലുവിളിയുയർത്തിക്കൊണ്ട് നമ്മൾ ഉദാത്തമായി കാത്ത് സൂക്ഷിക്കേണ്ട ഭരണഘടന പോലും ഇന്ന് ഒരു പുനരവലോകനത്തിന്റെ വക്കിലാണെന്ന് ഓർമ്മിക്കുമ്പോൾ ഇതൊന്നും കണ്ടില്ലെന്ന് നടിക്കാൻ സാദ്ധ്യമല്ല. Hidden Agenda മെല്ലെമെല്ലെയാണെങ്കിലും പുറത്തെടുത്തുകൊണ്ടിരിക്കുകയാണ്. ബാബറി മസ്ജിദ് സമാധാനപരമായി തകർത്തതുപോലെ സമാധാനപരമായി പുനഃസ്ഥാപിക്കുമെന്നുവരെ പറയുവാൻ അവർ ധൈര്യപ്പെടുമ്പോൾ നമ്മൾ ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും ചേരിപ്പോരുകൾ നടത്തുന്നതിന് പകരം ഒന്നിച്ച് ഒരുമിച്ച് നിൽക്കണം എന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. ആ ഒരു സ്ഥിതി വിശേഷം ഗൗരവതരമായി തന്നെ കാണണം ഓരോരുത്തരുടേയും പാരമ്പര്യവും പൈതൃകവും ഒക്കെ പരിശോധിച്ചുകൊണ്ട് ഒന്നിച്ച് നിൽക്കാനുള്ള ഒരു ഇച്ഛാശക്തി ഒരുമിച്ച് നേരിടാനുള്ള ഒരു ഇച്ഛാശക്തി അതോടൊപ്പം രാഷ്ട്രീയ ഫാസിസമായാലും വർഗ്ഗീയ ഫാസിസമായാലും രാജ്യത്ത് ആപത്താണെന്നുള്ള ഒരു തിരിച്ചറിവ് വേണം. ആ തിരിച്ചറിവാണ് ഇവിടെ പ്രധാനമായിട്ടും ഉണ്ടാകേണ്ടത്. അതാണ് നമ്മുടെ മണ്ണിന്റെ പാരമ്പര്യം. ഡൽഹിയിൽ പോയാൽ നമുക്ക് കാണാം ബഹായി ടെമ്പിൾ. ആയിരത്തിനുതാഴെ മാത്രം ആളുകളുള്ള ഒരു വിഭാഗത്തിന്റെ കോടാനുകോടി രൂപ ചെലവഴിച്ചിട്ടുള്ള ബഹായി ടെമ്പിൾ, ഈ രാജ്യത്ത് മതേതരത്വത്തിന്റെ ഭരണഘടനയിലെ പ്രതീകമാണ്. അപ്പോൾ ഞാൻ ചൂണ്ടിക്കാണിക്കുന്നത് ആള് കുറഞ്ഞ പാർട്ടിയായിരുന്നാലും അവരുടെ സംഘടനാ പ്രവർത്തനം കലാലയങ്ങളിലായിരുന്നാലും, പൊതുവേദിയിലായിരുന്നാലും ശരി സ്വാതന്ത്ര്യത്തിന് വിലങ്ങായിട്ടുള്ള നീക്കം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. ആ പ്രത്യാഘാതങ്ങളുൾക്കൊള്ളാൻ സാധിക്കുമോയെന്നതാണ്. അത് കലാലയങ്ങളിലായിരുന്നാലും ശരി പുറത്തായിരുന്നാലും ശരി പറയുവാനുള്ളത് തുറന്നുപറയുവാനുള്ള സ്വാതന്ത്ര്യമാണ് നമ്മുടെ രാജ്യത്തിന്റെ തനിമയും വ്യക്തിത്വവും ഉയർത്തിക്കാണിച്ചിട്ടുള്ളത് എന്നതുകൊണ്ടുതന്നെ തുറന്ന് പറയുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അത് കലാലയങ്ങളിലായിരുന്നാലും ശരി എവിടെയായിരുന്നാലും ശരി ഇത് പറയുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണം. അത്ര ഭീതിജനകമായ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടുപോകുന്നു. ജനകീയ പോലീസ് വിവാദപരമായ ചർച്ചയായി കടന്നുവരികയാണ്. അത് അത്ര ലാഘ

LIBRARY ARCHIVES Kerala Legislative Assembly

വത്തോടുകൂടി തീരുമാനം എടുക്കേണ്ട വിഷയമല്ല. നിയമസഭയിൽ നിരന്തരമായ, അനുസ്യൂതമായ ചർച്ചയും വീണ്ടുവിചാരവും അനിവാര്യമായിട്ടുള്ള, ഗൗരവമുള്ള ഒരു വിഷയമായി ജനകീയ പോലീസ് എന്ന സ്വപ്നത്തെ ഞാൻ കാണുകയാണ്. അതുകൊണ്ട് ഒരിക്കൽക്കൂടി എനിക്ക് പറയാനുള്ളത് ഇവിടെ അപ്പുറത്തും ഇപ്പുറത്തും പറഞ്ഞ കാര്യങ്ങളിൽ നഗ്നമായിട്ടുള്ള നല്ല സത്യങ്ങൾ, ആ മുത്തുമണികൾ ഈ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് ഒന്നിച്ചുനിൽക്കാൻ മതേതര ശക്തികൾക്ക് ജനാധിപത്യ മൂല്യങ്ങൾ കെടാതെ മങ്ങാതെ, പോറലേൽക്കാതെ നിലനിർത്തുന്നതിന് സാധിക്കുമാറാകട്ടെ. അതോടൊപ്പം ഒരിക്കൽക്കൂടി ഈ ഭേദഗതി ബില്ലിന്റെ നല്ല വശങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് എന്റെ എളിയ ഭേദഗതി അവതരിപ്പിച്ചു കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. രാഘവൻ</u> : സർ, 2000-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുമ്പോൾ, അതുപോലെതന്നെ ഇതിന് ആധാരമായി ഓർഡിനൻസ് കേരളത്തിൽ പുറപ്പെടുവിച്ചപ്പോൾ ഇതിനെ എതിർത്ത ഏക രാഷ്ട്രീയ പാർട്ടി ബി.ജെ.പി. ആയിരുന്നു. ഇപ്പോൾ ശ്രീ. ഒ. രാജഗോപാലും ബി.ജെ.പി. യുടെയും ആർ.എസ്.എസ്സിന്റെയും മറ്റു നേതാക്കളും കേരളത്തിൽ അങ്ങോളമിങ്ങോളം വളരെ ശക്തമായി ഈ ബില്ലിനെ എതിർക്കുകയാണ്. ഭാഗ്യമെന്നു പറയട്ടെ, നമ്മുടെ നിയമസഭയ്ക്കകത്ത് ഈ ശക്തികൾക്ക് പ്രാതിനിധ്യമില്ല. പക്ഷെ ഇന്നിവിടെ സംസാരിച്ച പ്രതിപക്ഷത്തെ രണ്ട് നേതാക്കന്മാരായ ശ്രീ. കെ.സി. വേണുഗോപാലും ശ്രീ. കെ.സി. ജോസഫും ആ വിടവ് നികത്താനുള്ള ശ്രമം നടത്തിയത് തീർച്ചയായും നല്ലതല്ല. രണ്ട് രാഷ്ട്രീയ പാർട്ടികൾ എന്ന നിലയിൽ നമുക്ക് അഭിപ്രായ വ്യത്യാസമുണ്ടാകാം. ഞങ്ങൾ പറയുന്നത് കോൺഗ്രസ്സും ബി.ജെ.പി.യും ഒരുപോലെയാണെന്നല്ല. കോൺഗ്രസ്സും ബി.ജെ.പി.യും ഒരുപോലെയാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ഇപ്പോഴും പറയുന്നില്ല. ബി.ജെ.പി. ഒരു വർഗ്ഗീയ പാർട്ടിയാണ്. കോൺഗ്രസ്സ് ഒരു മതനിരപേക്ഷ പാർട്ടിയാണ്. ഇൻഡ്യാ രാജ്യത്തിലെ വർഗ്ഗീയ പ്രസ്ഥാനത്തെ ശക്തിയായി എതിർക്കുന്നതിന് മുൻനിരയിൽ പ്രവർത്തിക്കേണ്ട രാഷ്ട്രീയ പാർട്ടിയാണ് കോൺഗ്രസ്സ്. നിങ്ങൾ ആ കടമ നിർവ്വഹിക്കുന്നില്ല എന്നുള്ളതാണ് ഞങ്ങളുടെ വിമർശനം. ആ വിമർശനത്തിന് ആധാരമായ നിരവധി ഉദാഹരണങ്ങളും വസ്തുതകളും ഞങ്ങൾ നിരത്തുകയാണ്. അതിന് മറുപടി പറയുന്നതിനു പകരം അന്നേരം ആ പ്രധാനപ്പെട്ട വസ്തുതയിൽനിന്നും മാറി ഏതെങ്കിലും കോളേജിനകത്ത് ഉണ്ടായ മാന്തലും പോറലിനെയും തുടർന്നുണ്ടായ പ്രശ്നം, അല്ലെങ്കിൽ അങ്ങാടിപ്പുറത്തുണ്ടായിട്ടുള്ള പ്രശ്നം, ഇതൊക്കെയാണ് നോക്കുന്നത്. കോൺഗ്രസ്സിന്റെ നയം എങ്ങനെ ബി.ജെ.പി.യെ സഹായിച്ചു; കോൺഗ്രസ്സിന്റെ നയം ബി.ജെ.പി.യുടെ വളർച്ചയ്ക്ക് സഹായിച്ചതിന്റെ വളരെ വ്യക്തമായ ചില തെളിവുകൾ ഞാൻ പറയാം.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, അങ്ങ് പറഞ്ഞു, കോൺഗ്രസ്സിനേയും ബി.ജെ.പി.യേയും ഒരേപോലെ കാണുന്നില്ല, കോൺഗ്രസ്സ് വർഗ്ഗീയതയ്ക്കെതിരെ പോരാടേണ്ട ഒരു പാർട്ടിയാണ് എന്ന്. കോൺഗ്രസ്സ് ഇപ്പോൾ പോരാടുന്നില്ല, അത് എന്തുമായിക്കൊള്ളട്ടെ, കൽക്കട്ടയിൽ അവസാനിച്ച പാർട്ടി കോൺഗ്രസ്സ് വരെ അങ്ങയുടെ പാർട്ടിയുടെ മുഖ്യശത്രു കോൺഗ്രസ്സ് ആണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പാർട്ടി സമ്മേളനത്തിൽവച്ചാണ് നിങ്ങളുടെ മുഖ്യ ശത്രുവിന്റെ പ്രയോറിറ്റി ബി.ജെ.പി. യായിട്ട് മാറിയത്. അതിനർത്ഥം ഇക്കാലമത്രയും ബി.ജെ.പി. ക്കും ആർ.എസ്.എസ്സിനുമെതിരെ പോരാടിക്കൊണ്ടിരിക്കുന്ന കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ വേണ്ടി അന്ധമായ കോൺഗ്രസ്സ് വിരോധത്തിന്റെ പേരിൽ നിങ്ങൾ മറ്റ് ഫോഴ്സുകളുമായി കോംപ്രമൈസ് ചെയ്തിരുന്നു. അത് കോൺഗ്രസ്സിനെ ക്ഷീണിപ്പിച്ചിരുന്നു. അതുവഴിയാണ് ഇൻഡ്യയിൽ ബി.ജെ.പി. വളർന്നത് എന്നുള്ള രാഷ്ട്രീയ സാമൂഹിക ചരിത്രം അങ്ങ് നിഷേധിക്കുമോ?

<u>ശ്രീ. പി. രാഘവൻ</u> : ഞാൻ ആ പോയിന്റിലേയ്ക്കാണ് വരുന്നത്. ബി.ജെ.പി. വളർന്നുവരുന്നത് എന്തുകൊണ്ട് ? ബി.ജെ.പി. എന്തുകൊണ്ട് കേരളത്തിൽ വളരുന്നില്ല. ബി.ജെ.പി. എന്തുകൊണ്ട് ത്രിപുരയിലും ബംഗാളിലും വളരുന്നില്ല. ബി.ജെ.പി. എന്തുകൊണ്ട് യു.പി., മദ്ധ്യപ്രദേശ്. ഒറീസ എന്നീ സംസ്ഥാനങ്ങളിൽ വളരുന്നു? എന്തുകൊണ്ട് നിങ്ങൾ അതു സംബന്ധിച്ച് ചിന്തിക്കുന്നില്ല?

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : ഈ സംസ്ഥാനത്ത് മാർക്സിസ്റ്റ് പാർട്ടിക്ക് ഏറ്റവും കൂടുതൽ ശക്തി അവകാശപ്പെടുന്നത് കണ്ണൂർ ജില്ലയിൽ ആണല്ലോ. അവിടെയാണല്ലോ ബി.ജെ.പി. ഏറ്റവും കൂടുതൽ വളർന്നുവരുന്നത്?

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട പി.പി. തങ്കച്ചനെങ്കിലും ഇത് മനസ്സിലാക്കുമെന്നാണ് വിചാരിച്ചത്. കണ്ണൂർ ജില്ലയിൽ ഞങ്ങൾക്കെതിരായിട്ട് ഏറ്റവും ശക്തമായിട്ട് അക്രമം നടത്തുന്നത് ആർ.എസ്.എസ്സാണ്. ഞങ്ങൾ നടത്തുന്നതും ആർ.എസ്.എസ്സിന് എതിരായിട്ടാണ്. ഇക്കഴിഞ്ഞ ലോക് സഭാ മണ്ഡലങ്ങളിലെ വോട്ടിംഗ് പെർസന്റേജ് പരിശോധിച്ചുനോക്കിയാൽ കണ്ണൂർ, കാസർഗോഡ് മണ്ഡലങ്ങളിൽ അവരുടെ വോട്ടിംഗ് പെർസന്റേജ് കൂടിയിട്ടില്ല.

<u>ശ്രീ. ജി. സുധാകരൻ</u> : അസംബ്ലി ഇലക്ഷനിലെയും പാർലമെന്റ് ഇലക്ഷനിലെയും വോട്ടിംഗ് നിലവാരം പരിശോധിച്ചുനോക്കിയാൽ കേരളത്തിൽ ബി.ജെ.പി. യുടെ വോട്ടിംഗ് പെർസന്റേജ് ടോപ്പിൽ വരാത്തത് കണ്ണൂർ, കാസർഗോഡ് തുടങ്ങിയ രണ്ട് ജില്ലകളിലാണെന്നും തിരുവനന്തപുരം ജില്ലയാണ് ബി.ജെ.പി. ക്ക് ഏറ്റവും കൂടുതൽ വോട്ട് കിട്ടുന്നത് എന്നുള്ളതും ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ഓർക്കാതിരിക്കുന്നതാണോ?

<u>ശ്രീ. പി.രാഘവൻ</u> : ബംഗാളിലും ത്രിപുരയിലും കേരളത്തിലും സി.പി.ഐ.(എം) അടക്കമുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ശക്തി ഉണ്ട്. അതുകൊണ്ട് ആർ.എസ്.എസ്., ബി.ജെ.പി. അടക്കമുള്ള വർഗ്ഗീയ പാർട്ടികൾ വളർന്നുവരാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലുകളും അവിടെ ശക്തമായി നടക്കുകയാണ്. ബംഗാളിൽ വേറൊരു പ്രശ്നം കൂടിയുണ്ട്. ബംഗാളിൽ സി.പി.ഐ. (എം)-ന്റെ ഏറ്റവും വലിയ ശത്രു കോൺഗ്രസ്സ് ആയിരുന്നു. ആ കോൺഗ്രസ്സിന്റെ നിലപാട് എന്തായിരുന്നു? അവരുടെ നംപർ വൺ ശത്രു സി.പി.ഐ(എം) ആണ്. അതു മാത്രമല്ല ഞങ്ങളുടെ പാർട്ടിയിലെ 1200 ഒന്നാം തരം പ്രവർത്തകൻമാരെ കോൺഗ്രസ്സ് കൊന്നു. അതുകൊണ്ട് അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം കോൺഗ്രസ്സ് അംഗങ്ങളിൽ ആകമാനം വേരുന്നി നിന്നു. പിന്നീട് ഈ രാജ്യത്ത് ഉണ്ടായിട്ടുള്ള സംഭവങ്ങളൊക്കെ മാറി വന്നപ്പോൾ അവർക്ക് കമ്മ്യൂണിസ്റ്റാകാൻ സാദ്ധ്യമല്ല. കോൺഗ്രസ്സിൽ നിൽക്കാനും സാദ്ധ്യമല്ല. അവർ നേരെ പോയത് ബി.ജെ.പി യുമായി ബന്ധമുള്ള തൃണമൂൽ കോൺഗ്രസ്സിലേക്ക്. അങ്ങനെയാണ് ബി.ജെ.പി യുമായി ബന്ധപ്പെടാൻ തൃണമൂൽ കോൺഗ്രസ്സിന് സാധിച്ചത്. ഞാൻ ചോദിക്കട്ടെ, 23

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.മാർ എങ്ങനെയാണ് ഒരു ദിവസം കൊണ്ട് ബി.ജെ.പി. ആയത്? അവരുടെ മനസ്സിനകത്ത് എത്രയോ കൊല്ലങ്ങളായി വളർന്നുവന്ന ഒരു വികാരം പെട്ടെന്ന് ഒരു ദിവസം അവരെ ബി.ജെ.പി ആക്കുന്നു. അല്ലാതെ ഒരു ദിവസം കൊണ്ട് ബി.ജെ.പി ആകുന്നതല്ല. എത്രയോ വർഷങ്ങളായി അവരുടെ മനസ്സിനകത്ത് വളർന്നുവന്ന ഹിന്ദു വർഗ്ഗീയ വികാരമാണ് അവരെ ഒരു ദിവസം കൊണ്ട് ബി.ജെ.പി ആക്കിയത്. ബി.ജെ.പി യുടെ ഈ ഗവൺമെന്റ് ഉത്തർപ്രദേശിൽ വരാൻ കാരണം 23 കോൺഗ്രസ് എം.എൽ.എ. മാരാണ്. എന്തേ സി.പി.ഐ. ഉണ്ടായിരുന്നല്ലോ, സി.പി.ഐ.(എം) ഉണ്ടായിരുന്നല്ലോ, ഞങ്ങൾക്ക് കുറച്ച് സീറ്റുകളേ ഉള്ളൂവെങ്കിലും നിങ്ങൾ എന്തുകൊണ്ട് ആ രീതിയിൽ വന്നില്ല? ഇന്ന് ഒറീസ്സയിൽ തെരഞ്ഞെടുപ്പിന്റെ ഫലം വരുമ്പോൾ അപകടകരമായ സ്ഥിതി ഉണ്ടാകുമെന്നാണ് തോന്നുന്നത്. അങ്ങനെ ഉണ്ടാകാതിരിക്കട്ടെ. എന്തുകൊണ്ട്? നിങ്ങളുടെ ഗവൺമെന്റ് അവിടെ ഭരിച്ചപ്പോൾ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്ക് വളർന്നുവരാൻ ആവശ്യമായ വളം വച്ചു കൊടുത്തു. ഒറീസ്സയിലല്ലേ കോൺഗ്രസ്സ് ഭരിക്കുംപോൾ ക്രിസ്ത്യാനികൾക്കെതിരെ ഏറ്റവും വലിയ അക്രമം ഉണ്ടായത്? കോൺഗ്രസ്സിന്റെ രാഷ്ട്രീയ നിലപാടിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. രാജിവ് ഗാന്ധി ബാബറി മസ്ജിദ് എന്തിനാണ് തുറന്ന് കൊടുത്തത്? രാഷ്ട്രീയ ലാഭത്തിനു വേണ്ടിയാണ്. അതാണ് ഇന്നത്തെ നിലയിൽ നമ്മുടെ രാജ്യം എത്തിപ്പെട്ടത്. ബാബറി മസ്ജിദ് തുറന്നു കൊടുത്തു. ആയിരക്കണക്കിനു ഇൻഡ്യാ ഗവൺമെന്റിന്റെ പോലീസുകാരെയും പട്ടാളക്കാരെയും കാവൽ നിറുത്തിക്കൊണ്ടാണ് രാജീവ് ഗാന്ധി ശിലാന്യാസം നടത്താൻ സമ്മതിച്ചത്. ബാബറി മസ്ജിദ് പൊളിക്കാനും അവിടെ രാമക്ഷേത്രം കെട്ടാനും ഇഷ്ടിക പൂജിച്ചു കൊണ്ടുപോയത് കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നല്ലേ? നമ്മുടെ രാജ്യത്താകമാനം അതിനെതിരെ ലക്ഷക്കണക്കിനു ആളുകൾ അവിടെ പോയപ്പോൾ അതിനെതിരായി ഇടതുമുന്നണിയാണ് മനുഷ്യച്ചങ്ങലയും മനുഷ്യക്കോട്ടയും സംഘടിപ്പിച്ചത്. കോൺഗ്രസ്സ് അന്ന് അവർക്ക് അനുകൂലമായി ആവശ്യമായ ആശയപ്രചരണം നടത്തി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ബാബറി മസ്ജിദിന്റെ കാര്യത്തിൽ ആശയപ്രചരണം നടത്തിയെന്നു പറഞ്ഞല്ലോ. ബാബറി മസ്ജിദ് ഉണ്ടായിരുന്ന സ്ഥലത്ത് ആ കെട്ടിടം പൊളിക്കണമെന്നും മുസ്ലീം ആരാധനയ്ക്കും ഹിന്ദു ആരാധനയ്ക്കുമുള്ള സൗകര്യത്തിനായി രണ്ടു നിലയിലുള്ള കെട്ടിടം പണിയണമെന്നും ആദ്യമായി പ്രൊപ്പോസൽ വച്ചത് അന്തരിച്ചു പോയ ഇ.എം.എസ്. ആണെന്ന കാര്യം അങ്ങേയ്ക്കറിയുമോ? ആ അഭിപ്രായത്തിൽ തന്നെയാണോ അങ്ങ് നിൽക്കുന്നത്?

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ വസ്തുതകളെ വളച്ചൊടിക്കരുത്. ആ പ്രശ്നങ്ങളെ എങ്ങനെയെങ്കിലും പരിഹരിക്കണം എന്നാണ് ഇ.എം.എസ്. പറഞ്ഞത്. അല്ലാതെ മറ്റു രീതിയിലല്ല പറഞ്ഞത്. താഴെ അമ്പലം മേലേ അമ്പലം എന്നല്ല പറഞ്ഞത്. ദേശാഭിമാനി പത്രത്തിൽ ഞങ്ങൾ എല്ലാം വായിച്ചതാണ്. ഇത് മുൻപ് പലപ്പോഴും ചർച്ച ചെയ്തതാണ്. ആ ലേഖനത്തിൽ ഏതെങ്കിലും ഒരു ഭാഗം എടുത്തു വയ്ക്കാനല്ല. ആ ബാബറി മസ്ജിദിന്റെ പ്രശ്നം പരിഹരിക്കണം. അതിന് ആരെയെല്ലാം യോജിപ്പിക്കാൻ പറ്റുമോ ആ രീതിയിലെല്ലാം യോജിച്ച് പരിഹരിക്കണം. അതാണ് ഇ.എം.എസ്. പറഞ്ഞതിന്റെ രത്നചുരുക്കം. അല്ലാതെ അത് പൊളിക്കണമെന്നല്ല ഞങ്ങൾ പറഞ്ഞത്. ആ ബാബറി മസ്ജിദ് തുറന്നുകൊടുത്തു. പിന്നീട്

LIBRARY ARCHIVES Kerala Legislative Assembly

രാമക്ഷേത്രത്തിന് ശിലാന്യാസം നടത്താൻ ആർ.എസ്.എസ്. ഭടൻമാർ പോയപ്പോൾ നമ്മുടെ രാജ്യത്തിലെ ഏറ്റവും വലിയ പാർട്ടി കോൺഗ്രസ് പാർട്ടിയല്ലേ? ഞങ്ങൾ അംഗീകരിക്കുന്ന പ്രശ്നമല്ലേ? ബി.ജെ.പി.ക്ക് എതിരെ ആരാണ് ആശയ പ്രചരണം നടത്തിയത്? നിങ്ങൾ ഒന്നും നടത്തിയില്ലല്ലോ.

<u>ശ്രീ. ജി. കാർത്തികേയൻ</u> : അങ്ങ് പറഞ്ഞല്ലോ ബാബറി മസ്ജിദ് ആർ.എസ്.എസുകാർ പൊളിക്കുന്നതിന് 4 മാസം മുൻപ് യു.പി.യിൽ എതിർപ്പ് നടന്നുവെന്ന്. അന്ന് ബി.ജെ.പിയുടെ പ്രകടന പത്രികയിൽ അവർ പറഞ്ഞത് അവർക്കു ഭൂരിപക്ഷം കിട്ടിയാൽ അവർ ബാബറി മസ്ജിദ് പൊളിക്കുമെന്നാണ്. അങ്ങനെ പറഞ്ഞ ബി.ജെ.പി.ക്ക് എതിരെ യു.പി.യിൽ എല്ലായിടത്തും നിയമസഭയിലേയ്ക്ക് സ്ഥാനാർത്ഥിയെ നിറുത്തി മൽസരിപ്പിക്കാൻ ധൈര്യം കാണിച്ച ഏക രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നു. അങ്ങയുടെയും അങ്ങയുടെ പാർട്ടിയുടെയും അലയൻസ് എല്ലായിടത്തും കോൺഗ്രസ്സിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി നിന്നവരാണ്. അങ്ങനെ കോൺഗ്രസ്സിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി നിങ്ങളുടെ പരിമിതമായ സ്വാധീനം ഉപയോഗിച്ച് നിങ്ങൾ ബാബറി മസ്ജിദ് പൊളിക്കുന്നതിനുവേണ്ടി കരുത്താർജ്ജിക്കാൻ ബി.ജെ.പി. സഹായിക്കുകയല്ലേ ചെയ്തത്?

<u>ശ്രീ. പി. രാഘവൻ</u> : അങ്ങനെയുള്ള സമയത്ത് ഇന്ത്യാ രാജ്യത്ത് ശ്രീ. വി.പി. സിംഗ് അധികാരത്തിൽ വന്നു. ശ്രീ. വി.പി. സിംഗിന് ഞങ്ങൾ പിന്തുണ കൊടുത്തുവെന്നാണല്ലോ ആക്ഷേപം. ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ബി.ജെ.പി.യുടെ സഹായത്തോടുകൂടിയാണ് ആ ഗവൺമെന്റ് ഭരിച്ചത്. എന്നിട്ടുപോലും ബി.ജെ.പിയുടെ രഥയാത്രയെ തടഞ്ഞു നിർത്താനുള്ള തന്റേടം കാണിച്ച ഗവൺമെന്റ് ഏതാണ്? എന്തിന്റെ പേരിലാണ് ബി.ജെ.പിയുടെ പിന്തുണ പിൻവലിച്ചത്? വേറെയൊരു കാരണവുമില്ല. അന്ന് പള്ളി പൊളിക്കാൻ അനുവാദം കൊടുത്തിരുന്നെങ്കിൽ ശ്രീ. വി.പി. സിംഗിന്റെ ഗവണ്മെന്റ് അഞ്ചുകൊല്ലക്കാലം ഭരിക്കുമായിരുന്നു. എന്നാൽ ശ്രീ. വി.പി. സിംഗ് പറഞ്ഞു എന്റെ പ്രധാനമന്ത്രി പദത്തെക്കാൾ വലുത് ഇന്ത്യയിലെ നിരപേക്ഷ പ്രസ്ഥാനമാണ്. അതുകൊണ്ട് ഞാൻ അദ്വാനിയെ അറസ്റ്റു ചെയ്യുന്നു. ഇന്ത്യയ്ക്കുവേണ്ടി അറസ്റ്റു ചെയ്തപ്പോൾ, മതനിരപേക്ഷ പ്രസ്ഥാനത്തിനുവേണ്ടി അറസ്റ്റു ചെയ്തപ്പോൾ കോൺഗ്രസ് ആ ലോകസഭയ്ക്കകത്തു വച്ച് ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റിനെ കൈപൊക്കി സ്വാഗതം ചെയ്യുകയായിരുന്നു വേണ്ടത്. എന്താണ് കോൺഗ്രസ് ചെയ്തത്? കോൺഗ്രസ് ചെയ്തത് ഇന്ത്യാരാജ്യത്തിന്റെ മതനിരപേക്ഷക പ്രസ്ഥാനത്തിന്റെ കഴുത്തിനു കത്തിവച്ച ബി.ജെ.പി.യുടെ കരങ്ങൾക്ക് ശക്തികൂട്ടാൻവേണ്ടി ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റിനെ രാജീവ്ഗാന്ധി കൈപൊക്കിയിട്ടാണ് താഴെയിറക്കിയത്. നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റിനെ അധികാരത്തിലേയ്ക്ക് കൊണ്ടുവരാൻ മുൻകൈയെടുത്തു പ്രവർത്തിച്ച ഒരു പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. ആ വി.പി. സിംഗ് ഗവൺമെന്റ് എങ്ങനെ വന്നുവെന്നതിനേക്കാൾ എന്തു ചെയ്തു എന്നുള്ളതാണ് പ്രശ്നം. ആ വി.പി. സിംഗ് ഗവൺമെന്റാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്. ആ ഗവൺമെന്റാണ് ബി.ജെ.പിക്ക് എതിരെ ശക്തമായ നിലപാട് എടുത്തത്. പക്ഷേ കോൺഗ്രസ് എന്താണ് ചെയ്തത്? ബി.ജെ.പിയുമായി യോജിച്ചുനിന്നുകൊണ്ട് ഇന്ത്യാരാജ്യത്തിലെ പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് പിന്നോക്ക ജനവിഭാഗത്തെ സഹായി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ശുപാർശ ചെയ്തത് ആരാണ്? നടപ്പിലാക്കിയത് ആരാണ്! വി.പി. സിംഗ് ഗവൺമെന്റ് ഇന്ത്യാ രാജ്യത്തിലെ പിന്നോക്ക ജനവിഭാഗത്തെ ഉയർത്തിക്കൊണ്ടു വരാൻവേണ്ടി അവർക്ക് ഉദ്യോഗത്തിൽ 29 ശതമാനം റിസർവേഷൻ കൊണ്ടുവന്നപ്പോൾ ബി.ജെ.പി. യോടൊപ്പം നിന്നുകൊണ്ടു മണ്ഡൽ കമ്മീഷനെ എതിർത്തത് കോൺഗ്രസ് ആണ്. അതുകൊണ്ടാണ് നിങ്ങൾ വി.പി. സിംഗ് ഗവൺമെന്റിനെ താഴെയിറക്കിയത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : രാജീവ് ഗാന്ധി പ്രസിഡന്റായി, കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി കൂടിയായപ്പോൾ ആ മണ്ഡൽ കമ്മീഷനെ അംഗീകരിക്കുകയാണ് ചെയ്തത്. ഞങ്ങൾ ചില കണ്ടീഷൻസ് പറഞ്ഞു. ഞങ്ങൾ ഒരിക്കലും എതിർത്തിട്ടില്ല. പക്ഷേ ശ്രീ. അദ്വാനി രഥയാത്ര നടത്തിയപ്പോൾ അതിന് മദ്ധ്യസ്ഥത പറഞ്ഞ് ശരിയാക്കാൻ പോയത് ശ്രീ. ജ്യോതിബാസുവാണ്. പത്രത്തിൽ വന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ശ്രീ. എൽ.കെ. അദ്വാനി രഥയാത്ര നടത്തിയപ്പോൾ അതിന് മദ്ധ്യസ്ഥം പറഞ്ഞത് ശ്രീ. ജ്യോതിബാസുവാണ് എന്ന് ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ പറഞ്ഞ അലിഗേഷൻ യാതൊരടിസ്ഥാനവുമില്ലാത്തതാണ്. അറസ്റ്റ് ചെയ്യണമെന്നാണ് സി.പി.(എം)-ന്റെ പോളിറ്റ് ബ്യൂറോ പറഞ്ഞത്. ശ്രീ. ജ്യോതിബാസു ആർ.എസ്.എസ്.കാരന് മദ്ധ്യസ്ഥം പറയുമോ, എന്തെങ്കിലും പറയുകയാണോ? (ബഹളം) .....

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : അത് രേഖയിൽ നിന്ന് മാറ്റണം. അങ്ങനെയുള്ള ഒരു പദവും ശ്രീ. ജ്യോതിബാസു ഉപയോഗിച്ചില്ല, അറസ്റ്റ് ചെയ്യണമെന്ന് സി.പി.ഐ(എം.) ന്റെ പോളിറ്റ് ബ്യൂറോ പറഞ്ഞു.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ ഇവിടെ പറഞ്ഞത് ഗതികെട്ടാൽ പുലി പുല്ലും തിന്നുമെന്ന് പറഞ്ഞതുപോലെ കോൺഗ്രസ് അധഃപതിച്ചാൽ എന്ത് നുണയും പറയുമെന്നുള്ളതിന്റെ തെളിവാണ്.

<u>ശ്രീ. പി. രാഘവൻ</u> : ഇവിടെ ശ്രീ. ജ്യോതിബാസുവിനെ സംബന്ധിച്ചൊക്കെ പറഞ്ഞത് ശ്രീ. ജ്യോതിബാസു അടക്കമുള്ള സി.പി.ഐ (എം) ന്റെ എല്ലാ ഘടകങ്ങളും സി.പി.ഐ.(എം) ന്റെ പോളിറ്റ് ബ്യൂറോയും ഈ രഥയാത്രയെ തടയണം, അറസ്റ്റ് ചെയ്യണം എന്ന് ആദ്യം മുതലേ പറഞ്ഞതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : സർ, ഞങ്ങൾ മുഖ്യമന്ത്രിമാരുടെ സമ്മേളനം ശ്രീ. വി.പി. സിംഗിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടി ബി.ജെ.പി. മുഖ്യമന്ത്രിമാരും ഞാനും ശ്രീ. ജ്യോതിബാസുവും എല്ലാംകൂടി സമ്മേളിച്ച് ആ ജാഥ തടയണമെന്ന് ആവശ്യപ്പെട്ടു. തടയണമെന്ന് ആവശ്യപ്പെടാൻ പാടില്ല എന്ന് ബി.ജെ.പി. മുഖ്യമന്ത്രിമാർ പറഞ്ഞു. ഞങ്ങൾ തടയണമെന്ന് ശക്തിയായി ആവശ്യപ്പെട്ടു. അതിന്റെ ഫലമായിട്ടാണ് ശ്രീ. വി.പി. സിംഗ് തടഞ്ഞതും അറസ്റ്റ് ചെയ്തതും. ഇതാണ് യാഥാർത്ഥ്യം. (ബഹളം) .....

ഇതിന്റെ ഹരിശ്രീ ശ്രീ. ആര്യാടനറിയില്ല. അതാണ് സ്ഥിതി ....(ബഹളം)....

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഇക്കാര്യത്തിൽ ശ്രീ. ആര്യാടൻ രാജാവിനേക്കാൾ വലിയ രാജഭക്തിയാണ് കാണിക്കുന്നത്. ശ്രീ. ലാലു പ്രസാദ് യാദവിനോട്, ബീഹാറിലെ മുഖ്യമന്ത്രിയോട് അറസ്റ്റ് ചെയ്യാൻ അന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം നൽകിയത് ശ്രീ. വി.പി. സിംഗാണ്. ശ്രീ. വി.പി. സിംഗിന്റെ നിർദ്ദേശപ്രകാരം ശ്രീ. ലാലു പ്രസാദ് അറസ്റ്റ് ചെയ്യാൻ ഉത്തരവ് കൊടുത്തു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. വി.പി. സിംഗ് അനങ്ങിയില്ല. ചെയ്തത് ശ്രീ. ലാലു പ്രസാദ് യാദവാണ്. മുഖ്യമന്ത്രിക്ക് ഇതിന്റെ എ, ബി, സി, ഡി അറിയില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഇവിടെ ചീഫ് മിനിസ്റ്ററെ സംബന്ധിച്ച്, ലീഡർ ഓഫ് ദി ഹൗസിനെ സംബന്ധിച്ച് അവിടെ എക്സ്പീരിയൻസ്ഡായിട്ടുള്ള മുൻനിരയിലുള്ള ഉത്തരവാദപ്പെട്ട ഒരു മെമ്പർ എന്താ പറഞ്ഞത് എന്നുവച്ചാൽ പച്ച നുണ, ഒരു ചുക്കും അറിയില്ല എന്നാണ്. ഇതെല്ലാം Defamatory യാണ് രേഖയിൽ ഉണ്ടാകാൻ പാടില്ല. ശ്രീ. ലാലു അറസ്റ്റ് ചെയ്തു എന്നുള്ള ഒറ്റക്കാരണം കൊണ്ടാണ് ലാലുവിന്റെ കൂടെ നമ്മൾ ചേർന്നിരിക്കുന്നത്. അതറിയോ?

ശ്രീ. പി. രാഘവൻ : അന്ന് ശ്രീ. അദ്വാനിയെ അറസ്റ്റ് ചെയ്ത സമയത്ത് ശ്രീ. ലാലു പ്രസാദ് യാദവ് അടക്കം, ശ്രീ. മുലായംസിംഗ് അടക്കം ശ്രീ. വി.പി. സിംഗിനെ സഹായിക്കുന്ന ഭാഗത്തായിരുന്നു എന്നുള്ള വസ്തുത ആർക്കാണ് അറിയാത്തത്. കോൺഗ്രസ് അല്ല, അന്ന് ശ്രീ. വി.പി. സിംഗിന്റെ പാർട്ടിയിൽ തന്നെയാണ് ശ്രീ. ലാലു പ്രസാദ് യാദവ്. കോൺഗ്രസ് അന്ന് ചെയ്തത് ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതുപോലെ ശ്രീ. അദ്വാനിയെ അറസ്റ്റ് ചെയ്ത ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റിനെ ബി.ജെ.പി.യോടൊപ്പം നിന്നുകൊണ്ട് തകർക്കുകയാണ് ചെയ്തത്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, റിക്കാർഡ് ആർക്കും തിരുത്താൻ പറ്റില്ലല്ലോ. ശ്രീ. അദ്വാനിയെ അറസ്റ്റ് ചെയ്തത് ശ്രീ. ലാലുവാണ്. അത് തർക്കമില്ലാത്ത കാര്യമാണ്. കൃത്യം പതിനൊന്നു മാസക്കാലം ശ്രീ. വി.പി. സിംഗ്, ശ്രീ. എൽ.കെ. അദ്വാനി, ശ്രീ. എ.ബി. വാജ്പേയി, ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്, ശ്രീ. ഹർകിഷൻസിംഗ്, ശ്രീ. സുർജിത്ത് സിംഗ് എന്നിവർ എല്ലാ ബുധനാഴ്ചയും കൃത്യമായി അത്താഴം കഴിച്ചുകൊണ്ടിരുന്നു എന്നുള്ളത് സത്യമാണല്ലോ. ആ റിക്കാർഡ് ഉണ്ടല്ലോ.

ശ്രീ. പി. രാഘവൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ ചോദിക്കുന്നത് ശ്രീ. വി.പി. സിംഗ് ഗവൺമെന്റ് ചെയ്ത ഈ രണ്ടു കാര്യങ്ങളിൽ ഏതാണ് തെറ്റ്? ഒന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയത്, മറ്റൊന്ന് ശ്രീ. അദ്വാനിയെ അറസ്റ്റ് ചെയ്തത്. ഈ രണ്ടു കാര്യങ്ങളിലല്ലേ ബി.ജെ.പിയുടെ ആൾക്കാർ ശ്രീ. വി.പി. സിംഗിനെ താഴെ ഇറക്കാൻ നോക്കിയത്. ആ രണ്ട് കാര്യത്തിനുമല്ലേ നിങ്ങളുടെ നേതാവ് രാജീവ് ഗാന്ധി ബി.ജെ.പി.യോടൊപ്പം നിന്നുകൊണ്ട് ശ്രീ. വി.പി. സിംഗിനെ താഴെ ഇറക്കിയത്. ഏത് കാര്യത്തിലാണ് ബി.ജെ.പി.യെ സഹായിച്ചത്? ആരുടെ നടപടിയാണ് ബി.ജെ.പിയെ സഹായിച്ചത്? ഏതു നടപടിയാണ് അവരെ സഹായിച്ചത്. ഈ നിലയിലാണ് സംഗതി. രണ്ടാമത്തേത് ബാബറി മസ്ജിദ് പൊളിച്ചത്. ബാബറി മസ്ജിദ് പൊളിച്ചത് ശ്രീ. നരസിംഹറാവു പ്രധാനമന്ത്രി ആയിരുന്നപ്പോഴാണ്. ആയിരക്കണക്കിന് ബി.ജെ.പിയുടെയും ആർ.എസ്.എസിന്റെയും സംഘ് പരിവാറിന്റെയും വോളന്റിയർമാർ ആ ബാബ്റി മസ്ജിദ് പൊളിക്കാൻ വേണ്ടി കൂടിയപ്പോൾ ശ്രീ. നരസിംഹറാവു ഡൽഹി സിംഹാസനത്തിൽ ഇരുന്ന് ടി.വിയിൽ ഇതെല്ലാം കാണുകയായിരുന്നു. അന്ന് ശ്രീ. നരസിംഹറാവുവിന്റെ സഹായം ഇല്ലായിരുന്നു എങ്കിൽ ബാബറി മസ്ജിദ് പൊളിക്കുമായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ബാബ്റി മസ്ജിദ് പൊളിച്ചത് ശ്രീ. നരസിംഹറാവുവിന്റെ എല്ലാവിധ സഹായത്തോടെയുമാണ്. ബി.ജെ.പി. വളരാൻ ഇടയാക്കിയിട്ടുള്ള രണ്ടാമത്തെ സാഹചര്യം അതാണ്. ബഹുമാനപ്പെട്ട ശ്രീ. ആന്റണിയുടെ പ്രസംഗം അന്ന് എന്തായിരുന്നു. ബാബ്റി മസ്ജിദ് പൊളിച്ചപ്പോൾ ശ്രീ. ആന്റണി കേരളത്തിൽ വച്ച് പ്രസംഗിച്ചത് ഭൂരിപക്ഷത്തിന്റെ വികാരത്തെ ന്യൂനപക്ഷം കാണണം എന്നാണ്. തെറ്റുണ്ടെങ്കിൽ തിരുത്താൻ ഞാൻ തയ്യാറാണ്.

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, ഇത് റിട്ടൺ ആണ്. ഇന്ന് പ്രസ് അക്കാദമിയുടെ നിയന്ത്രണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിലാണ്. മത്തായി മാഞ്ഞൂരാന്റെ അനുസ്മരണ യോഗത്തിന് ഞാൻ എഴുതി തയ്യാറാക്കിയ പ്രസംഗമാണ്. ആ പ്രസംഗത്തിന്റെ കോപ്പി റിക്കാർഡുകൾ അവിടെയുണ്ട്. നിങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ ആ റിക്കാർഡ് പ്രസിദ്ധീകരിക്കാവുന്നതാണ്. ആ റിക്കാർഡിൽ പറഞ്ഞത് ഭൂരിപക്ഷം ന്യൂനപക്ഷത്തിന്റെ വികാരങ്ങൾ മാനിക്കണം. ന്യൂനപക്ഷത്തിന്റെ വികാരങ്ങൾ ഭൂരിപക്ഷം മാനിക്കണം. ഒരുമിച്ച് രണ്ടു കൂട്ടരും ഈ രാജ്യത്ത് പോകണം എന്നാണ്. അത് തെറ്റാണെന്ന് അഭിപ്രായമുണ്ടോ?

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ട് പറയുന്നത് ഭൂരിപക്ഷത്തിന്റെ അഭിപ്രായം ന്യൂനപക്ഷം അംഗീകരിക്കണമെന്ന് അന്നത്തെ സാഹചര്യത്തിൽ പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്, പള്ളി പൊളിച്ച സാഹചര്യത്തിൽ? (ബഹളം) .....

<u>ശ്രീ. എ.കെ. ആന്റണി</u> : ഞാൻ ഇന്ത്യാ രാജ്യത്തെ സാഹചര്യങ്ങളെക്കുറിച്ച് പത്ത്, പതിനെട്ട് പേജുള്ള ഒരു പ്രസംഗം, അച്ചടിച്ച് തയ്യാറാക്കിയ പ്രസംഗമാണ്. ആ പ്രസംഗത്തിന്റെ ഒരു ഭാഗത്ത് ഇന്ത്യയിൽ മതസൗഹാർദ്ദം ഉണ്ടാക്കണമെങ്കിൽ ഇരു കൂട്ടരും പരസ്പരം ബഹുമാനിച്ച് കൊണ്ടുപോകണം എന്നുപറഞ്ഞത് പള്ളിയെക്കുറിച്ചല്ല. അതിന് സംശയമുണ്ടെങ്കിൽ പ്രസ് അക്കാദമിയിലുള്ള എന്റെ മത്തായി മാഞ്ഞൂരാൻ അനുസ്മരണ പ്രസംഗം ഒന്നെടുത്ത് അതിന്റെ റിക്കാർഡ് കൊണ്ടുവരിക. ആ കോപ്പി ഇന്ന് ഇരിക്കുന്നത് കേരളാ ഗവൺമെന്റിന്റെ കൈയിലാണ്. എന്റെ പ്രസംഗം എന്റെ കൈയിലില്ലല്ലോ. രഹസ്യമല്ലല്ലോ, പബ്ലിക്കായിട്ടുള്ള സ്പീച്ചിന്റെ കോപ്പി റിക്കാർഡു ചെയ്തിരിക്കുന്നത് കേരളാ ഗവൺമെന്റിന്റെ കീഴിലുള്ള പ്രസ് അക്കാദമിയിലാണ്. ഞാൻ പറഞ്ഞതിൽ അവാസ്തവം ഉണ്ടെങ്കിൽ ആ പ്രസംഗത്തിന്റെ കോപ്പി നാളെ ഇവിടെ ഹാജരാക്കാവുന്നതല്ലേ? ഞാൻ പറഞ്ഞത് ഇവിടത്തെ മതസൗഹാർദ്ദത്തെക്കുറിച്ചാണ്. പരസ്പരം അംഗീകരിച്ചുകൊണ്ട് ഈ രാജ്യത്ത് ജനങ്ങൾ ജീവിക്കണമെന്ന് പറഞ്ഞത് തെറ്റാണെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ? ഞാൻ പറഞ്ഞതിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ നാളെ എന്റെ സ്പീച്ച് ഹാജരാക്കുക.

<u>ശ്രീ. പി. രാഘവൻ</u> : പക്ഷേ അന്ന് ബാബറി മസ്ജിദ് ബഹുഭൂരിപക്ഷം വരുന്ന വർഗ്ഗീയവാദികൾ പൊളിച്ച ഒരു സാഹചര്യത്തിൽ ന്യൂനപക്ഷത്തിന്റെ ഒരു ആരാധനാലയത്തെ ബഹുഭൂരിപക്ഷം വരുന്ന വർഗ്ഗീയവാദികൾ പൊളിച്ച സാഹചര്യത്തിൽ അങ്ങ് ബഹുഭൂരിപക്ഷത്തിന്റെ വികാരം ന്യൂനപക്ഷം മാനിക്കണമെന്നു പറഞ്ഞാൻ ഞങ്ങൾ എന്തു മനസ്സിലാക്കണം?

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, അന്നത്തെ സാഹചര്യത്തിൽ എന്റെ പ്രസംഗം ശരിയോ തെറ്റോ എന്ന് സംശയമുള്ളവർ ഉണ്ടെങ്കിൽ പ്രസ് അക്കാദമിയിൽ ചെന്ന് സൂക്ഷിച്ചുവച്ചിരിക്കുന്ന എന്റെ പ്രസംഗം വീണ്ടും എടുത്തു പുറത്തുവയ്ക്കുക, ആ പ്രസംഗം പരിശോധിക്കുക, ഞാൻ നിങ്ങളെ വെല്ലുവി

LIBRARY ARCHIVES Kerala Legislative Assembly

ളിക്കുകയാണ്, നിങ്ങളുടെ കൈവശമാണ് എന്റെ അച്ചടിച്ച മത്തായി മാഞ്ഞൂരാന്റെ അനുസ്മരണ പ്രസംഗം, ആ പ്രസംഗം നിങ്ങൾക്ക് ഇന്നത്തെ കോൺടക്സ്റ്റിൽ പുറത്തെടുക്കാമല്ലോ. ഇന്നത്തെ കോൺടക്സ്റ്റിൽ ആ പ്രസംഗം പുറത്തെടുത്തിട്ട് ഞാൻ പറഞ്ഞത് ശരിയോ തെറ്റോയെന്ന് അങ്ങേയ്ക്ക് പരിശോധിക്കാം. എന്റെ പ്രസംഗം നിങ്ങളുടെ കയ്യിലാണ്. എന്റെ പ്രസംഗത്തിന്റെ കോപ്പിയിരിക്കുന്നത് കേരളാ ഗവൺമെന്റിന്റെ കയ്യിലാണ്, അതിൽ നിങ്ങൾക്ക് എന്നെ ഹരാസ് ചെയ്യാനുള്ള എന്തെങ്കിലും ഉണ്ടെങ്കിൽ ദയവുചെയ്ത് നിങ്ങൾ ആ പ്രസംഗം മേശപ്പുറത്തു വയ്ക്കുക, ഇന്നത്തെ സാഹചര്യത്തിൽ വയ്ക്കുക.

<u>ശ്രീ. പി. രാഘവൻ</u> : അങ്ങയുടെ പ്രസംഗം എല്ലാ പത്രങ്ങളിലും വലിയ അക്ഷരത്തിൽ അച്ചടിച്ചു വന്നു. അങ്ങ് ഈ പറഞ്ഞ മുഴുവൻ കാര്യങ്ങളും ഞാൻ വായിച്ചിട്ടില്ല, ശരിയാണ്, മറ്റൊന്ന് ബഹുമാനപ്പെട്ട ആന്റണി കേരളത്തിൽ എവിടെയെങ്കിലും ഈ ബാബറി മസ്ജിദ് പൊളിച്ചതിനെതിരായി ശക്തമായ ഒരു പ്രസംഗം നടത്തിയിട്ടില്ല, ആ നടത്താത്ത സാഹചര്യത്തിൽ ഇത് കൂടെ വയ്ക്കുക, ഞാൻ പറഞ്ഞുവരുന്നത് നമ്മുടെ രാജ്യത്തിലെ ബാബറി മസ്ജിദ് പൊളിക്കപ്പെട്ട ആ സംഭവം ഉണ്ടല്ലോ അതിനെതിരായി ശക്തമായി ഇൻഡ്യാ രാജ്യത്തിലെ കോൺഗ്രസ് ഒരു ശക്തമായ നിലപാട് എടുത്ത് ആശയപ്രചരണം നടത്തിയിരുന്നെങ്കിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഹുമാനപ്പെട്ട ആന്റണി അന്ന് എം.പി. യാണ്, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഇതു സംബന്ധിച്ച് പല സ്ഥലങ്ങളിലും ശക്തിയായി പ്രതിഷേധം രേഖപ്പെടുത്തിയ ഒരു കാര്യമാണ്, അത് രേഖപ്പെടുത്തിയത് എല്ലാപേർക്കുമറിയാം. സഖാവ് ഇ.എം.എസ് മുസ്ലീം ന്യൂനപക്ഷത്തിന്റെ വികാരങ്ങളെ മുഴുവൻ വ്രണപ്പെടുത്തുന്ന രൂപത്തിൽ ശരിയത്തിനെ മാറ്റിയെഴുതണമെന്ന് പറയുന്നതുപോലെയാണോ അങ്ങ് ഇതു കണക്കാക്കുന്നത്?

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട ആര്യാടനെ ഞാൻ വെല്ലുവിളിക്കുന്നു, ബാബറി മസ്ജിദ് പൊളിച്ചതിനെതിരായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി നടത്തിയ പ്രസംഗത്തെക്കുറിച്ച് ഇ.എം. എസിന് വിവരമറിയാമെന്ന് (ബഹളം)..... ഇതിന് മറുപടി പറയൂ, പിന്നീട് വർത്തമാനം പറയാം, ബഹുമാനപ്പെട്ട ആന്റണി നടത്തിയ പ്രസംഗത്തിന്റെ കോപ്പി ഈ ബാബറി മസ്ജിദ് പൊളിച്ചത് തെറ്റാണെന്ന് പറഞ്ഞുകൊണ്ട് ആ പ്രസംഗത്തിന്റെ കോപ്പി ധൈര്യമുണ്ടെങ്കിൽ നിങ്ങൾ ഈ മേശപ്പുറത്തു വയ്ക്കുക, സമയം തരാം, അതിന് മറുപടി പറയുക, അതിനുപകരം വേറെ പറഞ്ഞിട്ട് കാര്യമില്ല. മാത്രമല്ല വേറൊരു കാര്യം ഞാൻ പറയാം. കോൺഗ്രസിന്റെ നേതാവായ ശ്രീ. ശരത്പവാർ അന്നു പറഞ്ഞു. ഈ പള്ളി പൊളിച്ചതിന് കോൺഗ്രസ് മാപ്പു പറയണമെന്ന് ആരാ, ഞങ്ങളാണോ പറഞ്ഞത്, ശരത്പവാർ അന്നുതന്നെ പറഞ്ഞു. പള്ളി പൊളിച്ചതിന് ശ്രീ. നരസിംഹറാവു അടക്കമുള്ള കോൺഗ്രസ് അന്ന് മാപ്പുപറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോൺഗ്രസിൽനിന്ന് തെറ്റിപ്പിരിഞ്ഞുപോയത് നിങ്ങളുടെ നേതാവാണ്, ശ്രീ ശരത്പവാറാണ്, മനസ്സിലായില്ലേ, ബഹുമാനപ്പെട്ട ആര്യാടൻ? ഇതിനെപ്പറ്റി മറുപടി പറയാൻ അറിയില്ലെങ്കിൽ ഉത്തരംമുട്ടുമ്പോൾ കൊഞ്ഞനം കുത്തുന്നതെന്തിനാ? ചോദിച്ചത് ശ്രീ. നരംസിംഹറാവുവിനെ സംബന്ധിച്ചാണ്, (ബഹളം)..... നിങ്ങളിപ്പോൾ പ്രസംഗിക്കുന്നില്ല, ഞാനാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിക്കുന്നത്, അങ്ങയുടെ എല്ലാ ന്യായമായ ചോദ്യത്തിനും ഞാൻ മറുപടി പറഞ്ഞു, ആ നിലയിൽ .....

<u>ശ്രീ. ആനന്തലവട്ടം ആനന്ദൻ</u> : ഇവിടെ ഈ ചർച്ച നടക്കുമ്പോൾ പള്ളി പൊളിച്ചതിനെ സംബന്ധിച്ച് ശ്രീ. ആന്റണിയുടെ നിലപാടെന്താണെന്ന് ചോദിച്ചു, കോൺഗ്രസ്സിന്റെ നിലപാടെന്താണെന്നു ചോദിച്ചു. അപ്പോൾ അരിയെത്ര എന്നു ചോദിക്കുമ്പോൾ പയറഞ്ഞാഴിയെന്നു മറുപടി പറഞ്ഞാൽ പോരാ.

<u>ശ്രീ. പി. രാഘവൻ</u> : അന്നുമുതൽ ഇന്നുവരെയെടുത്താൽ അക്കാര്യത്തിൽ ബാബറി മസ്ജിദ് പൊളിച്ചതിനെതിരായി ഈ കോൺഗ്രസ് അഞ്ച് ആളുകളെ അണിനിരത്തി ഏതെങ്കിലും ഒരു തെരുവിൽ ഒരു പ്രതിഷേധപ്രകടനം സംഘടിപ്പിച്ചിട്ടുണ്ടോ? നിങ്ങൾ സംഘടിപ്പിച്ചിട്ടില്ലല്ലോ, നിങ്ങൾ ഇതുവരെ പ്രതികരിച്ചിട്ടില്ലല്ലോ, അന്നുമുതൽ ഇന്നുവരെ ബി.ജെ.പി.ക്കാർ ആ പള്ളി പൊളിച്ചതിനോട് മൗനമായി യോജിക്കുന്ന പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. നിങ്ങൾക്ക് ബാബറി മസ്ജിദ് പൊളിച്ചതിന് എതിരായി ഒരു പ്രതിഷേധപ്രകടനം പോലും നടത്താൻ സാധിച്ചിട്ടില്ല. ഈ രാജ്യത്ത് ഒരു ആശയപ്രചരണം നടത്തിയിട്ടില്ല. കേരളത്തിലെ ഞങ്ങളുടെ പാർട്ടിക്കെതിരായി എന്തെല്ലാം പ്രചരണങ്ങൾ കാൽനടജാഥ, പിക്കറ്റിംഗ്, ധർണ്ണ, ബസ്സിന് കല്ലേറ് ഇതെല്ലാം നടത്തിയ നിങ്ങൾ ബാബറി മസ്ജിദ് പൊളിച്ചപ്പോൾ അതിനെതിരായി ഒരു ധർണ്ണ, ഒരു സായാഹ്ന ധർണ്ണ വൈകുന്നേരം ചായയും കുടിച്ചിട്ട് നടത്തിയാൽ പോരേ, കേരളത്തിലോ, ഇൻഡ്യയിലോ എവിടെയെങ്കിലും നടത്തിയോ നിങ്ങൾ, നടത്തിയില്ലെന്നുമാത്രമല്ല ബി.ജെ.പി ക്ക് അനുകൂലമായ നിലപാടാണ് ഈ കോൺഗ്രസ് എടുത്തത്. മനസ്സിലായില്ലേ? ഞങ്ങൾ അതുകൊണ്ടാണ് പറഞ്ഞത്. കോൺഗ്രസിന്റെ നേതാക്കൻമാരെന്തേ കൂട്ടത്തോടെ ബി.ജെ.പി. യിലേക്ക് പോകുന്നത്? എന്തേ ഞങ്ങളുടെ കൂട്ടത്തിലേയ്ക്ക് വരാത്തത്? നിങ്ങളുടെ തലയിൽ മുഴുവനും ഈ ഹിന്ദു വർഗ്ഗീയവാദമാണ്, മനസ്സിലായില്ലേ, ഇപ്പോഴും പോകുന്നത് അങ്ങോട്ടാണ്.

<u>ശ്രീ. എ.കെ. ആന്റണി</u> : കോൺഗ്രസിന്റെ കൂട്ടത്തിൽനിന്ന് ചിലർ പോയി, സമ്മതിക്കുന്നു. നിങ്ങളുടെ കൂട്ടത്തിൽ മൂന്നാം മുന്നണിയെന്നു പറഞ്ഞ് ഭ്രമിച്ചുനടന്ന കരുണാനിധിയും ചന്ദ്രബാബു നായിഡുവും മൊഹന്തയും, ഫറൂക്ക് അബ്ദുള്ളയും അതുപോലെ തന്നെ പസ്വാനും ശരത് യാദവും എല്ലാം ബി.ജെ.പി. യുടെ കൂടെ പോയില്ലേ? നിങ്ങൾ കോൺഗ്രസിനെതിരായി 13 പാർട്ടികളുടെ മുന്നണിയുണ്ടാക്കിയവർ, നിങ്ങളുടെ കൂടെ നടന്നവരല്ലേ എല്ലാം പോയത്, നിങ്ങളുടെ കൂടെ ഇപ്പോൾ ആരുണ്ട്. ബാക്കിയെല്ലാം പോയില്ലേ?

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട ആന്റണിയോട് പറയട്ടെ, ഇവരൊന്നും ഞങ്ങളുടെ പാർട്ടിയല്ല, നിങ്ങളുടെ പാർട്ടിയിൽനിന്ന് അധികാരത്തിന്റെ പേരിൽ പലപ്പോഴും ഞങ്ങളൊന്നിച്ചുവരികയും നിങ്ങളോട് ഒന്നിച്ചു പോകുകയും ചെയ്യുന്നവരാണ്. ഞാൻ ബഹുമാനപ്പെട്ട ആന്റണിയോട് ചോദിക്കട്ടെ 1980-82-ൽ ഞങ്ങളോടൊന്നിച്ച് നിന്നവരല്ലേ ശ്രീ. ആര്യാടനും ശ്രീ. ആന്റണിയും?

<u>ശ്രീ. എ.കെ. ആന്റണി</u> : കേരളത്തിലെ ബി.ജെ.പി. യുടെ ഇപ്പോഴത്തെ സംസ്ഥാന പ്രസിഡന്റ് ശ്രീ. സി.കെ. പത്മനാഭൻ .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : അല്ലെന്ന്, നിങ്ങൾ ഡി.വൈ.എഫ്.ഐ. ആയിരുന്നില്ല. (ബഹളം)..... ആയിരുന്നില്ല, ആയിരുന്നില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ ബാക്കിൽനിന്ന് പറയുന്നത് കേട്ടിട്ട് പറയരുത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ശ്രീ. ആര്യാടൻ പറയുന്നതു പോലെ പറയരുത് കേട്ടോ, അത്രയേയുള്ളൂ.

ശ്രീ. പി. രാഘവൻ : അല്ല, സി.കെ.പി. ആ സി.കെ.പി അല്ല ഞങ്ങളുടെ ഡി.വൈ.എഫ്.ഐ. നേതാവ് സി.കെ. പത്മനാഭൻ ഇപ്പോൾ ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാനകമ്മിറ്റി മെമ്പറും കർഷക സംഘത്തിന്റെ സ്റ്റേറ്റ് കമ്മിറ്റി സെക്രട്ടിറിയുമാണ്, ആ സി.കെ.പി. യല്ല ഇത്. ഞങ്ങളുടെ സി.കെ.പി ഇപ്പോഴും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. മറ്റേത് വേറെയാണ്. ആരോ പറയുന്നത് കേട്ട് നിങ്ങൾ ഇങ്ങനെ പറഞ്ഞാൽ എങ്ങനെയാ, അതുകൊണ്ട് ഞാൻ പറഞ്ഞുവന്നത് ഈ കോൺഗ്രസിന്റെ ഈ നിലപാടാണ് ബി.ജെ.പി.യെ വളർത്തിയത്, ഞങ്ങളുടെ നിലപാട് ബി.ജെ.പി. യെ വളർത്തുമെങ്കിൽ ആ ബി.ജെ.പി. വളരേണ്ടിയിരുന്നത് കേരളത്തിലും, ബംഗാളിലും ത്രിപുരയിലുമായിരുന്നു. ബി.ജെ.പി എന്തുകൊണ്ട് ഈ മൂന്നു സംസ്ഥാനങ്ങളിലും വളർന്നില്ല, എന്തുകൊണ്ട്? 85 പാർലമെന്റ് സീറ്റുള്ള യു.പി., ജവഹർലാൽ നെഹറു തുടങ്ങിയ കോൺഗ്രസ് നേതാക്കൻമാരടക്കമുള്ളവർക്ക് ജൻമം നൽകിയ യു.പി ഇന്ന് കോൺഗ്രസിന്റെ തരിശ് ഭൂമിയായി മാറിയില്ലേ. എന്തുകൊണ്ട്? നിങ്ങളുടെ രാഷ്ട്രീയ നിലപാട്, നിങ്ങളുടെ ആശയത്തിന്റെ നിലപാട് അതിന്റെ ഫലമായിട്ടാണ്. ആ നിലയിൽ നിങ്ങൾ ഇനിയെങ്കിലും മാറണം.

സർ, ആ ജാതി രാഷ്ട്രീയത്തിലേയ്ക്ക് മാറിയത് നിങ്ങളുടെ കോൺഗ്രസ്സിന്റെ നിലപാടുകൊണ്ടാണ്. ആ ജാതി രാഷ്ട്രീയവും, വർഗ്ഗീയവുമൊക്കെ വളർന്നുവന്നത് കോൺഗ്രസ്സിൽ നിന്നും ആയിരക്കണക്കിന് ആളുകൾ പോയതുകൊണ്ടാണ്. ഈ കേരളത്തിലും നിങ്ങളുടെ നിലപാടെന്താണ്. ഇത് ഇപ്പോൾ കുറെയേറെ മാറ്റം വന്നിട്ടുണ്ട്. ശക്തമായ ആക്രമണത്തിന്റെ ഫലമായി പ്രതിപക്ഷനേതാവും കുറച്ചു കുറച്ചു മാറുന്നുണ്ട്. അവർ രാത്രി, ആർ. എസ്.എസ്സും പകൽ കോൺഗ്രസ്സുമാണ്. രാത്രികാലങ്ങളിൽ ആർ.എസ്. എസ്. ന്റെ ക്യാമ്പിൽ പോകുന്നു. പണി നിങ്ങൾ അവസാനിപ്പിച്ചു കഴിഞ്ഞിട്ടില്ല. നമുക്ക് ഏറ്റവും നല്ല ലക്ഷ്യം, എന്തെന്നാൽ കുറശ്ശേ മാറുന്നുണ്ട്. ശക്തമായ ആക്രമണത്തിന്റെ ഫലമായി പ്രതിപക്ഷ നേതാവും കുറേശ്ശേ മാറിയിട്ടുണ്ട്. ഇനിയും ആക്രമിച്ചു കഴിഞ്ഞാൽ ഇനിയും മാറ്റം വരും.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, കോൺഗ്രസ്സുകാർ പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്സുമാണെന്ന് അങ്ങ് പറഞ്ഞു. ഇത് ഈ സഭയിൽ ഞങ്ങൾ കോൺഗ്രസ്സുകാർ രാത്രിയും പകലും ഒന്നാണ്. യാതൊരു സംശയവുമില്ല. ഈ ഒരു പരാമർശം ശ്രീ. കണാരന്റേയും, ശ്രീ. അച്ചുതാനന്ദന്റേയും ഒക്കെ ഇപ്പോഴത്തെ മാർക്സിസ്റ്റ് പാർട്ടിയിലെ ജാതിപ്രചരണം ഉണ്ടല്ലോ അത് മറച്ചുപിടിക്കാൻ വേണ്ടിയാണ്, വെറും ജാതി പ്രചരണം ആണല്ലോ ശ്രീ. കണാരനും കൂട്ടരും ഇപ്പോൾ നടത്തുന്നത്. ശ്രീ. നായനാരും രാത്രി ആ പ്രചരണം നടത്തുന്നുണ്ട്. അത് വച്ചുകൊണ്ട് ഇതുപോലൊരു പരാമർശം ഞങ്ങളുടെ പേരിൽ നടത്തുന്നത് ശരിയാണോ? അത് ഓർഡറിലാണോ? അത് എക്സ്പഞ്ച് ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് : സർ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് സി.കെ പത്മനാഭൻ എന്റെ മണ്ഡലത്തിനടുത്തുള്ള കോട്ടൂർ സ്വദേശിയാണ്, അദ്ദേഹം മുൻപ് ഡി.വൈ.എഫ്.ഐ-കാരനായിരുന്നു. അല്ലെന്ന് പറയാൻ ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക് സാധിക്കുമോ? അദ്ദേഹം മുൻപ് ഡി.വൈ.എഫ്.ഐ-ക്കാരനായിരുന്നു.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, സി.കെ.പത്മനാഭൻ ഡി.വൈ.എഫ്.ഐ-യുടെ അംഗമാണെന്ന് തെളിയിച്ചാൽ ഞാൻ നിയമസഭാ അംഗത്വം രാജിവെക്കും.

ശ്രീ. കെ.സി. ജോസഫ് : സർ, അദ്ദേഹം ഡി.വൈ.എഫ്.ഐ. യുടെ സജീവ പ്രവർത്തകനായിരുന്നു. ഞാൻ പറയുന്നു ശ്രീകണ്ഠപുരംകാരനാണ്, കോട്ടൂർ സ്വദേശിയാണ്, മുൻ. ഡി.വൈ.എഫ്.ഐ.ക്കാരനാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കെ.സി.ജോസഫ് രാജിവയ്ക്കുമോ? ഡി.വൈ.എഫ്.ഐ. അംഗമാണ് ശ്രീ. സി.കെ. പത്മനാഭൻ എന്ന് തെളിയിച്ചാൽ അന്ന് ഞാൻ രാജിവയ്ക്കും. നിങ്ങൾ രാജി വയ്ക്കുമോ?

ശ്രീ. പി. രാഘവൻ : സർ, നിങ്ങൾ രണ്ടാളും രാജിവയ്ക്കണ്ട.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ അസംബ്ളിയിൽ നിന്ന് ഒരു കമ്മിറ്റിയെ വച്ച് അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, അന്വേഷിക്കട്ടെ, ഞങ്ങൾ തെളിയിക്കാൻ തയ്യാറാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത് അസംബ്ളി കമ്മിറ്റിയെ വച്ച് അന്വേഷിക്കാൻ തയ്യാറുണ്ടോ? ഈ പറയുന്ന പത്മനാഭൻ ഡി.വൈ.എഫ്.ഐ.ക്കാരനായിരുന്നോ എന്ന് തെളിയിക്കാൻ അസംബ്ളി കമ്മിറ്റി വച്ച് അന്വേഷിച്ചാൽ തെളിയിക്കാൻ ഞങ്ങൾ തയ്യാറാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, അപ്പുറത്തെ മെമ്പർ രാജിവയ്ക്കാമെന്ന് പറഞ്ഞില്ലല്ലോ; പിന്നെയെന്തിന് അസംബ്ളി കമ്മിറ്റി. നേർക്ക് നേരെ നമ്മൾ എല്ലാം കേൾക്കത്തക്ക രൂപത്തിലാണ് പറഞ്ഞത് .....(ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കമ്മിറ്റിയെ വയ്ക്കേണ്ട ആവശ്യമില്ല. ശ്രീ. ആര്യാടനെത്തന്നെ ഏൽപ്പിച്ചാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ശ്രീ. പത്മനാഭനെ എനിക്ക് കുട്ടിക്കാലം മുതൽക്കേ അറിയാം നിങ്ങൾ പറയുന്നത് പോലെ അല്ല. ശ്രീ. ആര്യാടനെതന്നെ ഏൽപ്പിക്കാം.

ശ്രീ. പി. രാഘവൻ : സർ, അങ്ങനെതന്നെ ആകട്ടെ, ശ്രീ. ആര്യാടൻ തന്നെ പോയാൽ മതി. ആ പ്രശ്നം തീർന്നു. ഞാൻ ഒരു കാര്യം പറഞ്ഞു കൊണ്ട് അവസാനിപ്പിക്കാം. ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് പറഞ്ഞുവന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ, ശ്രീ. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞ കാര്യത്തെക്കുറിച്ച് ഒരു അസംബ്ളി കമ്മിറ്റിയെ വെച്ച് അന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു; അത് എന്നെ ഏൽപ്പിച്ചു; ഞാൻ അംഗീകരിച്ചു. അത് സഭയുടെ തീരുമാനമായിട്ടു വരണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : സർ, ബഹുമാനപ്പെട്ട കെ.സി. വേണുഗോപാൽ അടക്കമുള്ള ആളുകൾ പറഞ്ഞില്ലേ; ഇപ്പോൾ ആർ.എസ്.എസ്സുമായിട്ട് ബന്ധമില്ലാ എന്ന്. ഞാൻ ബഹുമാനപ്പെട്ട ആന്റണിയോട് ഒരു അന്വേഷണം നടത്താൻ ആവശ്യപ്പെടുന്നു. ശ്രീ. ആന്റണി വേണമെങ്കിൽ ശ്രീ. ആര്യാടനെ അയച്ചോട്ടെ. കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ ബി.ജെ.പി.യും നിങ്ങളും ചേർന്നാണ് ഇപ്പോഴും ഭരിക്കുന്നത്. കാസർഗോഡ് ഡവലപ്മെന്റ് ബാങ്ക്, ലാന്റ് ഡവലപ്മെന്റ് ബാങ്ക് കോൺഗ്രസും, ബി.ജെ.പി.യും യോജിച്ചിട്ടാണ് ഭരിക്കുന്നത്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി നിങ്ങളും ബി.ജെ.പി.യും യോജിച്ചാണ് ഭരിക്കുന്നത്. എന്തിനധികം? ഏറ്റവും ഒടുവിൽ കാർകോ' എന്ന് പറയുന്ന മംഗലാപുരത്തെ സ്ഥാപനം ഭരിക്കുന്നത് ബി.ജെ.പി-യും, കോൺഗ്രസ്സും ഒരുമിച്ച്. കഴിഞ്ഞ ഒരു മാസം മുൻപ് തെരഞ്ഞെടുപ്പിൽ മൽസരിച്ച ശ്രീ. എ.കെ. ആന്റണിയുടെ പ്രസ്താവന ഈ അന്തരീക്ഷത്തിൽ മുഴങ്ങി കൊണ്ടിരിക്കുമ്പോഴാണ് മൽസരിച്ച് ബി.ജെ.പി.ക്കാർ പ്രസിഡന്റ് ആയത്. അന്തസ്സും അഭിമാനവും ഉണ്ടെങ്കിൽ ആ സ്ഥാപനത്തിൽ നിന്നും കോൺഗ്രസ്സുകാരുടെ മെമ്പർമാരെ പിൻവലിക്കാൻ ധൈര്യമുണ്ടോ ശ്രീ. ആര്യാടന്. കേരളത്തിലോ, ഇൻഡ്യയിലോ എവിടെയെങ്കിലും ബി.ജെ.പി.യുമായി യോജിച്ച് ഞങ്ങളുടെ പാർട്ടി ഭരിക്കുന്നു എന്ന് തെളിഞ്ഞാൽ ആ നിമിഷം ഞങ്ങൾ പിൻവലിക്കും. ഞങ്ങളുടെ ഒരു സ്ഥലത്തും അങ്ങനെയുള്ള ഭരണമില്ല. ആ നിലയിലുള്ള ഒരു നിലപാടെടുക്കാൻ കോൺഗ്രസ്സ് തയ്യാറുണ്ടോ? ഇതിനു മറുപടി പറയണം. അന്നേരം വേറെ അല്ല ചോദിക്കേണ്ടത്. കോൺഗ്രസ്സിന്റെ നിലപാടാണ് ബി.ജെ.പി.യെ വളർത്തിയത് എന്ന് മനസ്സിലാക്കിക്കൊണ്ട് ഇനിയെങ്കിലും ഈ ബി.ജെ.പി.ക്കെതിരായി ആശയപ്രകടനം അടക്കമുള്ള പ്രചരണം നടത്താൻ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് തീരുമാനമുണ്ടായാൽ നല്ലത്. അക്കാര്യത്തിൽ നിങ്ങളുമായി യോജിക്കാൻ തയ്യാറാണ് എന്ന കാര്യത്തിൽ സംശയമില്ല. ഞങ്ങളാണ്, ഇടതുപക്ഷ പാർട്ടികളാണ് ബി.ജെ.പി. ക്കും ആർ.എസ്.എസ്-നും എതിരായി ജീവൻ പോലും നൽകികൊണ്ടു ഇൻഡ്യാരാജ്യത്ത് പ്രവർത്തിച്ചതെന്ന് അഭിമാനത്തോടെ പറയാൻ ഞങ്ങൾക്ക് സാധിക്കും. ബി.ജെ.പി-യും ആർ.എസ്.എസ്-ഉം അടക്കമുള്ള വർഗ്ഗീയ പ്രസ്ഥാനങ്ങൾക്കെതിരെ, മുസ്ലീം വർഗ്ഗീയ വാദികളുണ്ട്. അവരടക്കമുള്ള വർഗ്ഗീയ പ്രസ്ഥാനങ്ങൾക്കെതിരായി ശക്തമായ നിലപാടെടുക്കുമ്പോൾ തീർച്ചയായിട്ടും അന്ധമായ മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് വിരോധം മാറ്റിവെച്ചുകൊണ്ട് നിങ്ങൾ മാറ്റി ചിന്തിക്കുന്നത് നല്ലതായിരിക്കും എന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ ഒരിക്കൽ കൂടി പിൻതാങ്ങുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ സഭയിൽ ഒരു സഭാനേതാവും ഗവൺമെന്റ് ചീഫ് വിപ്പും, മുഖ്യമന്ത്രിയും തമ്മിൽ ഇതുപോലെ അഭിപ്രായ വ്യത്യാസം കാണുമോ?

മി. സ്പീക്കർ : ഈ ബില്ലിന്റെ ചർച്ച തുടരുന്നത് വരുന്ന തിങ്കളാഴ്ചയാണ്. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ഫെബ്രുവരി 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 1.30-ന് പിരിഞ്ഞു.)

അനുബന്ധം-V

പത്താം കേരള നിയമസഭ

ബിൽ നമ്പർ 229

LIBRARY ARCHIVES Kerala Legislative Assembly

2000-ത്തിലെ കേരള പോലീസ് (ഭേദഗതി)ബിൽ

1116/2010.

പത്താം കേരള നിയമസഭ

ബിൽ നമ്പർ 229

2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ബിൽ

1960-ലെ കേരള പോലീസ് ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക – 1960-ലെ കേരള പോലീസ് ആക്ട് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഒന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും ആരംഭവും – (1) ഈ ആക്റ്റിന് 2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഇത് 2000-ാമാണ്ട് ജനുവരി മാസം 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 18-ാം വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ – 1960-ലെ കേരള പോലീസ് ആക്ടിലെ (1961-ലെ 5) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 18-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

"18 എ. ചിലതരം കായിക പരിശീലനങ്ങൾക്ക് നിയന്ത്രണം :- തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും,-

(എ) ഇക്കാര്യത്തിനായി, സർക്കാർ വിജ്ഞാപനം ചെയ്ത ഒരു അധികാരസ്ഥൻ നൽകിയ ഒരു പെർമിറ്റ് കൈവശമില്ലാതെ സ്വന്തമായോ തനിക്കുവേണ്ടി മറ്റേതെങ്കിലും ആൾ മുഖേനയോ പൊതുജനങ്ങളിൽ ഒന്നോ അതിലധികമോ ആളുകൾക്ക് ആക്രമണത്തിന്റെയോ സ്വയരക്ഷയുടെയോ മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന കായികാഭ്യാസ പരിശീലനം നൽകുവാനോ; അഥവാ

(ബി) തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള ഏതെങ്കിലും പരിസരം അങ്ങനെയുള്ള പരിശീലനത്തിനുവേണ്ടി അനുവദിക്കുവാനോ അഥവാ ഇക്കാര്യത്തിൽ ഒരു പെർമിറ്റ് കൈവശമില്ലാത്ത ആരെങ്കിലും നൽകുന്ന അത്തരം പരിശീലനം സംഘടിപ്പിക്കുവാനോ അതിന് പ്രേരിപ്പിക്കുവാനോ അതിൽ പങ്കെടുക്കുവാനോ പാടുള്ളതല്ല;

എന്നാൽ 2000 ജനുവരി 18-ാം തീയതി അങ്ങനെയുള്ള പരിശീലനം നൽകുന്ന ഒരാൾ പ്രസ്തുത തീയതി മുതൽ മൂന്നു മാസത്തിനകമോ സർക്കാർ നീട്ടിക്കൊടുക്കാവുന്ന ആറ് മാസത്തിൽ കവിയാത്ത കാലയളവിലുള്ളിലോ അക്കാര്യത്തിനായി ഒരു പെർമിറ്റിന് അപേക്ഷിച്ച് വാങ്ങിയിരിക്കേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

എന്നിരുന്നാലും,-

(i) സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതോ സന്സ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ ആയ വിദ്യാഭ്യാസ സ്ഥാപനത്തിലെ പാഠ്യപദ്ധതിയുടേയോ പഠന ക്രമത്തിന്റേയോ ഭാഗമായോ; അഥവാ,

(ii) കേരള സ്പോർട്സ് കൗൺസിലിന്റെയും പൊതു വിദ്യാഭ്യാസ വകുപ്പുന്റെയും അംഗീകാരമുള്ള ഒരു ക്ലബ്ബോ അഥവാ ജിംനേഷ്യമോ, നൽകുന്ന കായിക പരിശീലനത്തിന് ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പെർമിറ്റ്, ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും അപ്രകാരമുള്ള ഫീസ് നൽകിയശേഷവും നൽകേണ്ടതാണ്.

(3) ഈ ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകളനുസരിച്ചാണ് അപ്രകാരമുള്ള പരിശീലനം നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു സബ്ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു പോലീസ് ഉദ്യോഗസ്ഥനും പരിശീലനം നടത്തുന്ന ഏതൊരു സ്ഥലത്തും സ്വതന്ത്രമായി പ്രവേശിക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടേയോ, അതിൻകീഴിൽ നൽകപ്പെട്ട പെർമിറ്റിലെ നിബന്ധനകളുടേയും ഉപാധികളുടേയുമോ ഏതെങ്കിലും ലംഘനം, 1973-ലെ ക്രിമിനൽ നടപടി നിയമത്തിന്റെ (1974-ലെ 2-ാം കേന്ദ്ര ആക്ട്) അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന വിചാരണയ്ക്കെടുക്കാവുന്നതും ജാമ്യമില്ലാത്തതുമായ കുറ്റമായിരിക്കും:

എന്നാൽ, ജില്ലാ മജിസ്ട്രേറ്റിന്റേയോ സർക്കാരിന്റെയോ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് ഏതൊരാളിനും എതിരായി യാതൊരു പ്രോസിക്യൂഷൻ നടപടിയും എടുക്കുവാൻ പാടുള്ളതല്ല.

18 ബി. പെർമിറ്റ് മുതലായവ റദ്ദ്ചെയ്യാനുള്ള അധികാരം. - 18 എ വകുപ്പിലെ (1)-ാം ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട അധികാരിക്ക്,-

(എ) അത്തരം പെർമിറ്റ് കൈവശമുള്ളയാൾ നൽകേണ്ടതായ ഏതെങ്കിലും ഫീസ് യഥാവിധി നൽകിയിട്ടില്ലെങ്കിലോ; അഥവാ

(ബി) പെർമിറ്റ് കൈവശമുള്ള ആളോ, അയാളുടെ ജോലിക്കാരനോ, അല്ലെങ്കിൽ അയാളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുമതിയോടുകൂടി അദ്ദേഹത്തിനുവേണ്ടി പ്രവർത്തിക്കുന്ന മറ്റാരെങ്കിലുമോ പ്രസ്തുത പെർമിറ്റിലെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുകയാണെങ്കിലോ; അഥവാ

(സി) അതിന്റെ കൈവശക്കാരൻ ഏതെങ്കിലും ക്രിമിനൽ കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

പ്രസ്തുത ഉപവകുപ്പിൻ കീഴിൽ നൽകിയിട്ടുള്ള ഒരു പെർമിറ്റ്, ഉത്തരവുമൂലം റദ്ദാക്കുകയോ താൽക്കാലികമായി തടഞ്ഞുവയ്ക്കുകയോ ചെയ്യാവുന്നതാണ്.

(2) "(1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ഉത്തരവിനെതിരായുള്ള ഒരപ്പീൽ, പരിശീലനം നടത്തുന്ന സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അധി

LIBRARY ARCHIVES Kerala Legislative Assembly

കാരപരിധിയുള്ള പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ മുമ്പാകെ നൽകാവുന്നതാണ്,''

3. 53 ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.- പ്രധാന ആക്ടിലെ 53 എ വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

''53 ബി. 18 എ വകുപ്പ് ലംഘിച്ചാലുള്ള ശിക്ഷ.- 18 എ വകുപ്പോ, അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ, അതിൻ കീഴിൽ നൽകിയ പെർമിറ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, മൂന്നുവർഷംവരെയാകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.''

4. 69-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്ടിന്റെ 69-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

''(സി എ) 18 എ വകുപ്പ് പ്രകാരം പെർമിറ്റ് നൽകുന്നതിനുള്ള നടപടിക്രമവും അങ്ങനെയുള്ള പെർമിറ്റിന്റെ നിബന്ധനകളും വ്യവസ്ഥകളും, പെർമിറ്റ് നൽകുന്നതിന് ഈടാക്കേണ്ട ഫീസും നർണ്ണയിക്കുക;

(സി ബി) 18 ബി വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരപ്പീൽ നൽകേണ്ട വിധവും അതിനുള്ള സമയപരിധിയും അപ്രകാരമുള്ള അപ്പീൽ തീർപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കുക;''

5. റദ്ദാക്കലും ഒഴിവാക്കലും.- (1) 2000-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2000-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായ ഏതെങ്കിലും കാര്യമോ, എടുത്തതായ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കണക്കാക്കപ്പെടേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1960-ലെ കേരള പോലീസ് ആക്ടിലെ (1961-ലെ 5) 21-ാം വകുപ്പ്, പൊതുസമാധാനവും സുരക്ഷയും കാത്തുസൂക്ഷിക്കുന്നതിനായി പൊതുസ്ഥലങ്ങളിൽ വാളുകളും മറ്റ് മാരകായുധങ്ങളും കൊണ്ടുനടക്കുന്നത് നിരോധിക്കാൻ ജില്ലാ മജിസ്ട്രേറ്റിനെ അധികാരപ്പെടുത്തുന്നു. എന്നാൽ, ആക്രമണത്തിന്റേയോ സ്വരക്ഷയുടേയോ മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന കായികാഭ്യാസ പരിശീലന ക്ലാസ്സുകൾ നിയന്ത്രിക്കുന്നതിന് ഇത് തികച്ചും നിഷ്ഫലമായി കാണുന്നു. ആകയാൽ, പൊതുസുരക്ഷ കണക്കിലെടുത്ത് അത്തരം പരിശീലനം പെർമിറ്റ് നൽകിക്കൊണ്ട് നിയന്ത്രിക്കാൻ സർക്കാർ ഉദ്ദേശിക്കുകയുണ്ടായി. ഈ ആവശ്യത്തിനായി കേരള പോലീസ് ആക്ട് ഭേദഗതി ചെയ്യേണ്ടത് ആവശ്യമായി വന്നു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2000-ത്തിലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് 2000 ജനുവരി 18-ാം തീയതി ഗവർണ്ണർ പുറപ്പെടുവിക്കുകയും 2000 ജനുവരി 18-ാം തീയതിയിലെ 95-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2000ത്തിലെ 1-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

3. മേൽപ്പറഞ്ഞ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡംമൂലം ചേർക്കാനുദ്ദേശിക്കുന്ന 18 എ വകുപ്പ്, (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം, കായിക പരിശീലനം നൽകുന്നതിന് പെർമിറ്റ് നൽകേണ്ട അധികാരസ്ഥൻ ആരാണെന്ന് വിജ്ഞാപനപ്പെടുത്താൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ പെർമിറ്റ് നൽകേണ്ടതിനുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും ഫീസുകളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിന്റെ 4-ാം ഖണ്ഡം മൂലം പ്രധാന ആക്ടിന്റെ 69-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (സി എ) ഖണ്ഡം, പെർമിറ്റ് നൽകുന്നതിനുള്ള നടപടി ക്രമവും അതിനുള്ള വ്യവസ്ഥകളും, നിബന്ധനകളും, ഫീസും നിർണ്ണയിച്ചുകൊണ്ടും, പ്രസ്തുത ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (സി ബി) ഖണ്ഡം, 18 എ വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു പെർമിറ്റ് റദ്ദാക്കുകയോ താൽക്കാലികമായി തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നതുമായ ഒരു ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിനുള്ള രീതിയും സമയപരിധിയും അങ്ങനെയുള്ള അപ്പീൽ തീർപ്പാക്കുന്നതിന് പാലിക്കേണ്ട നടപടിക്രമവും നിർണ്ണയിച്ചുകൊണ്ടും ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ചവയും ഭരണപരമായ സ്വഭാവത്തോടുകൂടിയവയുമാണ്. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയ ശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഇ.കെ. നായനാർ

(ശരിത്തർജ്ജിമ)

എസ്. ദലീലാ സോജാ,
നിയമവകുപ്പ് അഡിഷണൽ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

1960-ലെ കേരള പോലീസ് ആക്ടി (1961-ലെ 5) ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

അദ്ധ്യായം IV

പോലീസ് റഗുലേഷൻ

സമാധാന രക്ഷയ്ക്കുള്ള ചട്ടങ്ങൾ

18 പൊതു സ്ഥലങ്ങൾ മുതലായവയിൽ ഗതാഗതം ക്രമപ്പെടുത്തുന്നതിനും സമാധാനം പാലിക്കുന്നതിനും ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം.- (1) താൻ യുക്തമെന്നു വിചാരിക്കുന്ന വല്ല തദ്ദേശ പ്രദേശത്തും ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടും മുനിസിപ്പൽ അധികാരസ്ഥനോടോ മറ്റു തദ്ദേശാധികാരസ്ഥനോടോ കൂടി ആലോചിച്ചും,-

(എ) യാത്രക്കാരുടെ സാമാനങ്ങൾ വഹിക്കുന്നതിലേക്ക് പാതാറുകളിലും കടവുകളിലും കയറ്റിറക്കു സ്ഥലങ്ങളിലും ബസ് സ്റ്റാന്റുകളിലും റയിൽവേ സ്റ്റേഷനുകളിലും ജോലി ചെയ്യാമെന്നു പറയുന്ന ആളുകളെ ലൈസൻസുമൂലം അനുവദിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അപ്രകാരം ജോലിക്കാക്കപ്പെടുന്ന ആളുകളുടെ പണിക്കുള്ള കൂലി തോത് നിശ്ചയിക്കുന്നതിനും അത് നടപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനും;

(ബി) പൊതുജനങ്ങൾക്ക് അപായമോ തടസ്സമോ അസൗകര്യമോ ഉണ്ടാകാതെ തടുക്കുന്നതിലേക്കായി തെരുവീഥികളിലും പൊതുസ്ഥലങ്ങളിലും എല്ലാവിധ ഗതാഗതത്തേയും, കുതിര സവാരി ചെയ്യുകയോ വണ്ടി ഓടിക്കുകയോ സൈക്കിൾ ഓടിക്കുകയോ നടക്കുകയോ കന്നുകാലികളെ നടത്തിക്കുകയോ അവയോടുകൂടി നടക്കുകയോ ചെയ്യുന്ന ആളുകൾ തെരുവീഥികളും പൊതുസ്ഥലങ്ങളും ഉപയോഗിക്കുന്നതിനെയും ക്രമപ്പെടുത്തുന്നതിനും;

(സി) വാഹനങ്ങൾ തെരുവീഥികളിലും പൊതുസ്ഥലങ്ങളിലും ഏത് നിബന്ധനകൾക്കനുസരണമായി നിർത്താമോ അവയേയും കന്നുകാലികളെ നിർത്താവുന്ന സ്ഥലങ്ങളായി തെരുവീഥികളെ ഉപയോഗിക്കുന്നതിനെയും ക്രമപ്പെടുത്തുന്നതിനും;

(ഡി) തെരുവീഥികളിലും പൊതുസ്ഥലങ്ങളിലും വാഹനങ്ങളിൽ ഉപയോഗിക്കേണ്ട വിളക്കുകളുടെ എണ്ണവും സ്ഥാനവും നിർണ്ണയിക്കുന്നതിനും തടികൾ, ചാരത്തൂണുകൾ, കോണികൾ, ഗർഡറുകൾ, തൂലാം, അഴി, ആവിക്കിടാരങ്ങൾ അഥവാ ഒതുക്കമില്ലാത്ത മറ്റു സാമാനങ്ങൾ എന്നിവ ഇങ്ങനെയുള്ള തെരുവീഥികളിൽ കൂടി കൊണ്ടുപോകുന്നതും അപ്രകാരം കൊണ്ടുപോകേണ്ട വഴിയും സമയവും നിയന്ത്രിക്കുന്നതിനും;

(ഇ) പ്രേതങ്ങൾ കൊണ്ടുപോകാവുന്നതോ കൊണ്ടുപോകാൻ പാടില്ലാത്തതോ ആയ റോഡുകളും, സമയവും, പകർച്ചവ്യാധിയുള്ള കാലങ്ങളിൽ, അവ കൊണ്ടുപോകേണ്ടവിധവും നിർണ്ണയിക്കുന്നതിനും;

(എഫ്) ശവം അടക്കം ചെയ്യുന്നതിനുള്ള വല്ല സ്ഥലത്തോ വല്ല സത്രത്തിലോ പൊതുജനങ്ങൾ ഉപയോഗിക്കുന്ന മറ്റു സ്ഥലത്തോ ഉള്ള ആനുകൂല്യങ്ങളെയും സ്ഥലസൗകര്യത്തെയും തുല്യമായും ശരിയായും ഉപയോഗിക്കത്തക്ക രീതിയിലും അവിടെ ചെല്ലുന്ന ആളുകളുടെ ഇടയിൽ ക്രമസമാധാന

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുകൂടിയ നടത്ത പാലിക്കത്തക്ക രീതിയിലും അവ ഉപയോഗിക്കാവുന്ന സമയവും മാതിരിയും ക്രമപ്പെടുത്തുന്നതിനും;

(ജി) ജനങ്ങളുടെയോ മൃഗങ്ങളുടെയോ ഇടയിൽ ഉള്ളതോ ഉണ്ടെന്നു ശങ്കിക്കുന്നതോ ആയ സാംക്രമിക രോഗങ്ങളുടെയോ പകർച്ചരോഗങ്ങളുടേയോ കാര്യത്തിൽ വളപ്പുകളുടെ കൈവശക്കാരനും അവയിൽ പാർക്കുന്നവരും അവയെ ശുചിയാക്കുന്നതും, രോഗ വിഷപരിഹാരം ചെയ്യുന്നതും സംബന്ധിച്ചും ആ രോഗത്തെ നിരോധിക്കുന്നതിനായോ അതു പരക്കാതെ തടുക്കുന്നതിനായോ ദീനം പിടിപെട്ടവരോ പിടിപെട്ടതായി വിചാരിക്കപ്പെട്ടവരോ ആയ ആളുകളെയോ മൃഗങ്ങളെയോ അകറ്റി നിർത്തുന്നതും നിയന്ത്രിക്കുന്നതും സംബന്ധിച്ചും;

(എച്ച്) (i) പൊതുജനങ്ങൾക്ക് പ്രവേശിപ്പാനുള്ള സ്ഥലം സൂക്ഷിക്കുന്നതിനേയും;

(ii) തെരുവുകളിലും പൊതുസ്ഥലങ്ങളിലും വാദ്യം വായിക്കുന്നതിനെയും;

(iii) തെരുവിലോ പൊതുസ്ഥലത്തോ അഥവാ അവിടെ കേൾക്കത്തക്ക വിധത്തിലോ ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുന്നതിനേയും;

(iv) ഗവണ്മെന്റിന്റേയോ തദ്ദേശാധികാരസ്ഥാനങ്ങളുടെയോ ഉദ്യോഗസ്ഥൻമാരല്ലാത്ത മറ്റാരെങ്കിലും തെരുവുകളും പൊതുസ്ഥലങ്ങളും അവയിലേക്ക് ഉന്തിനിൽക്കുന്ന കെട്ടിടങ്ങളുടെ പുറംഭാഗങ്ങളും ദീപംകൊണ്ട് അലങ്കരിക്കുന്നതിനെയും;

(v) വെടിമരുന്നോ മറ്റേതെങ്കിലും സ്ഫോടക സാധനങ്ങളോ തെരുവുകളിലും പൊതുസ്ഥലങ്ങളിലുംകൂടി കൊണ്ടുപോകുന്നതിനേയും;

(vi) പാറ പൊട്ടിക്കുന്നതിനേയും; ലൈസൻസിന് വിധേയമാക്കുകയോ നിയന്ത്രിക്കുകയോ വഴിയാത്രക്കാർക്കോ സമീപവാസികൾക്കോ തടസ്സമോ അസൗകര്യമോ ഉപദ്രവമോ അപകടസാദ്ധ്യതയോ അപായമോ ഹാനിയോ തടയുന്നതിനുവേണ്ടി നിരോധിക്കുകയോ ചെയ്യുന്നതിനും,

(ഐ) പൊതുജന സങ്കേതങ്ങളിലോ ആളുകൾ കൂടുന്ന സ്ഥലങ്ങളിലോ പ്രവേശനമാർഗ്ഗങ്ങളും ബഹിർഗമനമാർഗ്ഗങ്ങളും ക്രമപ്പെടുത്തുകയും പൊതുജനരക്ഷയ്ക്കും അവയിൽ സമാധാനലംഘനം തടയുന്നതിനും വ്യവസ്ഥ ചെയ്തും;

(ജെ) പൊതുജന സങ്കേതങ്ങളിലോ പൊതുജനങ്ങൾ കൂടുന്നിടത്തോ പൊതുവാഹനങ്ങളിലോ വച്ച് പുകവലിക്കുന്നതു ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യുന്നതിനും ഈ ആക്റ്റിന് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ അതതു കാലം ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും ഗസറ്റിലും പബ്ലിക് നോട്ടീസുകൾ പരസ്യപ്പെടുത്തുന്നതിന് ഈ ആക്റ്റുമൂലം നിർണ്ണയിച്ചിട്ടുള്ള രീതിയിലും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

** ** ** ** **

53. <u>പോലീസ് ആഫീസർമാരെ സേവനത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിന് പ്രേരിപ്പിച്ചാലും മറ്റുമുള്ള ശിക്ഷ</u> - ആരെങ്കിലും പോലീസ് സേനയിലുള്ള ഏതെങ്കിലും അംഗത്തെ അയാളുടെ സേവനത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനോ, അച്ചടക്കം ലംഘിക്കുന്നതിനോ പ്രേരിപ്പിക്കുകയോ, പ്രേരിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് ശ്രമിക്കുകയോ പ്രേരിപ്പിക്കാനിട നൽകുമെന്ന് തനിക്ക് അറിയാവുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നപക്ഷം അയാൾക്ക് കുറ്റസ്ഥാപനത്തിൻമേൽ, ആറുമാസത്തോളം വരുന്ന തടവോ ഇരുന്നൂറു രൂപയോളം വരുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ നൽകേണ്ടതാണ്.

53എ. മോഷ്ടിക്കപ്പെട്ടുവെന്ന് വിശ്വസിക്കുന്ന വസ്തു കൈവശം വയ്ക്കുന്നതിനുള്ള ശിക്ഷ - മോഷ്ടിച്ചതാണെന്നോ, കപട മാർഗ്ഗത്തിലൂടെ സമ്പാദിച്ചതാണെന്നോ വിശ്വസിക്കുവാൻ കാരണമുള്ളതായ ഏതെങ്കിലും വസ്തു കൈവശമുണ്ടെന്ന് കാണപ്പെടുകയോ തെളിയിക്കപ്പെടുകയോ, അത് കൈവശമുള്ളതിന് തൃപ്തികരമായ കാരണം കാണിക്കുവാൻ പരാജയപ്പെടുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, നൂറു രൂപയിൽ കവിയാത്ത പിഴയോ, മൂന്നുമാസം വരെയാകാവുന്ന തടവോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാൻ അർഹനായിരിക്കുന്നതാണ്.

69. ചട്ടങ്ങൾ ഉണ്ടാക്കുവാൻ ഗവണ്മെന്റിന് അധികാരം - (1) (എ) ഈ ആക്റ്റിനാലോ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചോ മജിസ്ട്രേറ്റുമാരുടേയും പോലീസ് ആഫീസർമാരുടേയും മേൽ ചുമത്തപ്പെട്ടിരിക്കുന്ന വല്ല കൃത്യവും നിർവഹിക്കുന്നതിൽ അവർ അനുവർത്തിക്കേണ്ട നടപടി ക്രമപ്പെടുത്തുന്നതിനും;

(ബി) ഇൻഡ്യൻ പോലീസ് സേനയിലെ അംഗങ്ങൾ അല്ലാത്ത പോലീസ് ഉദ്യോഗസ്ഥൻമാരുടെ നിയമനവും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്നതിനും;

(സി) ഈ ആക്റ്റനുസരിച്ച് കിട്ടാനായി ആവശ്യപ്പെട്ടിട്ടുള്ളതോ അപേക്ഷിച്ചിട്ടുള്ളതോ ആയ വല്ല ലൈസൻസിനോ അനുമതിക്കോ ഏതു നടപടിക്രമം അനുസരിച്ച് അപേക്ഷിക്കേണ്ടതായിരിക്കുന്നുവോ ആ നടപടിക്രമം നിർണ്ണയിക്കുന്നതിനും, അപ്രകാരമുള്ള ലൈസൻസിനോ അനുമതിക്കോ ചുമത്തേണ്ട ഫീസ് നിശ്ചയിക്കുന്നതിനും;

(ഡി) പൊതുവെ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനും, ഗവണ്മെന്റിന്, ഗസറ്റിൽ പരസ്യംമൂലം ഈ ആക്റ്റിന് അനുയോജ്യമായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പനുസരിച്ച് ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നതും വേഗത്തിൽ പതിനാലു ദിവസത്തിൽ കുറയാതെ നിയമസഭ മുൻപാകെ വെയ്ക്കേണ്ടതും, അപ്രകാരം ലഭിച്ചിട്ടുള്ള സമ്മേളനത്തിലോ അതിനു തൊട്ടടുത്ത സമ്മേളനത്തിലോ റദ്ദാക്കിക്കൊണ്ടോ ഭേദഗതി ചെയ്തുകൊണ്ടോ നിയമസഭ വരുത്തുന്ന മാറ്റങ്ങൾക്ക് അവ വിധേയമായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - VA

Tenth Kerala Legislative Assembly
Bill No. 229

The Kerala Police (Amendment) Bill, 2000

LIBRARY ARCHIVES Kerala Legislative Assembly

1116/2010.

Tenth Kerala Legislative Assembly
Bill No. 229

The Kerala Police (Amendment) Bill, 2000

A

Bill

Further to amend the Kerala Police Act, 1960.

Preamble – WHEREAS, it is expedient further to amend the Kerala Police Act, 1960, for the purposes hereinafter appearing;

BE it enacted in the Fifty- First year of the Republic of India, as follows:-

1. Short title and commencement – (1) This Act may be called the Kerala Police (Amendment) Act, 2000.

(2) It shall be deemed to have come into force on the 18th day of January, 2000.

2. Insertion of new section after section 18 – After section 18 of the Kerala Police Act, 1960 (5 of 1961) (hereinafter referred to as the principal Act), the following sections shall be inserted, namely:-

"*18A Regulation of certain physical training*- (1) Notwithstanding anything contained in any other law for the time being in force, no person shall,-

(a) by himself or by any person on his behalf, impart training to any member or members of public in any physical activity involving methods of attack or self- defence unless he holds a permit in this behalf issued by an authority notified by the Government; or

(b) permit the use of any premises, owned or possessed by him, for such training or organise, abet or participate in such training, as may be imparted by any person who does not hold a permit in that behalf:

Provided that a person imparting such training on 18th january, 2000 shall apply for and obtain a permit therefor, within three months from the said date or within such period, as may be extended by the Government; which shall not exceed six months:

Provided further that the provisions of this sub- section shall not apply to any training imparted by –

LIBRARY ARCHIVES Kerala Legislative Assembly

(i) an educational institution, owned or controlled by the Government or affiliated to any University in the State, as part of the curriculam or course of study; or

(ii) a club or gymnasium recognised by the Kerala Sports Council and the General Education Department.

(2) The permit under sub-section (1) shall be issued subject to such conditions and restrictions and on payment of such fees as may be prescribed by rules.

(3) Any Police Officer, not below the rank of a Sub- Inspector, shall have free access to any place of training to ensure that such training is conducted in accordance with this Act and the rules made thereunder.

(4) Any contravention of the provisions of sub- section (1) or of the terms and conditions of a permit issued thereunder shall be cognizable and non- bailable offence within the meaning of the code of criminal procedure 1973 (Central Act 2 of 1974):

Provided that no prosecution shall be instituted against any person in respect of any offence under sub-section (1), without the previous sanction of the District Magistrate or Government.

18B Power to cancel permit etc – (1) The authority notified under sub section (1) of section 18A may, by order, cancel or suspend a permit granted under the said sub- section,-

(a) if any fee payable by the holder of such permit is not duly paid; or

(b) in the event of any breach by the holder of such permit or by his servant or by anyone acting with his express or implied permission on his behalf, of any of the terms and conditions of such permit; or

(c) if the holder thereof is convicted of any criminal offence.

(2) An appeal against an order under sub- section (1) shall lie to the Deputy Inspector General of Police having jurisdiction over the area where the place of training is situated".

3. Insertion of new section 53B – After section 53A of the principal Act, the following section shall be inserted, namely: -

53B. *Penalty for contravention of section 18A* – Whoever contravenes section 18A or the rules made thereunder or any of the conditions of the permit issued thereunder shall, on convicton, be liable to imprisonment for a term which may extend to three years or to fine which may extend to five thousand rupees or to both".

4. *Amendment to section 69.- In sub* – section (1) of section 69 of the principal Act, after clause (c), the following clauses shall be inserted, namely:-

LIBRARY ARCHIVES Kerala Legislative Assembly

"(ca) Prescribe the procedure for the grant of permit under secion 18A, the terms and conditions of such permit and the fee to be levied for granting such permit;

(cb) prescribe the manner in which and the time within which an appeal under sub-section (2) of section 18B may be filed and the procedure to be followed for the disposal of such appeal".

5. *Repeal and saving* – (1) The Kerala Police (Amendment) Ordinance, 2000 (1 of 2000), is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said ordinance shall be deemed to have been done or taken under the principal Act as amended by this Act.

STATEMENT OF OBJECTS AND REASONS

Section 21 of the Kerala Police Act, 1960 (5 0f 1961), empowers the District Magistrate to prohibit carrying of swords and other offensive weapons in any public place in the interest of preservaion of public peace and safety. But the same was found quite ineffective in regulating training classes in physical activities involving methods of attack or self defence. Hence considering the public safety, Government propose to regulate such training by issuing permits. For this purpose amendments to the Kerala Police Act was necessary.

As the Llegistative Assembly of the State of Kerala was not in session and as the proposal had to be given effect to immediately, the Kerala Police (Amendment) Ordinance, 2000, was promulgated by the Governor on the 18the day of January, 2000 and the same was published as Ordinance No. 1 of 2000 in the Kerala Gazette Extraordinary No. 95 dated the 18the January, 2000.

The Bill seeks to replace the said ordinance by an Act of the State Legislature.

FINANCIAL MEMORANDUM

The Bill, if enacted and brought into operation would not involve any expenditure from the Consolidated Fund of the State.

MEMORANDUM REGARDING DELEGATED LEGISLATION

Clause (a) of sub – section (1) of section 18A proposed to be inserted by clause 2 of the Bill empowers the Government to notify the authority to issue permit to impart physical training.

LIBRARY ARCHIVES Kerala Legislative Assembly

2. Sub-Section (2) of the said Section empowers the Government to make rules prescribing the conditions and restrictions and fees upon which a permit is to be issued under sub-section (1)

3. Clause (ca) proposed to be inserted in sub-section (1) of section 69 of the principal Act by clause 4 of the bill empowers the Government to make rules prescribing the procedure for the grant of permit, the terms and conditions and fee for granting such permit and clause (c b) proposed to be inserted in the said sub section empowers the Goverment to make rules prescribing the manner in which and the time within which an appeal against an order of cancellation or suspension of a permit under sub-section (1) of section 18A and the procedure to be followed for the disposal of such appeal.

The matters in respect of which rules may be made are matters of procedure and are of administrative in nature. Further, the rules, after they are made are subject to scrutiny by the Legislative Assembly. The delegation of Legislative Powers is, thus, of a normal character.

E.K. NAYANAR.

EXTRACTS FROM THE KERALA POLICE ACT, 1960
(5 of 1961)

** ** ** **

Chapter IV
POLICE REGULATION

Rules for Preservation of Order

18. *Powers to make rules for regulation of traffic and for preservation of order in public places etc.*- (1) In any local area in which he thinks fit, the District Magistrate, with the previous sanction of the Government and in consultation with the municipal or other local authority may, from time to time, make rules not inconsistent with this Act, for-

(a) licensing and controlling persons offering themselves for employment at quays, wharves, landing places, bus stands and railway stations, for the carriage of passenger's baggage and fixing and providing for the enforcement of a scale of charges for the labour of such persons so employed;

LIBRARY ARCHIVES Kerala Legislative Assembly

(b) regulating traffic of all kinds in streets and public places and the use of streets and public places by persons riding, driving, cycling, walking or leading or accompanying cattle so as to prevent danger, obstraction or inconvenience to the public;

(c) regulating the condition under which vehicles may be parked in streets and public places and the use of streets as halting places for cattle;

(d) prescribing the number and position of lights to be used on vehicles in streets and public places and regulating and controlling the conveying of timber, poles, ladders, girders, beams or bars, boilers or other unwieldy articles through the streets and the route and hours for such conveyance;

(e) Prescribing the roads along which, the hours during which and in times of epidemic, the manner in which, corpses may, or may not be carried;

(f) regulating the hours during which and the manner in which any place for the disposal of the dead or any chathram or other place of public resort may be used so as to secure the equal and appropriate application of its advantages and accommodation to maintain orderly conduct, among those who resort thereto;

(g) in cases of existing or apprehended epidemic or infectious disease men or animal, maintaining cleanliness and disinfection of premised by the occupier thereof and residents therein, and the segregation and management of the persons or animals diseased or supposed to be diseased, with a view to prevent the disease or to check the spreading thereof;

(h) licensing, controlling or, in order to prevent the obstruction, inconvenience, annoyance, risk danger or injury to passers by or the residents in the vicinity, prohibiting-

(i) the keeping of places of public resort;

(ii) the playing of music in streets and pubic places;

(iii) the operation of loud speakers in or within hearing of a street of public place.

(iv) the illumination of streets and public places and the exteriors of buildings abutting thereon by persons other than the officers of the Government or local authorities;

(v) the carrying in the streets and public places of gunpowder or any other explosive substances; and

(vi) the blasting of rocks

(i) regulating the means of entrances and exit at places of public resort or public assembly and providing for the maintenance of public safety and the prevention of disturbance therein;

LIBRARY ARCHIVES Kerala Legislative Assembly

(j) regulating or prohibiting smoking at places of public resort of public assembly or in public conveyances.

(2) Every rule made under this section shall be published in the Gazette and in the manner prescribed by this act for the publication of public notices.

** ** ** **

53. Penalty *for inducing Police officers to with hold service etc.* – whoever induces or attempts to induce or does any act which he knows is likely to induce, any members of the police force to withhold his services or to commit a breach of discipline shall on conviction be punished with imprisonment which may extend to six months or with fine which may extend to two hundred rupees or with both.

53 A. *Penalty for possession of property believed to have been stolen-* However is found in possession or is proved to have been in possession of anything which there is reason to believe to be stolen property or property fraudulently obtained and for the possession of which he fails satisfactorily to account, shall on conviction be liable to fine not exceeding one hundred rupees or to imprisonment for a term which may extent to three months or to both.

** ** ** **

69. *Power of Government to make rules* – (1) The Government may, by notification in the Gazette, make rules consistent with this Act to –

(a) regulate the procedure to be followed by Magistrates and police officers in the discharge of any duty imposed upon them by or under the provisions of this Act;

(b) regulate the recruitment and conditions of service of police officers other than the members of the Indian Police service;

(c) Prescribe the procedure in accordance with which any licence or permission sought to be obtained or required under this Act should be applied for and fix the fees to be charged for any such licence or permission; and

(d) give effect to the provisions of this Act generally.

(2) All rules made under this section shall be laid before the legislative Assembly for not less than fourteen days, as soon as possible after they are made and shall be subject to such modifications, whether by way of repeal or amendment as the Assembly may make during the session in which they are so laid or the session immediately following.

LIBRARY ARCHIVES Kerala Legislative Assembly